2013

# ബിലീവേഴ്സ് ജേണൽ

സെപ്റ്റംബർ 10 | ക്രൈസ്തവ ലോകത്തെ വേറിട്ട ശബ്ദം... | വാല്യം 06 ലക്കം 17

RNI. NO. KERMAL/2008/26530 | POSTAL Reg. No. KL/TLA 225/2012 - 14 | Annual Subscription Rs.150/- | Pages:12

# അഭിപ്രായ വോട്ടെടുപ്പ് ഫലപ്രഖ്യാപനം സെപ്റ്റംബർ 25




## സെപ്റ്റം. 20ന് വോട്ടെടുപ്പ് അവസാനിക്കും

ചർച്ച് ഓഫ് ഗോഡ് കേരളാ സ്റ്റേറ്റിൽ അടുത്ത ഓവർസിയർ ആരായിരിക്കും എന്നതുമായി ബന്ധപ്പെട്ട് ബിലീവേഴ്സ് ജേണൽ നടത്തുന്ന അഭിപ്രായ വോട്ടെടുപ്പ് സെപ്റ്റംബർ 20ന് അവസാനിക്കും. സെപ്റ്റംബർ 25ന് ഫലപ്രഖ്യാപനം ഉണ്ടാകും. നൂറുകണക്കിന് വായനക്കാരാണ് വോട്ടെടുപ്പിൽ ആവേശപൂർവ്വം പങ്കെടുത്തുകൊണ്ടിരിക്കുന്നത്.

ഓവർസിയർ സ്ഥാനത്തേക്ക് 2 വർഷത്തിലൊരിക്കൽ പ്രിഫറൻസ് ബാലറ്റ് നടത്തും എന്നാണ് ഏഷ്യൻ സൂപ്രണ്ട് റവ. ഹെപ്നർ പ്രഖ്യാപിച്ചത്. അത് നടപ്പിലാകുകയാണെങ്കിൽ ഈ ജനുവരിയിൽ ഇലക്ഷൻ നടക്കും. എന്നാൽ ഭരണത്തിലെ പാളിച്ചകളും സ്വജന പക്ഷവാതവും കഴിവില്ലായ്മയും നിമിത്തം ജനപിന്തുണ ഏറെ കുറഞ്ഞിരിക്കുന്ന റവ. പി. ജെ. ജെയിംസ് ഭരണം ഏതു വിധേയനേയും നിലനിർത്തുവാനുള്ള ശ്രമത്തിലാണ്. അതിന്റെ ഭാഗമായി ഹെപ്നറെ സ്വാധീനിച്ച് പ്രിഫറൻസ് ബാലറ്റ് മാറ്റി വെയ്ക്കുവാൻ സാധ്യത ഏറെയാണ്. നിയമലംഘനത്തിലൂടെ പി. ജെ. ജെയിംസിനെ അധികാരത്തിലെത്തിച്ച ഹെപ്നർ ഇക്കാര്യത്തിൽ പി. ജെ. ജെയിംസിനെ തുണയ്ക്കുവാൻ എത്തിയേക്കാം. എന്നാൽ വേൾഡ് മിഷനെ സമീപിക്കുവാനാണ് പി. ജെ. ജെയിംസ് വിരുദ്ധവിഭാഗത്തിന്റെ നീക്കം.

കേരളം ഒട്ടാകെ ഏരിയാ സമ്മേളനങ്ങൾ നടത്തി തനിക്കെതിരെ ഉയർന്ന ആരോപണങ്ങളെ പ്രതിരോധിക്കുവാൻ പി. ജെ. ജെയിംസ് ശ്രമിച്ചുവെങ്കിലും അമ്പേ പരാജയപ്പെട്ടു എന്നാണ് റിപ്പോർട്ടുകൾ സൂചിപ്പിക്കുന്നത്. മുൻ ഓവർസിയർമാരെ പരിഹസിച്ചും മാധ്യമങ്ങളെ പുച്ഛിച്ചും വെല്ലുവിളിച്ചും കുക്ക് സായ്പിനുശേഷം ചർച്ച് ഓഫ് ഗോഡിന് ഇത്രയും പ്രയോജനമുണ്ടാക്കിയ ആരും ഉണ്ടായിട്ടില്ലെന്ന് സ്വയം പുകഴ്ത്തിയും നടത്തിയ സമ്മേളനങ്ങൾക്ക് നിലവാരം ഇല്ലായിരുന്നുവെന്ന് പങ്കെടുത്തവർ അഭിപ്രായപ്പെട്ടു.

മാധ്യമങ്ങൾക്കെതിരെ കേസുകൊടുക്കുവാൻ ശുശ്രൂഷകരെ പ്രോത്സാഹിപ്പിക്കുന്ന നിലയിൽ നടത്തിയ പ്രസ്താവനകൾ ശുശ്രൂഷകരുടെ ഇടയിൽ അതൃപ്തി വർദ്ധിപ്പിക്കുകയാണ് ചെയ്തിരിക്കുന്നത്.

റോബർട്ട് ഫെലിക്സ് കുക്ക് ശതാബ്ദി സമ്മേളനം വിജയിപ്പിക്കുന്നതിന് ആത്മാർത്ഥമായ ശ്രമം റവ. പി. ജെ. ജെയിംസിന്റെ ഭാഗത്തുനിന്ന് ഉണ്ടാകുന്നില്ല എന്ന പരാതിയും ഉയർന്നുകഴിഞ്ഞു. സ്വജന പക്ഷപാതം, അഴിമതിക്കാരെ സംരക്ഷിക്കൽ, വഴി വിട്ട നിയമനങ്ങൾ ഇവയെല്ലാം ഓവർസിയരുടെ ജനപിന്തുണ കുറച്ച ഘടകങ്ങളാണ്. ഏറെ പ്രതീക്ഷയോടെ കസേരയിൽ ഇരുത്തിയവരെ നിരാശപ്പെടുത്തുന്ന പ്രകടനമാണ് താൻ നടത്തുന്നത്.

നിലവിലെ അസിസ്റ്റന്റ് ഓവർസിയറും അധ്യാപകനും എഴുത്തുകാരനുമായ പാസ്റ്റർ പി. ജി. മാത്യൂസിന് ഓവർസിയർ സ്ഥാനത്തേക്ക് ഒരവസരം നൽകണം എന്ന് ചിന്തിക്കുന്നവർ ഏറെയാണ്. മുൻ വൈ. പി. ഇ. പ്രസിഡന്റും ഐ. സി. റ്റി. എസ് അഡ്മിനിസ്ട്രേറ്ററുമായിരുന്ന റവ. സി. സി. തോമസ് കേരളത്തിലേക്ക് മടങ്ങി വരണമെന്ന് ആഗ്രഹിക്കുന്നവർ ധാരാളം. പ്രസംഗകനും ഊർജ്ജസ്വലനുമായ പാസ്റ്റർ പി. സി. ചെറിയാൻ ഓവർസിയർ ആയാൽ സഭയ്ക്ക് പുതിയ മുഖഛായ ലഭിക്കും എന്ന് ചിന്തിക്കുന്നവരും വളരെ. ഇവരിൽ ആർക്കാണ് ജനപിന്തുണ എന്ന് അറിയുവാൻ ഒരു ലക്കംകൂടി കാത്തിരിക്കുക.

**ഇവരിൽ ആര്?**

1) പാസ്റ്റർ പി. ജി. മാത്യൂസ്
2) പാസ്റ്റർ പി. സി. ചെറിയാൻ
3) പാസ്റ്റർ സി. സി. തോമസ്
4) പാസ്റ്റർ ജോ കുര്യൻ
5) പാസ്റ്റർ ബെൻസൻ മത്തായി

എസ്. എം. എസ്.
അയ്ക്കേണ്ട നമ്പർ: 9447368795

ബിലീവേഴ്സ് ജേണൽ
പി. ഒ. ബോക്സ് നമ്പർ 31
മഞ്ഞാടി പി. ഒ., തിരുവല്ല – 689 105
Email: beljourn@gmail.com

ഫലപ്രഖ്യാപനം സെപ്റ്റംബർ 25ന്

## പാ. തോമസ് എം. പുളിവേലിൽ ചർച്ച് ഓഫ് ഗോഡ് സ്റ്റേറ്റ് സെക്രട്ടറി



**മുളക്കുഴ:** ചർച്ച് ഓഫ് ഗോഡ് ഇൻ ഇൻഡ്യ സംസ്ഥാന കൗൺസിൽ സെക്രട്ടറിയായി പാ. തോമസ് എം പുളിവേലിൽ തെരഞ്ഞെടുക്കപ്പെട്ടു. സ്റ്റേറ്റ് സെക്രട്ടറിയായി തെരഞ്ഞെടുക്കപ്പെട്ട പാ. തോമസ് പുളിവേലിൽ ചർച്ച് ഓഫ് ഗോഡ് അഖിലേന്ത്യ ഗവേർണിംഗ് ബോഡി മെമ്പറായും ഡിസ്ട്രിക്ട് പാസ്റ്ററായും പ്രവർത്തിച്ചു വരുന്നു. ഇരവിപേരൂർ സഭാ ശുശ്രൂഷകനാണ്.

## എ.ജി. മലയാളം ഡിസ്ട്രിക്റ്റ് സി.എ. ക്യാമ്പ് തേക്കടിയിൽ

**കുമളി:** അസംബ്ലീസ് ഓഫ് ഗോഡ് മലയാളം ഡിസ്ട്രിക്റ്റ് യുവജന (സി.എ) ക്യാമ്പ് സെപ്റ്റംബർ 16 മുതൽ 18 വരെ കുമിളി ഹോളിഡേ ഹോമിൽ നടക്കും. സി.എ. പ്രസിഡന്റ് പാസ്റ്റർ ബിനു ജോസഫ് ഉദ്ഘാടനം ചെയ്യും. പാസ്റ്റർമാരായ സെബാസ്റ്റ്യൻ ദേവസ്യാ, നിറ്റ്സൺ കെ. വർഗീസ്, ജോസ് തോമസ്, പ്രഭാ ടി. തങ്കച്ചൻ, സുവി. ഷാജൻ ജോൺ ഇടയ്ക്കാട് തുടങ്ങിയവർ ക്ലാസ്സുകൾക്ക് നേതൃത്വം നൽകും. സമാപന സമ്മേളനത്തിൽ സഭാ സെക്രട്ടറി റവ. ബാബു ജോർജ് മുഖ്യസന്ദേശം നൽകും. ബൈബിൾ ക്ലാസ്സ്, ഗ്രൂപ്പ് ചർച്ച, കൗൺസിലിംഗ്, മിഷൻ ചലഞ്ച് പ്രേയ്സ് & വർഷിപ്പ്, പൊതുയോഗം, കാത്തിരിപ്പ് യോഗം, എന്നിവ ക്യാമ്പിന്റെ പ്രത്യേകതയാണ്. ക്യാമ്പിനോടനുബന്ധിച്ച് 17 ന് വൈകിട്ട് 4 ന് കുമളി ടൗണിൽ റാലിയും പരസ്യയോഗവും നടക്കും. ഡിസ്ട്രിക്ടിന്റെ വിവിധ ഭാഗങ്ങളിൽനിന്നും 700 ലധികം പേർ പങ്കെടുക്കുമെന്ന് പ്രതീക്ഷിക്കുന്നതായി ഭാരവാഹികൾ അറിയിച്ചു. അംബാസിഡർ വോയ്സ് ഗാനങ്ങൾ ആലപിക്കും.

### സാക്ഷി



ഇവൻ (യേശുക്രിസ്തു) എത്ര മഹാനെന്നു നോക്കുവീൻ
– പൗലോസ്

ഞാൻ എത്ര മഹാനെന്നു നോക്കുവീൻ.
– വർത്തമാനകാല പെന്തക്കോസ്ത് നേതാവ്

## സൗത്തിന്ത്യാ അസംബ്ലീസ് ഓഫ് ഗോഡ് കോൺഫ്രൻസ് കോഴിക്കോട് ഒരുങ്ങുന്നു



ഡോ. ഡേവിഡ് ഗ്രാന്റ്



ഡൈ്വറ്റ് സൂററ്റ്



വി.റ്റി. ഏബ്രഹാം

**കോഴിക്കോട്:** എസ്.ഐ.ഏ.ജി പ്രതിനിധികളെ വരവേൽക്കാനായി കോഴിക്കോട് പട്ടണം തയ്യാറായി. ദക്ഷിണേന്ത്യയിലെ ഔട്ട് സ്റ്റേഷനുകൾ ഉൾപ്പെടെയുള്ള 5500 ഓളം സഭകളിൽ നിന്നായി നൂറുകണക്കിന് പ്രതിനിധികൾ കോൺഫ്രൻസിനെത്തും. സെപ്റ്റംബർ 24–26 വരെ കോഴിക്കോട് ടാഗോർ സെന്റനറി ഹോളിലാണ് സമ്മേളനം നടക്കുന്നത്.

"കിംഗ്ഡം അഡ്വാൻസ്മെന്റ്" എന്നതാണ് സമ്മേളന തീം. റവ. ഡൈ്വറ്റ് സൂററ്റ്, ഡോ. ഡേവിഡ് ഗ്രാന്റ്, എസ്.ഐ.എ.ജി സൂപ്രണ്ട് റവ.വി.റ്റി.ഏബ്രഹാം എന്നിവരാണ് മുഖ്യ പ്രസംഗകർ. സമ്മേളനത്തോടനുബന്ധിച്ച് രണ്ടു വർഷത്തെ പ്രവർത്തന റിപ്പോർട്ടും, കണക്കുകളും അവതരിപ്പിക്കും. അതിന് ശേഷമാണ് അടുത്ത രണ്ടു വർഷത്തേയ്ക്കുള്ള ഭാരവാഹികളെ തെരഞ്ഞെടുക്കുക.

സൗത്തിന്ത്യയിലെ 8 ഡിസ്ട്രിക്ടുകളിലായി 6 ലക്ഷത്തോളം വിശ്വാസികളാണ് എ.ജി യ്ക്കുള്ളത്. മഹാരാഷ്ട്ര, മഹാരാഷ്ട്രാ വെസ്റ്റേൺ, കർണ്ണാടക-ഗോവ, ആന്ധ്ര, മലയാളം, മലബാർ, സതേൺ, തമിഴ്നാട് എന്നിവയാണ് ഡിസ്ട്രിക്ടുകൾ. ഇതിൽ നാൽപതിനായിരം വിശ്വാസികളുള്ള തമിഴ്നാട്ടിലെ ഡി.മോഹന്റെ സഭയുൾപ്പെടെ 5000-ത്തിന്മേൽ വിശ്വാസികളുള്ള നിരവധി സഭകളും ഉൾപ്പെടും.

1860-ലെ സൊസൈറ്റി ആക്ടനുസരിച്ച് 1951 ആഗസ്റ്റ് 17-ന് 2701/1951 നമ്പരായി മുംബൈയി

12

## ഐ. പി. സി. സണ്ടേസ്കൂൾസ് അസോസിയേഷൻ ജനറൽ ക്യാമ്പ്

ഐ. പി. സി. സണ്ടേസ്കൂൾസ് അസോസിയേഷൻ ജനറൽ ക്യാമ്പ് സെപ്റ്റംബർ 19–21 വരെ പെരുമ്പാവൂർ കീഴില്ലം ബൈബിൾ സെമിനാരിയിൽ. സണ്ടേസ്കൂൾ അസോസിയേഷന്റെ ചരിത്രത്തിൽ അനേക വർഷങ്ങൾക്കുമുമ്പ് ഒരു ജനറൽ ക്യാമ്പ് നടന്നിരുന്നു. ഇപ്പോഴത്തെ ഭരണസമിതി പുതിയ ദർശനത്തോടെ കുട്ടികൾക്കായുള്ള വിവിധ പരിപാടികളോടെ മൂന്നു ദിവസത്തെ ക്യാമ്പാണ് സംഘടിപ്പിക്കുന്നത്. ക്യാമ്പ് ദിനത്തിൽ തന്നെ അദ്ധ്യാപക പരിശീലന പരിപാടിയും നടക്കും.

ബിലീവേഴ്സ് ജേണൽ

പത്രാധിപ സമിതി

രക്ഷാധികാരി
റവ. ജോർജ്ജ് വി. മേക്കാട്ട്

ചീഫ് എഡിറ്റർ
പാസ്റ്റർ സാംകുട്ടി മാത്യു

മാനേജിംഗ് എഡിറ്റർ
എം.വി. ഫിലിപ്പ്

ഗൾഫ് എഡിറ്റർ
പാസ്റ്റർ ബിജു ജോയി

കോർഡിനേറ്റർ
പാസ്റ്റർ കെ. ജെ. മാത്യു

യു. എ. ഇ. കോർഡിനേറ്റർ
റെഞ്ചി ചരളേൽ

മലബാർ കോർഡിനേറ്റർ
പാസ്റ്റർ സജി നെടുങ്കണ്ടം



**ബിലീവേഴ്സ് ജേണൽ**

വാർഷിക വരിസംഖ്യ

ഇന്ത്യയിൽ: 150 രൂപ

യു.എസ്.എ. & കാനഡ: $ 40

യു.കെ: £ 20

ഗൾഫ് രാജ്യങ്ങൾ: 1500 രൂപ

**വരിസംഖ്യ അയയ്ക്കേണ്ട വിലാസം**

ബിലീവേഴ്സ് ജേണൽ
P.O.Box:31
Manjadi .P.O.,
Thiruvalla - 689 105
Kerala, India

Mob: 9447368795 (INDIA)

E- mail
beljourn@gmail.com

Website
www.beljourn.in
www.bjournal. Org



**അറിയിപ്പ്**

ബിലീവേഴ്സ് ജേണലിൽ വരുന്ന ലേഖനങ്ങളിലെയും പതിവു പംക്തികളിലെയും ആശയങ്ങളുടെയും അഭിപ്രായങ്ങളുടെയും ഉത്തരവാദിത്വം എഴുത്തുകാർക്കുമാത്രമാണ്.

പത്രാധിപർ


# ഭരണകർത്താവ് ജനനന്മ ലാക്കാക്കണം




ഒരു ഭരണകർത്താവ് എപ്പോഴും തന്റെ ജനത്തിന്റെ നന്മ ലക്ഷ്യമാക്കി പ്രവർത്തിക്കുന്നവനാകണം. പ്രജകളുടെ തോളിൽ ഭാരം ഉള്ള നുകവും തലയിൽ വലിയ ചുമടും വെച്ച് അവരെ ഞെരുക്കുന്നവനല്ല ഉത്തമനായ ഒരു ഭരണാധികാരി. ഇന്ന് ഭാരതത്തിലെ ജനങ്ങൾ പ്രത്യേകിച്ച് കേരളക്കാർ വിലക്കയറ്റം മൂലം ജനജീവിതം ദുസ്സഹമായിരിക്കുന്ന അവസ്ഥയിലാണ്. ജനങ്ങൾക്ക് ആശ്വാസം പകരേണ്ടവർ അവരുടെമേൽ കൂടുതൽ ഭാരം കയറ്റിവയ്ക്കുകയാണ്. അഴിമതിയും ഭരണത്തിലെ പോരായ്മകളും ജനജീവിതം ദുസ്സഹമാക്കിയിരിക്കുന്നു. ഇടനിലക്കാരും ഉദ്യോഗസ്ഥരും രാഷ്ട്രീയക്കാരുമെല്ലാം കൂടി കേരളത്തെ കുട്ടിച്ചോറാക്കുന്നു എന്നതാണ് യാഥാർത്ഥ്യം.

സംസ്ഥാനത്തിന്റെ പുരോഗതിയെക്കുറിച്ച് ദൂരക്കാഴ്ചയില്ലാത്ത ഭരണക്കാരും എന്തിനും ഏതിനും എതിർപ്പുമായി തെരുവിൽ ഇറങ്ങുന്ന രാഷ്ട്രീയക്കാരും കേരളത്തിന്റെ വളർച്ചയെ പിന്നോട്ടടിക്കുന്നു. മറ്റു സംസ്ഥാനങ്ങളിലെല്ലാം വിശാലമായ റോഡുകൾ ഉണ്ടാകുമ്പോൾ പൂർണ്ണമായ നിലയിൽ സഞ്ചാരയോഗ്യമായ ഒരു റോഡുപോലും നമുക്കില്ലായെന്നത് എത്ര പരിതാപകരമാണ്. എല്ലാ സംസ്ഥാനത്തും അറുപത് മീറ്റർ വീതിയിൽ ദേശീയ പാതകൾ ഉണ്ടാകുമ്പോൾ കേരളത്തിലെ പ്രത്യേക സാഹചര്യത്തിൽ നാല്പത്തഞ്ച് മീറ്റർ ആക്കിയിട്ടും അതിനെയും എതിർക്കുകയാണ് രാഷ്ട്രീയക്കാർ. 60ഉം 45ഉം 30 ഉം എന്നൊക്കെ തർക്കിക്കുമ്പോൾ 20 മീറ്ററെങ്കിലും ഉള്ള നല്ലറോഡുകൾ മതിയായിരുന്നുവെന്നാണ് സാധാരണക്കാരൻ ചിന്തിച്ചുപോകുന്നത്.

എവിടെയെങ്കിലും ആരെങ്കിലും ഉറക്കെ തുമ്മിയാൽ കേരളത്തിൽ വിലക്കയറ്റം ഉറപ്പാണ്. തമിഴ്നാട്ടിൽ നിന്നും ആന്ധ്രയിൽ നിന്നും ഉള്ള ഭക്ഷ്യോൽപ്പന്നങ്ങൾ എത്രയോ ഇരട്ടി വിലയ്ക്കാണ് കേരളത്തിലെ ജനങ്ങളുടെമേൽ അടിച്ചേൽപ്പിക്കുന്നത്. കേരളത്തിനുവെളിയിൽ ഭക്ഷ്യോൽപ്പനങ്ങളുടെ വില കൂടിയാലും സീസൺ ആകുമ്പോൾ അതിനനുസരിച്ച് കുറയുകയും ചെയ്യുന്ന പതിവാണുള്ളത്. എന്നാൽ കേരളത്തിലാകട്ടെ കൂടിയ വില സീസൺ അനുസരിച്ച് കുറയുന്ന പതിവ് കാണുന്നതേയില്ല. ഇടത്തട്ടുകാരുടെ ചൂഷണത്തിന് വിധേയരാകുന്നത് ഇവിടുത്തെ പൊതുജനങ്ങൾ മാത്രമല്ല കർഷകരും കൂടിയാണ്. പെട്രോളിയം ഉൽപ്പന്നങ്ങളുടെ വില ഓരോ ദിവസവും വർദ്ധിക്കുന്നത് രാജ്യത്തെ വിലക്കയറ്റത്തിലേക്ക് നയിക്കുകയാണ്. വേണ്ട നിലയിൽ ഇതിനെല്ലാം പരിഹാരം വരുത്തുവാൻ ഭരണകർത്താക്കൾക്ക് കഴിയുന്നില്ല എന്ന ആക്ഷേപം പരക്കെ ഉയരുന്നു. സാധാരണക്കാരന്റെ സംശയം ദുരീകരിക്കുവാൻ ഭരണകർത്താക്കൾക്ക് കഴിയുന്നുമില്ല. ഏതായാലും ജനം പൊറുതിമുട്ടിയിരിക്കുന്നു എന്ന് പറയാതെ വയ്യ. നിശ്ചയദാർഢ്യത്തോടെ ഭരണം നടത്തുവാനുള്ള തന്റേടം ഭരണചക്രം തിരിക്കുന്നവർക്കുണ്ടായാൽ തീരാവുന്ന പ്രശ്നങ്ങൾ മാത്രമാണ് ഇപ്പോൾ ഉള്ളതെന്നാണ് നിരീക്ഷകരുടെ പക്ഷം.

പതിനഞ്ചുകോടിയുടെ സോളാർ അഴിമതിയെക്കുറിച്ച് വാചാലരായ മാധ്യമങ്ങൾ നാനൂറ് കോടിയുടെയും അറുനൂറ് കോടിയുടെയും അഴിമതികൾ അകംപേജുകളിൽ രണ്ടു കോളം വാർത്തയായി ഒതുക്കുന്നു. ചെറിയ മീനുകൾ നിയമത്തിന്റെ വലയിൽ അകപ്പെടുമ്പോൾ വമ്പൻ സ്രാവുകൾ പലപ്പോഴും ഇവിടെ രക്ഷപ്പെടുന്നു.

നമ്മുടെ സഭാ പ്രസ്ഥാനങ്ങളിലും ഇതൊക്കെ തന്നെയാണ് സ്ഥിതി. പ്രസ്ഥാനത്തിന്റെ നന്മയെ ലാക്കാക്കി ഭരിക്കുവാനും അതിനായി പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിൽ വരുത്തുവാനോ ആർക്കും സമയമില്ല. കസേര ഉറപ്പിക്കുവാനും രാഷ്ട്രീയം കളിക്കുവാനും നേതാക്കന്മാർക്ക് സമയം തികയാതെ ഇരിക്കുമ്പോൾ സഭാനന്മയ്ക്കായി പ്രവർത്തിക്കുവാൻ എവിടെയാണ് സമയം. സെക്കുലർ രാഷ്ട്രീയത്തെക്കാൾ വാശിയേറിയ മത്സരവും തരംതാണ കളികളുംകൊണ്ട് മലീമസമായിരിക്കുന്ന നമ്മുടെ സഭാ അന്തരീക്ഷം ശുദ്ധീകരിക്കപ്പെടേണ്ട കാലം കഴിഞ്ഞിരിക്കുന്നു.

റിയൽ എസ്റ്റേറ്റ് ലോബികളും ബ്ലേഡ് മാഫിയയും ഇന്ന് ഭരണത്തിൽ പിടിമുറുക്കിയിരിക്കുന്നു. അവരുടെ താളത്തിനൊത്ത് തുള്ളുന്നവരായ നമ്മുടെ നേതാക്കന്മാർ പലപ്പോഴും ജനമദ്ധ്യേ അപഹാസ്യരായി തീരുകയാണ്. ഇവിടെ ഒരു മാറ്റം ആവശ്യമാണ്. ദർശനമുള്ള നേതാക്കന്മാർ സഭയുടെ ഭരണതലത്തിൽ എത്തിയെങ്കിൽ മാത്രമേ മാറ്റം സാധ്യമാകുയുള്ളൂ. ജനനന്മ ലാക്കാക്കി ഭരിക്കുന്ന നേതാവിനു മാത്രമേ പ്രസ്ഥാനത്തെ അഭ്യുന്നതിയിലേക്ക് നയിക്കുവാൻ കഴിയൂ.

– തുടർച്ച 07 –

## മാതാപിതാക്കൾ അറിയാൻ

# നല്ല പെരുമാറ്റങ്ങൾ പഠിപ്പിക്കുക – III




ബിനു ജോസഫ് വടശ്ശേരിക്കര
9495834994


ഞായറാഴ്ച രാവിലെ ആരാധനയ്ക്കുവേണ്ടി ഉപദേശി പള്ളിയിലേക്ക് പോകുമ്പോൾ കണ്ടത്, സ്വന്തം ഇടവകയിലെ പത്തുവയസുകാരൻ വഴിയരികിലെ തോട്ടിൽ നിന്ന് ചൂണ്ടയിട്ട് മീൻ പിടിക്കുന്നു. അയ്യോ! വിശുദ്ധ ദിവസമായിട്ട് സത്യക്രിസ്ത്യാനിയുടെ കൊച്ചൻ ചൂണ്ടയിടുകയോ? സഹിക്കാൻ കഴിയുന്നില്ല.

“എടാ മോനേ, ഇന്ന് ആരാധനയ്ക്കു പോകേണ്ട ദിനമല്ലേ, ഇവിടിരുന്ന് മീൻ പിടിക്കാതെ പെട്ടെന്ന് പള്ളിയിലേക്ക് വാ”!

കേട്ടപാതി അവൻ തിരിച്ചടിച്ചു; “ഉപദേശി യേശുവിന്റെ ശിഷ്യന്മാരും മുക്കുവരായിരുന്നു. പിന്നെ ഞാൻ രണ്ട് ചെറുമീനെ പിടിച്ചാലെന്താ കുഴപ്പം”.

“മോനേ നമ്മൾ സത്യ ക്രിസ്ത്യനികളാ, ഞായറാഴ്ച പള്ളിയിൽ പോകണം പ്രാർത്ഥിക്കണം; അതുകൊണ്ട് വീട്ടിൽ പോയിട്ട് വേഗം സൺഡേ സ്കൂളിന് വാ... മോനേ”

പയ്യൻ ഇത് വലുതായി ഗൗനിച്ചില്ല. കോപം വന്ന ഉപദേശി പറഞ്ഞു,“പറഞ്ഞാൽ കേൾക്കാത്തവൻ, ഞാൻ നിന്റെ വീട്ടിൽ ചെന്ന് പപ്പായോട് പറഞ്ഞ് രണ്ടടി കൊള്ളിക്കും, നോക്കിക്കോ” കോപത്തോടെ വീട്ടിലേക്കു നടന്ന ഉപദേശിയെ, ചെറുക്കൻ വിളിച്ചു, “ഉപദേശി ഒന്നു നിൽക്ക് ഡാഡിയെ നോക്കി വീട്ടിലേക്ക് പോകേണ്ട, ഡാഡി, മുകളിലത്തെ വളവിലിരുന്ന് ചൂണ്ടയിടുന്നുണ്ട്”.

ഇതാണ് ഇന്നത്തെ തലമുറയുടെ പച്ചയായ ചിത്രം! നാടൻ ഭാഷയിൽ കൊമ്പൻപോയ വഴിയെ മോഴയും എന്ന് പറഞ്ഞപോലെ!

**ഏറ്റവും പ്രാധാന്യമേറിയത്**

ഇന്നത്തെ ക്രൈസ്തവ വീടുകളിൽ ഏറ്റവും പ്രാധാന്യം കുറഞ്ഞ ഒന്നായി ആരാധനകളും ദൈവീക കൂട്ടായ്മകളും മാറിയിരിക്കുന്നു.

നാം ഏറ്റവും പ്രാധാന്യം നൽകേണ്ട ഒന്നാണ് ആത്മീയ കൂട്ടായ്മകൾ.

**1. വീടുകളിലെ ആത്മീയ കൂട്ടായ്മ**

“The family who prays together stays together”

എന്നത് വളരെ ശ്രദ്ധേയമാണ്. ഒരുമിച്ച് പ്രാർത്ഥിക്കുന്ന ഭവനം ഒരുമിച്ച് വസിക്കുന്നു.

**(A) ദൈവവചനം പറയുന്നു,** “നിങ്ങൾ ദൈവത്തിന്റെ മന്ദിരമാണ്” അതായത് ആരാധന ആദ്യം ഉയരേണ്ടത് വ്യക്തികളിൽ നിന്നാണ്. സ്വന്തം ശരീരത്തെ ജീവനും വിശുദ്ധിയും ദൈവത്തിന് പ്രധാനമുള്ള യാഗമായി സമർപ്പിക്കണം.

**(B) ദൈവം വിഭാവനം ചെയ്ത പ്രഥമമായ ആരാധന സ്ഥലം കുടുംബമാണ്.** ആദം -ഹവ്വ ദമ്പതിമാരെ ദൈവം സൃഷ്ടിച്ചാക്കിയത്, ദൈവത്തോടുള്ള കൂട്ടായ്മ ബന്ധത്തിൽ നിലനിൽക്കുവാൻ വേണ്ടിയാണ്. വെയിൽ ആറുമ്പോൾ ദൈവം ഏദൻതോട്ടത്തിലേക്ക് വന്നതും ഈ കൂട്ടായ്മ ബന്ധത്തിനു വേണ്ടിയാണ്.

ഈ കൂട്ടായ്മബന്ധം വീടുകളിൽ ഉണ്ടാകണം. ജോലിതിരക്കുകൾക്കിടയിലും ദൈവത്തിന് നന്ദി അർപ്പിക്കുവാൻ സമയം കണ്ടെത്തുന്ന കുടുംബങ്ങൾ അനുഗ്രഹിക്കപ്പെടും.

*** സന്ധ്യയ്ക്കും പ്രഭാതത്തിലും ദൈവത്തോടു കൂടെ സമയം വേർതിരിക്കുവാനുള്ള പരിശീലനം നമ്മുടെ വീടുകളിൽ ലഭ്യമാകണം.**

രാവിലെയും വൈകിട്ടും കുടുംബ പ്രാർത്ഥന ഉണ്ടാകണം. ഇത് വ്യക്തി ബന്ധങ്ങൾ ഊഷ്മളമാക്കുന്നു, ഒപ്പം ദൈവീക നന്മകൾക്കു നന്ദി പറയാനുള്ള അവസരവും ആകുന്നു. കാലത്തും, ഉച്ചയ്ക്കും, വൈകിട്ടും ദൈവത്തോടു സമയം ചിലവഴിച്ച ഭക്തന്മാരെ നമുക്ക് ബൈബിളിൽ കാണാം. ഒരു ഭക്തന് എല്ലാ സമയവും ദൈവത്തോടു കൂട്ടായ്മ ബന്ധം ഉണ്ടാകേണം, അനുദിന ജീവിതത്തിൽ വഴികാട്ടിയാകേണ്ടതും ദൈവം തന്നെയാണ്.

ഒരു പക്ഷേ വേർപെട്ട കുടുംബങ്ങളിൽ സന്ധ്യ-പ്രഭാത പ്രാർത്ഥനകൾ അറ്റുപോയിരിക്കുന്നു. ടി.വി.യും, സീരിയലും, സ്റ്റാർ സിംഗറും എല്ലാം അരങ്ങു തകർക്കുമ്പോൾ സന്ധ്യാപ്രാർത്ഥനയ്ക്ക് പിന്നെ എവിടെ സമയം!

അക്രൈസ്തവരായ നമ്മുടെ സ്നേഹിതർ സന്ധ്യാനാമം ജപിക്കുവാനും, ബാങ്ക് വിളികേൾക്കുമ്പോൾ മുട്ടുമടക്കുവാനും തയ്യാറാകുന്ന കാഴ്ച നമ്മുടെ ചുറ്റുപ്പാടിൽ തന്നെ ഉണ്ട്.

ഒരു പക്ഷേ ഒരു 20-30 വർഷം മുമ്പ് ഗ്രാമങ്ങളിലൂടെ രാത്രിയിലോ പ്രഭാതത്തിലോ യാത്രചെയ്താൽ മുഴങ്ങികേൾക്കുന്ന ക്രൈസ്തവ ഗാനവീചികൾ ഇന്ന് പൊയ്പോയിരിക്കുന്നു. ഇത് ഒരു ക്രൈസ്തവ സംസാക്കാരത്തെ തന്നെയാണ് തകർത്തുകളയുന്നത്. ചിലരെങ്കിലും ചോദിക്കും സന്ധ്യാപ്രാർത്ഥനയോ ഒക്കെ ഇല്ലെങ്കിലെന്താ എന്ന്! കുഴപ്പം ഒന്നുമില്ല. പക്ഷേ ഇനിയുള്ള തലമുറ ദിവസം ഒരു പത്തുമിനിറ്റെങ്കിലും ദൈവസന്നിധിയിൽ സമയം ചിലവഴിക്കണമെങ്കിൽ ഈ ജീവിതചര്യ അവരിൽ ഉണ്ടാകേണം.

**ദൈവവചന വായന, പണം ഇവയ്ക്ക് മുൻതൂക്കം നൽകണം**

‘പല മാതാപിതാക്കൾ പറയും, കൊച്ചിന് ഒത്തിരി പഠിക്കാനുണ്ട്. പിന്നെ എപ്പോഴാ ബൈബിൾ ഒക്കെ പഠിക്കുന്നത്”? ദൈവവചനം നൽകുന്ന ജ്ഞാനവും അറിവും ലോകത്തിൽ മറ്റെങ്ങുനിന്നും ലഭിക്കുകയില്ല. വചനം ഒരു അനുദിന വഴികാട്ടിയായി, പാപത്തിൽ നിന്ന് പിന്തിരിപ്പിക്കുന്ന ശക്തിയായി എപ്പോഴും കുഞ്ഞുങ്ങളോടു കൂടെ ഉണ്ടാകണം. എങ്കിൽ മാ

05

## വേദ പഠനം



എഡിസൺ തോമസ്
വേങ്ങൂർ, 9961336353

# ഇടയ ലേഖനങ്ങൾ
## (The Pastoral Epistles)

ഭാഗം: ഒന്ന്

- തുടർച്ച-

**എട്ടാം നാളിൽ പരിച്ഛേദന ഏറ്റവൻ**

പുരുഷപ്രജയെല്ലാം എട്ടാം നാളിൽ പരിച്ഛേദനയേൽക്കണമെന്നത് അബ്രഹാമിനോടുള്ള ദൈവകല്പനയായിരുന്നു ഉല്പ.17:12; 25-26. തുടർന്ന് യിസ്രായേല്യർക്കു ഒരു നിത്യനിയമമായി യഹോവ അത് നൽകി. ലേവ്യ. 12:3. എട്ടാം നാൾ പരിച്ഛേദനയേറ്റവൻ എന്നു പൗലോസ് സൂചിപ്പിക്കുന്നതിന്റെ കാരണം പൗലോസ് യിശ്മായേല്യ പാരമ്പര്യത്തിൽപ്പെട്ടവനല്ല- യിശ്മായേല്യർ പതിമൂന്നാം വയസ്സിലാണ് പരിച്ഛേദനയേൽക്കുന്നത്, ഉല്പ.17:25, പ്രായപൂർത്തിയെത്തിയശേഷം യഹൂദാ മതാചാരങ്ങളിൽ വിശ്വസിച്ച് പരിച്ഛേദനയേറ്റ ഒരു യഹൂദമതാനുസരിയുമല്ല. മറിച്ച് വാഗ്ദത്ത സന്തതിയായ യിസ്ഹാക്കിന്റെ വംശാവലിയിൽ പിറന്നവനും ജനനം മുതൽ തന്നെ യഹൂദമത കർമ്മങ്ങൾ പ്രമാണിക്കുന്നവനുമായിരുന്നുവെന്ന് ഊന്നിപ്പറയുകയാണ്. അന്യമതത്തിൽ നിന്നോ പരിച്ഛേദനായാൽ യഹൂദ്യനായവനുമല്ലാ.

**ഗമാലിയേലിന്റെ കാൽക്കൽ ഇരുന്നു പഠിച്ചവൻ**

തർസൊസിൽ ജനിച്ചവനും യെരുശലേമിൽ വളർന്നവനും ഗമാലിയേലിന്റെ കാൽക്കൽ ഇരുന്നു പിതാക്കന്മാരുടെ ന്യായപ്രമാണം സൂക്ഷ്മതയോടെ പഠിച്ചവനുമാണ് പൗലോസ്, അപ്പോ. പ്ര. 22:3. സാധാരണ യെഹൂദബാലന്മാരെപ്പോലെ പൗസോലോസും 14 വയസ്സുവരെ ന്യായപ്രമാണ പഠനം നടത്തി. 13നും 16നും ഇടയ്ക്കുള്ള കാലത്തു അവൻ യെരുശലേമിൽ ന്യാപ്രമാണത്തിന്റെ ഉപരിപഠനാർത്ഥം അയയ്ക്കപ്പെട്ടു. അവിടെ വിവാഹിതയായിക്കഴിഞ്ഞിരുന്ന തന്റെ സഹോദരിയുടെ കൂടെ താമസിച്ചുകൊണ്ടാണ് ന്യായപ്രമാണം ഗമാലിയേലിന്റെ കാൽക്കൽ ഇരുന്നു പഠിക്കുവാൻ പോയത്. അപ്പോ. പ്രവ.23:16, ഇങ്ങനെ തർസൊസിലും യെരുശലേമിലും ന്യായപ്രമാണ പഠനം പൂർത്തിയാക്കി. പൗലോസിന്റെ പൊതു വിദ്യാഭ്യാസം സ്വന്തനഗരമായ തർസൊസിലായിരുന്നു. തർസൊസിലെ സർവ്വകലാശാലയിലെ പഠനം പൂർത്തിയാക്കിയ ശൗൽ അനന്തരം കൂടാരപ്പണി എന്ന തൊഴിലും അഭ്യസിച്ചു.

വിദ്യാഭ്യാസത്തോടൊപ്പം തൊഴിലും അഭ്യസിപ്പിക്കുന്നതിൽ എബ്രായ മാതാപിതാക്കൾ വളരെ ശ്രദ്ധിച്ചിരുന്നു. പൗലോസിന്റെ കാലത്ത് കൂടാരപ്പണി വളരെ അന്തസ്സുള്ളതും നല്ല ലാഭം കിട്ടിയിരുന്നതുമായ ഒരു തൊഴിലായിരുന്നു. ഒരു യെഹൂദ പറച്ചിൽ ഇപ്രകാരമുണ്ട്, “ഒരുവനെ ഏതെങ്കിലും ഒരു തൊഴിൽ അഭ്യസിപ്പിക്കുന്നില്ലെങ്കിൽ അവനെ മോഷ്ടിക്കാൻ പഠിപ്പിക്കുന്നുയെന്ന്”. യഹൂദന്മാരുടെ തൽമുദ് പ്രകാരം പിതാവ് മകനെ മൂന്നു കാര്യങ്ങൾ നിർബന്ധമായും പഠിപ്പിച്ചിരിക്കണം, പരിച്ഛേദന കഴിക്കുക, ന്യായപ്രമാണം അഭ്യസിപ്പിക്കുക, ഏതെങ്കിലും ഒരു തൊഴിൽ പഠിപ്പിക്കുക. പൗലോസിന്റെ ജീവിതത്തിലുടനീളം തൊഴിൽ പഠിപ്പിക്കുക, പൗലോസിന്റെ ജീവിതത്തിലുടനീളം തൊഴിൽ ചെയ്ത് ആർക്കും ഭാരമാകാതെ ദൈവവേലയിൽ മുന്നേറിപ്പോന്നു 1 കൊരി.4:12, 1 തെസ്സ.2:9, കൂടാരപ്പണി എന്നത് തുകൽ പണിയാകാം. ഒരു തൊഴിൽ പഠിപ്പിക്കുന്നതിലൂടെ യഹൂദന്മാർ ആഗ്രഹിക്കുന്നത്. മറ്റൊരാളെ ആശ്രയിക്കാതെ ജീവിക്കുവാൻ വേണ്ടി സ്വന്തമായി ഒരു തൊഴിൽ പഠിപ്പിക്കുക എന്നത് മാത്രം. അങ്ങനെയാണ് പത്രോസ് മത്സ്യബന്ധവും യേശുക്രിസ്തു ആശാരിപ്പണിയും പൗലോസ് കൂടാരപ്പണിയും ചെയ്തത്. പൗലോസിന്റെ പൂർവ്വികന്മാരും ഈ തൊഴിൽ തന്നെ ശീലിച്ചവരാകും ....ചിലർ അഭിപ്രായപ്പെടുന്നത് റോമർ പട്ടാളത്തിലെ ജനറലന്മാർക്കു വേണ്ടി കൂടാരങ്ങൾ നിർമ്മിച്ചു കൊടുത്തുകൊണ്ടിരുന്നത് പൗലോസിന്റെ വീട്ടുകാരായിരുന്നുവെന്നും അതിനാൽ റോമൻ പൗരത്വം കിട്ടുവാൻ പൗലോസിനും വീട്ടുകാർക്കും കഴിഞ്ഞുയെന്നുമാണ്.

**ആരായിരുന്നു ഗമാലിയേൽ?**

ന്യായപ്രമാണം സംബന്ധിച്ച് അറിവ് നേടാൻ പൗലോസിനെ സഹായിച്ചത് ഗമാലിയേലാണ്, പ്രവ.22:3. യഹൂദറബ്ബിയായ ഹില്ലേലിന്റെ പുത്രനായിരുന്ന സൈമന്റെ പുത്രനും പരീശനും സൻഹിദ്രീൻ സംഘാംഗവും പ്രഡിദ്ധനായ ധർമ്മോപദേഷ്ടാവും സർവ്വജനത്തിനും ബഹുമാനമുള്ളവനും ആയ ഒരു ഗുരുവായിരുന്നു ഗമാലിയേൽ അപ്പൊ. പ്ര.5:34-40. ഗമാലിയേൽ എന്ന പേരിന്റെ അർത്ഥം “ദൈവത്തിന്റെ പ്രതിഫലം” എന്നാണ്. “ന്യായപ്രമാണത്തിന്റെ സൗന്ദര്യം” എന്നാണ് തൽമുദ് ഇദ്ദേഹത്തെ വിശേഷിപ്പിക്കുന്നത്. ഒരു പരീശീറബ്ബിയാകാനുള്ള എല്ലാ ഗുണങ്ങളും പൗലോസിനുണ്ടായിരുന്നു. പൗലോസ് പിന്നീട് സന്നദ്രീം സംഘത്തിലെ (പ്രവ.26:10) ഒരു അംഗമായിത്തീർന്നതിനാൽ ധാരാളം അധികാരങ്ങൾ ലഭിക്കുകയുണ്ടായി. യഹൂദമതത്തിന്റെ പരമോന്നത നീതിപീഠത്തെയാണ് സന്നദ്രീം സംഘമെന്ന് പറയുന്നത്. ഈ വസ്തുത ശരിയാണെങ്കിൽ പൗലോസ് വിവാഹിതനായിരിക്കണം. കാരണം ഭാര്യയും കുട്ടികളും ഉള്ളവനു മാത്രമേ ഇതിൽ അംഗമാകാൻ കഴിയൂ. എന്നാൽ പാരമ്പര്യമനുസരിച്ച് മഹാപുരോഹിതന്റെ മകളെ വിവാഹം കഴിക്കുകയും ചില നാളുകൾ കഴിഞ്ഞ് അവൾ മരിക്കുകയും ചെയ്തു എന്നു പാരമ്പര്യം പറയുന്നു. ശേഷമുള്ള കാലം താൻ അവിവാഹിതനായി തുടർന്നു എന്നു പറയുന്നു.

ഗമാലിയേൽ ഒരു തികഞ്ഞ പരീശൻ,

05

## മാധ്യമ വിചാരം



അനിൽ കൊടിത്തോട്ടം
9495733727

# പെന്തക്കോസ്തിന്റെ പത്ത് മണ്ടത്തരങ്ങൾ

**ക**ഴിഞ്ഞ ഒരു നൂറ്റാണ്ടിനിടെ പെന്തക്കോസ്ത് സമൂഹത്തിനു ഭവിച്ച പത്ത് മണ്ടത്തരങ്ങൾ എഴുതാൻ മാധ്യമവിചാരകന് പ്രചോദനം ഹല്ലേല്ലൂയ്യാ എഡിറ്റർ സാംകുട്ടി ചാക്കോയാണ്. സാംകുട്ടിയുടെ പ്രചോദനം ഡി. ബാബു പോളിന്റെ മനോരമയുടെ ശതോത്തര പ്പതിപ്പിലെ ലേഖനമാണ്.

ആഭരണം നിഷേധിച്ചതും കരിസ്മാറ്റിക്കിനെ അംഗീകരിക്കാതെ പോയതും ജനനനിയന്ത്രണം പാലിച്ചതുമൊക്കെയായി നമ്മുടെ ശ്രദ്ധ കിട്ടാതെപ്പോയ പല വിഷയങ്ങളിലേക്കും അവധാനതയോടെ ഊളിയിട്ട് ഇറങ്ങി വസ്തുതകൾ ബോധ്യപ്പെടുത്തുന്ന സാംകുട്ടിയെ നമ്മൾ ശ്ലാഘിക്കേണ്ടതായിരുന്നു. എന്തുചെയ്യാം. വചനം കേൾക്കാൻ കുമ്പനാട് വിട്ട് സ്വർഗ്ഗീയവിരുന്നിലും മാരാമണ്ണിലും അമേരിക്കയിലുമൊക്കെയായി ആത്മാർത്ഥമായി അലയുന്ന അദ്ദേഹം ഒന്നു നിന്നു തന്നിട്ടുവേണ്ടേ അദ്ദേഹത്തെ ശ്ലാഘിക്കാൻ. അതുകൊണ്ട് എന്റെ നിരീക്ഷണത്തിൽ പെന്തക്കോസ്ത് കാട്ടിയ ആദ്യ മണ്ടത്തരം സാംകുട്ടിയെപ്പോലെ ഒരാളെ ഒരു തത്വചിന്തകനെ ആദരിച്ചില്ല എന്നതാണ്.

ഡബ്ള്യൂ. എഫ്. ഓൾ ബ്രൈറ്റ്, പി. ക്യൂമ്മേൽ, ജെ. എൻ. ഡാർബി, ഡൊണാൾഡ് ഗത്രി, മാത്യു ഹെൻട്രി, സി. എച്ച്. സ്കോഫീൽഡ് തുടങ്ങിയ പാശ്ചാത്യ ചിന്തകന്മാരുടെ പേരിനൊപ്പം സാംകുട്ടി ചാക്കോ എന്നുംകൂടി എഴുതാൻ എന്തുകൊണ്ടിനി താമസിക്കണം? കെ. വി. സൈമൺ ആര്? വെറുമൊരു സംസ്കൃത പണ്ഡിതൻ. മൂത്താംപാക്കൽ കൊച്ചുകുഞ്ഞ് ഉപദേശി ആര് കുറെ ദാരിദ്ര്യ പാട്ടുകൾ എഴുതി പാടിമരിച്ച ഒരു നിർഭാഗ്യൻ. കെ .ഇ. ഏബ്രഹാം ആര് മഹതിയാം ബാബിലോണിലൂടെ കത്തോലിക്കാ സഭയെ ആക്ഷേപിച്ചയാൾ. എന്നാൽ സാംകുട്ടി ചാക്കോ ആര് പെന്തക്കോസ്തിന് ദിശാബോധം നൽകിയ താർക്കികൻ. കാനം അച്ചൻ മുതൽപ്പേർ അടിച്ചൊതുക്കി പരുവപ്പെടുത്തി പെന്തക്കോസ്തിന്റെ പുറംപോക്കിൽ തള്ളിയ തങ്കു ബ്രദറിനും അദ്ദേഹത്തിന്റെ ആകസ്മിക ഉണർവ്വിനും പിന്തുണ പ്രഖ്യാപിച്ച് അദ്ദേഹത്തിനു വേണ്ടി അഹോരാത്രം ഉടുക്കുകൊട്ടി പാടിയ കലാകാരൻ. വത്സൻ ഏബ്രഹാമിനെ വരിഞ്ഞുകെട്ടി കുമ്പനാട് ആസ്ഥാനത്തിനു പുറത്തിറക്കി തൽസ്ഥാനത്തേക്ക് ജേക്കബ് ജോണിനെ പിടിച്ചിരുത്തിയ വിപ്ലവകാരി! വീരവണക്കം സാംകുട്ടീ വീരവണക്കം. ഇത്രയും വലിയ ഒരു ബുദ്ധിജീവിയെ അംഗീകരിക്കാൻ ഞങ്ങൾ വൈകി. മാപ്പാക്കണം.

**മണ്ടത്തരം രണ്ട്**

രോഗശാന്തി എന്നാൽ സമ്പൂർണ്ണ സൗഖ്യമല്ല എട്ടേ-പത്തേ എന്ന മട്ടിൽ ഒമ്പതില്ലാതെ മുന്നോട്ടു പോകുന്ന കാലുവലിച്ചുനീട്ടൽ, ഊതിവീഴ്ത്തൽ, ആത്മവിവശത ഇവയെ അംഗീകരിക്കാതെ നഖശിഖാന്തം എതിർത്തത് തെറ്റായിപ്പോയി.

**മണ്ടത്തരം മൂന്ന്**

അച്ചൻ-പിച്ചൻ-കുഞ്ഞ്-കുട്ടി-ചട്ടി-വട്ടി-പട്ടി ഇവയൊക്കെ സമം അനുപാതത്തിൽ ചേർത്ത് എക്യൂമെനിസം എന്ന പേരിൽ നടത്തുന്ന പരിപാടികളെ അംഗീകരിച്ചില്ല.

**മണ്ടത്തരം നാല്**

പിറന്നു വീഴുന്ന പെന്തക്കോസ്ത് കുഞ്ഞിന് നമ്മൾ അരഞ്ഞാണച്ചരട് കെട്ടാത്തതുപോകട്ടെ, പകരം ഇന്റർനാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ചർച്ച് മാനേജ്മെന്റ് എന്ന സ്ഥാപനം നൽകുന്ന അഞ്ഞൂറു രൂപ ഡോക്ട്രേറ്റ് അതിന് വാങ്ങി കൊടുക്കാതെ പോയി. അത് നേടിയിരുന്നെങ്കിൽ സകല പെന്തക്കോസ്തുകാരും ഡോക്ടറുമാർ ആകുമായിരുന്നു. ട്രെയിനിലും ബസിലുമൊക്കെ യാത്രയ്ക്ക് പ്രത്യേക പരിഗണന കിട്ടുമായിരുന്നു. ഇത്തരം ഡോക്ട്രേറ്റ് വാങ്ങിയ പി. ജി.വർഗീസും ഭാര്യയും വടക്കേ ഇന്ത്യയിൽ ചികിത്സ നടത്തുന്നു. നാം അവരെ കണ്ടുപഠിക്കേണ്ടിയിരുന്നു.

**മണ്ടത്തരം അഞ്ച്**

കർത്തൃമേശയ്ക്ക് ഉപയോഗിക്കുന്നത് ഇന്നും പ്രാകൃതമായ വീഞ്ഞും റൊട്ടിയുമാണ്. ഇതു മാറ്റി സ്വയമ്പൻ ആനയമക്കിയോ ത്രീ എക്സ് റെമ്മോ ആക്കാമായിരുന്നു. റൊട്ടി മാറ്റി പൊരിച്ച കോഴിയും തൊട്ടുകൂട്ടാൻ അച്ചാറുമാകാമായിരുന്നു.

**മണ്ടത്തരം ആറ്**

ഇടതുപക്ഷത്തും വലതുപക്ഷത്തും ഒരുപോലെ നിന്ന് ജയസാധ്യതയുള്ള സ്ഥാനാർത്ഥികൾക്ക് വേണ്ടി അവരോട് പണം വാങ്ങി പ്രത്യേക സപ്ലിമെന്റുകൾ ഇറക്കുക, വിവാദ പത്രക്കാർക്കും ആരോപണവിധേയർക്കും ഇടയിൽ അമിക്കസ്ക്യൂരിയായി നിന്ന് ഫണ്ട് കണ്ടെത്തുക, അക്ഷരപൊട്ടന്മാർക്കും അവാർഡ് നൽകി ആദരിക്കുക, സംഗീത അഞ്ജന് അജ്ഞാനമിത്രം, താളവാദ്യക്കാരന് തമ്പേറ് രത്നം, ബെല്ലി ഡാൻസുകാരന് ഞരമ്പുരോഗ രത്നം, സാഹിത്യ മോഷ്ടാക്കൾക്ക് തസ്കരവീരചക്രം തുടങ്ങിയ പരിപാടികളെ വേണ്ടത്ര പോത്സാഹിപ്പിച്ചില്ല.

**മണ്ടത്തരം ഏഴ്**

പിട കണ്ണിറുക്കുന്നതിനനുസരിച്ച് ഏഴിന് എഴുപതു വട്ടം കൂവുന്ന പൂവന്മാരും ‘യിസബേളിനു ചൊല്ലാൻ’ കഴിയാത്ത പ്രവാചകന്മാരും തങ്കു താരു അനു മനു മക്കു ചിക്കു ക്ഷമ അക്ഷമ നഗ്മ തുടങ്ങിയ പിത്തലാട്ടക്കാരും യമുന പ്യാരി ആടിന്റെ താടിക്കണക്കെ താടിമീശവെച്ച ടീഷർട്ടുധാരികളും വേദികളിൽ കൂടിയാട്ടവും കുച്ചിപ്പുടിയും കാട്ടുമ്പോൾ കൈയ്യടിക്കാതെ മാറിനിന്നു.

ഏഴ് എന്ന സംഖ്യയ്ക്ക് പൂർണ്ണതയുടെ പരിവേഷം ഉണ്ടെന്നാണ് പെന്തക്കോസ്ത് ഭാഷ്യം. അതുകൊണ്ട് ‘സാംകുട്ടിയൻ ചിന്തകൾ’ ഏഴിലെത്തി സമാപിക്കുന്നു പോയ ലക്കം ഹല്ലേല്ലൂയ്യായിൽ. അവശേഷിക്കുന്ന മൂന്ന് മാനുഷിക പൂർണ്ണതയാണ് എന്നും വ്യാഖ്യാനമുണ്ടല്ലോ. അതിന് അടുത്ത ലക്കം കൂടി കാത്തിരിക്കാം. അതുകൊണ്ടിനി എഴുതുന്നത് ഇതുവരെ സൂചിപ്പിച്ചതിന്റെ അനുബന്ധമാണ്.

പെന്തക്കോസ്ത് ലോകം അർഹിക്കുന്ന അംഗീകാരം നൽകാതെ പോയ സാംകുട്ടിയെക്കുറിച്ചുള്ള എന്റെ സൂചകം അദ്ദേഹത്തിനു മാത്രം ബാധകമായ കാര്യമല്ല. അങ്ങനെ അംഗീകരിക്കപ്പെടേണ്ട പലരുമുണ്ട് ഇവിടെ. എങ്കിലും സാംകുട്ടി ഒരു ചെറിയ മീനല്ല. പ്രതിഭാശാലികൾക്ക് ഇന്നല്ലെങ്കിൽ നാളെ അംഗീകാരം തേടിവരും. സ്വരം കൊള്ളില്ല എന്ന് ആക്ഷേപിച്ച് തിരിച്ചയച്ച യേശുദാസ് ഗാനഗന്ധർവ്വ പട്ടം കരസ്ഥമാക്കിയില്ലേ? മൊറാഴ കൊലക്കേസിൽ പെട്ട് തൂക്കുമരം വിധിക്കപ്പെട്ട നായനാർ പിൽക്കാലത്ത് കേരള മുഖ്യമന്ത്രിയായില്ലേ? ഇങ്ങനെ എത്രയെത്ര ഉദാഹരണങ്ങൾ? ഒരു പ്രതിഭാശാലിയെയും അദ്ദേഹത്തിന്റെ ആരംഭഘട്ടത്തിൽ സമൂഹം സ്വീകരിച്ചില്ല എന്നുമോർക്കുക. അതുകൊണ്ട് സാംകുട്ടി ചാക്കോ കാത്തിരിക്കുക ഒരിക്കൽ ഐ. പി. സി.യുടെ പരമാചാര്യ പീഠത്തിൽ അങ്ങ് ഇരുന്നരുളും. ശത്രുക്കളെ പാദപീഠമാക്കും. രാജ്യത്വം പ്രാപിച്ചുവരുമ്പോൾ വലത്തുഭാഗത്ത് തങ്കുവും ഇടത്തുഭാഗത്ത് താരുവും ഇരിക്കും. ആഭരണം അണിഞ്ഞ കന്യകമാർ തപ്പ് കൊട്ടി ഇരുപുറവും നിന്ന് ആർക്കും.

അന്നാളിൽ ജനനനിയന്ത്രണ ഉപാധികളാൽ മലിനപ്പെടാത്ത വിശുദ്ധന്മാരുടെ അരികിൽ ഏഴോ എഴുപതോ സ്ത്രീകൾ എത്തി നീ ഞങ്ങൾക്ക് ഭർത്താവായിരിക്ക എന്നു പറയും. കുമ്പനാട് പ്രകാശിപ്പാൻ വൈദ്യുതിയോ സോളാർ പാനലോ ആവശ്യമില്ല സാംകുട്ടി അതിന്റെ വിളക്കായിരിക്കും. കല്യാണമാവ് മാസത്തിൽ അതത് തരം മാമ്പഴം പൊഴിക്കും. ഭൂതങ്ങളെ ഭത്സിക്കാൻ പ്രാപ്തിയുള്ള വിശുദ്ധന്മാർക്ക് കല്യാണ മാവിന്റെ ഇല പല്ലുതേക്കാൻ ഉതകും. എന്നാൽ ആഭരണനിഷേധികൾ കരിസ്മാറ്റിക് വിരോധികൾ, ജനനനിയന്ത്രണം പാലിച്ചവർ തുട

05

ചോദ്യോത്തര വേദി

# മരണാനന്തരജീവിത ചിന്തകൾ



ജോർജ്ജ് ഫിലിപ്പ് തെക്കേക്കര

**ചോദ്യം:** നല്ലവനായ ദൈവവും പ്രകൃതിയും കൂടിയാണ് സകല ജീവജാലങ്ങളെയും സൃഷ്ടിച്ചതെന്ന് ഉയർന്ന ധാർമ്മീകനിലവാരമുള്ള ചിലർ വിശ്വസിക്കുന്നു. എന്നാൽ മരണശേഷം ഒരു ജീവിതമുണ്ടെന്ന് അവർ വിശ്വസിക്കുന്നില്ല. മരണാനന്തര ജീവിതത്തിൽ വിശ്വാസമില്ലാത്ത മനുഷ്യസ്നേഹമുള്ള വളരെയധികം ആൾക്കാർ വികസിതരാജ്യങ്ങളിലുണ്ട്. ഭൗതികവാദികളായ യഥാർത്ഥ കമ്മ്യൂണിസ്റ്റുകാരോടും യുക്തിവാദികളോടും മരണാനന്തര ജീവിതത്തെക്കുറിച്ച് ആരെങ്കിലും പറയുകയാണെങ്കിൽ അവർ ചിരിക്കും. സാമൂഹ്യസംഘടനകളും രാഷ്ട്രീയപാർട്ടികളും മരണാനന്തര ജീവിതം വിശദീകരിക്കുന്നില്ല. പ്രധാന മതങ്ങളെല്ലാം വ്യത്യസ്ത രീതിയിലുള്ള മരണാനന്തര ജീവിതമാണ് പ്രഘോഷിക്കുന്നത്. ഈ വാദഗതികളെല്ലാം ശരിയാകില്ലല്ലോ. ഇതിലെ ശരി കണ്ടുപിടിക്കുന്നതെങ്ങനെ? ഞാനൊരു ഹിന്ദുമത വിശ്വാസിയാണ്.

**മനു, മരുതുപറമ്പിൽ, മാടപ്പള്ളി**

**ഉത്തരം:** നല്ലവനായ ദൈവവും പ്രകൃതിയും കൂടിയാണ് ഭൂമിയിലെ സകല ജീവജാലങ്ങളെയും സൃഷ്ടിച്ചതെങ്കിൽ, **മരണാനന്തര ജീവിതമില്ലെങ്കിൽ,** ഈ ലോകജീവിതത്തോടുകൂടി എല്ലാം അവസാനിക്കുമെങ്കിൽ, **ദൈവത്തെ നല്ലവനെന്ന് പറയാനൊക്കുകയില്ല.** കാരണം ഇന്ന് പല രീതിയിലാണ് മനുഷ്യർ അവരുടെ അനുവാദപ്രകാരമല്ലാതെ ജനിക്കുന്നതും ജീവിക്കുന്നതും. ആരോഗ്യമുള്ളവരുണ്ട്, ബലഹീനരുണ്ട്, രോഗികളുണ്ട്. കണ്ണും കാലും കൈയ്യും ഉള്ളവരുണ്ട്. അതില്ലാത്തവരുണ്ട്. അതിസമ്പന്നരുണ്ട്, പാവപ്പെട്ടവരുണ്ട്. അതിബുദ്ധിമാന്മാരുണ്ട്, സാമാന്യബുദ്ധിയുള്ളവരുണ്ട്, മന്ദബുദ്ധികളുമുണ്ട്. അന്ധന്മാരും, വികലാംഗരും രോഗികളും ബലഹീനരും ബുദ്ധിഹീനരും ഈ ലോകജീവിതത്തിൽ വച്ച് നേരിട്ട പ്രയാസങ്ങൾക്കും വിവേചനത്തിനും ഒരു പരിഹാരവും ഉണ്ടാകാതെ മരിച്ചതിന് എന്ത് ന്യായമാണ് പറയാനാകുക? ഭൂമികുലുക്കത്താലും പ്രകൃതിക്ഷോഭത്താലും വിപ്ലവങ്ങളാലും യുദ്ധങ്ങളാലും അബാലവൃദ്ധം ജനങ്ങൾ അവിടെയും ഇവിടെയും കൂട്ടത്തോടെ അകാലചരമമടഞ്ഞതിന് എന്ത് ന്യായമാണ് നല്ലവനായ ദൈവത്തിനും പ്രകൃതിക്കും പറയാനാവുക? മരണാനന്തര ജീവിതമില്ലെങ്കിൽ, ഈ ലോകജീവിതത്തിൽ തന്നെ എല്ലാവർക്കും തുല്യമായ അവസരങ്ങൾ നല്ലവനായ ദൈവവും പ്രകൃതിയും കൂടി നല്കേണ്ടതല്ലേ? എന്നാൽ സകല മേഖലകളിലും അസുന്തലിതാവസ്ഥ ദർശിക്കാമല്ലോ. അതുകൊണ്ട്, ദൈവം ഉണ്ടെങ്കിൽ, നല്ലവനെങ്കിൽ, മരണത്തോടെ ജീവിതം അവസാനിക്കുന്നില്ല എന്നുള്ളതും മരണാനന്തര ജീവിതം ഉണ്ടെന്നുള്ളതും യുക്തിയാണ്. വികസിത രാജ്യങ്ങളിലെ സമ്പന്നരായ പല കോടീശ്വരന്മാരും, തങ്ങൾ മരിച്ചു കഴിഞ്ഞാൽ തങ്ങളുടെ മൃതശരീരം ജീർണ്ണിക്കുകയോ രൂപഭേദം വരുത്തുകയോ ചെയ്യാതെ ഭൂമിക്കുള്ളിൽ നൂറ്റാണ്ടുകളോളം സൂക്ഷിക്കുവാനായി കോടിക്കണക്കിനു രൂപ ചിലവഴിക്കുന്നു. എന്നെങ്കിലും മൃതശരീരങ്ങളെ പുനർജ്ജീവിപ്പിക്കാൻ **ശാസ്ത്രത്തിനു കഴിഞ്ഞാൽ** തങ്ങളുടെ മൃതശരീരങ്ങളെ പുനർജ്ജീവിപ്പിക്കുന്നതിനാണത്. ഒരു മതത്തിലും വിശ്വാസമില്ലാത്ത അവർക്ക് ശാസ്ത്രത്തിന്റെ പുരോഗതിയിൽ വിശ്വാസമുണ്ട്.

മനുഷ്യരുടെ ഭൂമിയിലെ ജീവിതം മെച്ചപ്പെടുത്താൻ വേണ്ടിയാണ് സാമൂഹ്യ സംഘടനകളും രാഷ്ട്രീയപാർട്ടികളും നിലനിൽക്കുന്നത്. മരണാനന്തര ജീവിതം വിശദീകരിക്കുക അവരുടെ **ബാദ്ധ്യതയല്ല.** മരണാനന്തര ജീവിതം വിശദീകരിക്കേണ്ടത് മതനേതാക്കളും മതഗ്രന്ഥങ്ങളുമാണ്. എന്നാൽ ലോകത്തിലുള്ള എല്ലാ മതങ്ങളും വ്യത്യസ്ത തരത്തിലുള്ള മരണാനന്തര ജീവിതമാണ് അവതരിപ്പിക്കുന്നത്.

തങ്ങളുടെ മത വിശ്വാസങ്ങൾക്ക് വേണ്ടി മരിക്കാൻ തയ്യാറായവർക്ക് പരിപൂർണ്ണ ഭൗതീകസമൃദ്ധിയും ശാരീരിക സുഖവും മരണാനന്തര ജീവിതത്തിൽ ചിലർ വാഗ്ദാനം ചെയ്യുന്നു. ഇപ്പോഴുള്ള ജീവിതത്തിന്റെ മൂല്യമനുസരിച്ച് വീണ്ടും പുനർജനിക്കുമെന്ന് ചില മതവിശ്വാസികൾ പ്രഘോഷിക്കുന്നു. മരിച്ചു കഴിഞ്ഞാൽ ആത്മാവ് സൃഷ്ടാവിൽ ലയിച്ച് ഒന്നുമല്ലാത്ത അവസ്ഥയിൽ വരുമെന്ന് മറ്റു ചിലർ വിശ്വസിക്കുന്നു. ന്യായമായ വിധിയോടുകൂടി, പ്രതിഫലത്തോടുകൂടി, മരണാനന്തര ജീവിതമുണ്ടെന്ന് ബൈബിൾ വിശദീകരിക്കുന്നു.

സാധാരണയായി നമ്മുടെ മാതാപിതാക്കളുടെ മതവിശ്വാസമാണ് എല്ലാവരും പിന്തുടരുക. ദൈവത്തെ സംബന്ധിച്ചും, മതങ്ങളെ സംബന്ധിച്ചും മരണാനന്തര ജീവിതത്തെ സംബന്ധിച്ചും ഒരു നിഷ്പക്ഷ പഠനത്തിന് ആരും തയ്യാറാകാറില്ല. ആ രീതിയിലുള്ള ഒരു പഠനത്തിന് ആരും ആരെയും പ്രോത്സാഹിപ്പിക്കാറുമില്ല. ആരെങ്കിലും അതിന് തയ്യാറായാൽ കുടുംബത്തിൽ നിന്നും മതസംഘടനയിൽ നിന്നും ഒറ്റപ്പെടും എന്നുള്ളതാണ് ചരിത്രം. എന്നാൽ ഏതെങ്കിലും ശാസ്ത്രശാഖയിൽ നമ്മുടെ മക്കൾക്ക് താൽപര്യമുണ്ടെന്ന് മനസ്സിലായാൽ വസ്തു വിറ്റും ബാങ്ക് ലോണെടുത്തും അവരെ ഏതറ്റംവരെയും പഠിപ്പിക്കാൻ നമ്മൾ തയ്യാറാണ്.

ചോദ്യം ഉന്നയിച്ച താങ്കൾ ഒരു ചിന്തകനാണ്. നിഷ്പക്ഷമായി പഠനം നടത്തുക. മരണാനന്തര ജീവിതത്തെക്കുറിച്ച് പഠനം നടത്തുന്ന ബുദ്ധിമാൻ ഉണ്ടോ എന്നു കാണുവാൻ ദൈവം സ്വർഗ്ഗത്തിൽ നിന്ന് മനുഷ്യപുത്രന്മാരെ നോക്കുന്നു. സത്യം നിങ്ങൾ കണ്ടെത്തിയാൽ മറ്റുള്ളവർ നിങ്ങളെ അഭിനന്ദിക്കുമെന്ന് കരുതരുത്. സോക്രട്ടീസ്, ഗലീലയോ തുടങ്ങിയവരുടെ അനുഭവം നിങ്ങളെ കാത്തിരിക്കുന്നുണ്ടാകും. ബി. സി. അഞ്ചാം നൂറ്റാണ്ടിൽ ജീവിച്ചിരുന്ന ഗ്രീക്ക് തത്വജ്ഞാനിയായിരുന്ന സോക്രട്ടീസിന് മരണശിക്ഷ വിധിക്കാനുണ്ടായ കാരണം സോക്രട്ടീസ് അന്ന് പ്രചാരത്തിലിരുന്ന ബഹുദൈവവിശ്വാസത്തിനെതിരായി ഏഥൻസിലെ ചെറുപ്പക്കാരെ ബോധവൽക്കരിച്ചു എന്നുള്ളതാണ്. പതിനേഴാം നൂറ്റാണ്ടിൽ ജീവിച്ചിരുന്ന ശാസ്ത്രജ്ഞനായിരുന്ന ഗലീലിയോയെ ശിക്ഷിക്കാനുള്ള കാരണം ഭൂരിപക്ഷവിശ്വാസത്തിനെതിരായി ഭൂമി സൂര്യനെ ചുറ്റുകയാണെന്ന് പ്രസിദ്ധപ്പെടുത്തിയതിനാണ്. അതുകൊണ്ട് നേരിൽ കാണാത്ത വിഷയങ്ങളിലുള്ള സത്യാന്വേഷണം അല്പം അപകടം പിടിച്ചതാണ്. എന്നിരുന്നാലും അന്വേഷിക്കുന്നവർ തീർച്ചയായും കണ്ടെത്തും.

**അടിക്കുറിപ്പ്**: തനിക്ക് വിക്ക് ഉണ്ടെന്നും സംസാര രീതിയ്ക്ക് ഭംഗിയില്ലെന്നും അതുകൊണ്ട് യിസ്രായേൽ ജനതയുടെ നേതാവാകാൻ താൽപര്യമില്ലെന്നും മോശെ ദൈവത്തോട് പറഞ്ഞപ്പോൾ ദൈവം മോശെയോട്: "മനുഷ്യന് വായ് ഉണ്ടാക്കിയവൻ ആര്?, ഊമനേയും ചെകിടനെയും കാഴ്ചയുള്ളവനെയും കാഴ്ചയില്ലാത്തവനെയും സൃഷ്ടിച്ചവൻ ആര്? ദൈവം ആയ ഞാനല്ലയോ?" (പുറപ്പാട് 4:11 സ്വതന്ത്ര പരിഭാഷ).

## 12 പതിമൂന്ന് വയസുകാരി....

ചെയർമാനായും പ്രവർത്തിച്ചിട്ടുള്ള ഏബ്രഹാം മത്തായി കുഞ്ഞുങ്ങളേയും സ്ത്രീകളേയും രക്ഷിക്കാനിറങ്ങുന്ന ചില സാമൂഹ്യസംഘടനകൾക്ക് പോലീസിന്റെയും ആഭ്യന്തര മന്ത്രാലയത്തിന്റെയും സഹകരണം ലഭ്യമാക്കുന്നു. ഡോ. മത്തായി ന്യൂലൈഫ് ചർച്ച് അംഗമാണ്. ഈ സംഘടന എല്ലാ വർഷവും മദർ തെരേസയുടെ നാമത്തിൽ ഒരു അന്താരാഷ്ട്ര അവാർഡ് യോഗ്യരായവർക്ക് നൽകാറുണ്ട്.

"ക്രിസ്ത്യാനികൾ തങ്ങളുടെ കഴിവിന്റെ പരമാവധി മറ്റുള്ളവരുടെ ദുഃഖം മാറ്റാനും കണ്ണീർ തുടക്കാനും മുന്നോട്ട് വരണം. സ്ത്രീകളെയും കുട്ടികളേയും സംരക്ഷിക്കേണ്ടത് പരിഷ്കൃതസമൂഹത്തിന്റെ കടമയാണ്", ഡോ. ഏബ്രഹാം മത്തായി ബിലീവേഴ്സ് ജേണലിനോട് പറഞ്ഞു.

## 11 കണ്ടതും കേട്ടതും...

തിപ്പില്ലാതെ വരുമ്പോഴാണു വേഷപ്പകർച്ചയിലേക്കു പോകുന്നത്. അതല്ലെങ്കിൽ ഗുരുതരമായ വീഴ്ചകൾ സംഭവിക്കുമ്പോൾ വേഷം മാറുന്നു. ഞാനിപ്പോൾ പഴയ ആളല്ല എന്നു കാണിക്കാനും കൂടിയാകാം ഈ പ്രച്ഛന്നവേഷം. എന്തായാലും ശരി, അങ്ങനെ വേഷം മാറിക്കഴിയുമ്പോൾ, നമുക്ക് അവരോടടുക്കാൻ ചെറിയ ബുദ്ധിമുട്ടു തോന്നും. നമ്മളിൽ നിന്നു വ്യത്യസ്തമായ ഒരു നിലയിലല്ലേ നാം അവരെ കാണുന്നത്? എന്തായാലും പി. ജെ. ജെയിംസ് സാറിനെ അക്കാര്യത്തിൽ അഭിനന്ദിക്കണം. ഓവർസിയറായിട്ടും 'വേഷത്തിൽ മനുഷ്യനായി'ത്തന്നെ തുടരുന്നുണ്ടല്ലോ.

നീക്കിബാക്കി: വേണ്ടത്ര ഇറക്കമില്ലാത്തതും ഇറുകിയതുമായ വസ്ത്രം ധരിച്ചു വന്ന വിദ്യാർത്ഥിനിയെ അദ്ധ്യാപകൻ വഴക്കു പറഞ്ഞു. പെൺകുട്ടി കരയാൻ തുടങ്ങി. പരിഭ്രമിച്ച അദ്ധ്യാപകൻ പറഞ്ഞു, 'അയ്യോ! ഞാൻ വെറുതെ പറഞ്ഞതാണ്. കുട്ടി ഒന്നും **ധരിക്കരുത്.**

## 02 മാതാപിതാക്കൾ അറിയാൻ...

ത്രമേ പാപത്തെ അതിജീവിക്കുവാൻ കുഞ്ഞുങ്ങൾക്ക് കഴിയൂ....

**ഡോക്ടറും എഞ്ചിനീയറും, നേഴ്സും ആയ പഴമക്കാർ**

പഴയ മാതാപിതാക്കൾക്ക്, കുഞ്ഞുങ്ങൾക്ക് നൽകുവാൻ വസ്ത്രങ്ങളോ, പണമോ അറിവോ ഒന്നുമില്ലായിരുന്നു എന്ന് അവർ നൽകിയത് ഒന്നുമാത്രമായിരുന്നു, ജീവിക്കുന്ന യേശുവിനെയും യേശുവിന്റെ വചനങ്ങളും ഇന്ന് ഇവർ പറയും ഞങ്ങളെ ഉയർത്തിയത് യേശുവാണ്. ഇവരുടെ ജീവിത ഉയർച്ചയ്ക്ക് തടസങ്ങൾ പലതായിരുന്നുവെങ്കിലും ജീവിതത്തിന്റെ ഉയരങ്ങളിലേക്ക് ദൈവം അവരെ കൈപിടിച്ചുയർത്തി. ലോകത്തിന്റെ പലരാജ്യങ്ങളിലൂടെ യാത്ര ചെയ്യുമ്പോൾ ഇത്തരത്തിൽ പലരെയും ഞാൻ കണ്ടിട്ടുണ്ട്.

രാത്രി മുഴുവൻ തമ്പേറും പാട്ടും, പ്രാർത്ഥനയുമായി നടന്നവരുടെ തലമുറയ്ക്ക് ഒന്നിനും കുറവ് വന്നിട്ടില്ല. (കഴിയുമെങ്കിൽ ദൈവം നിങ്ങളെയും തലമുറയെയും ഉയർത്തിയ സാക്ഷ്യങ്ങൾ അടുത്ത തലമുറയ്ക്കു വേണ്ടി എഴുതിയോ, റിക്കോർഡ് ചെയ്തോ സൂക്ഷിക്കണം).

മാത്രമല്ല ദൈവം നടത്തിയ വഴികളെപ്പറ്റി പുത്തൻ തലമുറയ്ക്ക് പറഞ്ഞു കൊടുക്കുകയും വേണം.

**ഇന്നത്തെ മാതാപിതാക്കൾ**

മക്കൾക്ക് എന്തുംകൊടുക്കാൻ ഇന്നത്തെ മാതാപിതാക്കൾ തയ്യാറാണ്. എന്നാൽ നൽകേണ്ടത് നൽകാറില്ല. വിദ്യാഭ്യാസം ഉണ്ടെങ്കിൽ മക്കൾ ഉയർന്നു വലിയവരാകും എന്ന് ധരിക്കുന്നവർ ഉണ്ട്, എന്നാൽ ഇത് തെറ്റിദ്ധാരണയാണ്, വിദ്യാഭ്യാസത്തിനോ, ധനത്തിനോ, ബുദ്ധിക്കോ തലമുറയെ ഉന്നതങ്ങളിൽ എത്തിക്കുവാൻ കഴിയുകയില്ല. "യഹോവ തക്കസമയത്ത് നിങ്ങളെ ഉയർത്തേണ്ടതിന് അവന്റെ ബലമുള്ള കൈക്കീഴിൽ താണിരിപ്പീൻ" എന്ന വചനവും പ്രത്യേകം ഓർക്കുക.

(നല്ല പെരുമാറ്റങ്ങൾ, നല്ല ശീലങ്ങൾ തുടങ്ങിയവയെക്കുറിച്ച് പ്രതിപാദിക്കുന്ന ഗ്രന്ഥങ്ങൾ വായിക്കുക. കുഞ്ഞുങ്ങൾക്ക് വാങ്ങി നൽകുക)

## ചർച്ച് ഓഫ് ഗോഡ് കേരളാ സ്റ്റേറ്റ് ഓവർസിയർ റവ. പി. ജെ. ജെയിംസിന് മറുപടി

**മുളക്കുഴ:** ചർച്ച് ഓഫ് ഗോഡ് കേരളാ സ്റ്റേറ്റ് ഓവർസിയർ റവ. പി. ജെ. ജെയിംസിന്റെ ഭരണത്തെ വിലയിരുത്തിക്കൊണ്ട് ബിലീവേഴ്സ് ജേണലിൽ പ്രസിദ്ധീകരിച്ച വാർത്തയെ സംബന്ധിച്ച് ചർച്ച് ഓഫ് ഗോഡിന്റെ ഏരിയാ സമ്മേളനങ്ങളിൽ നിഷേധ പ്രസ്താവനകൾ നടത്തുകയുണ്ടായി. ഒരിടത്ത് പിതാവിന്റെയും പുത്രന്റെയും പരിശുദ്ധാത്മാവിന്റെയും നാമത്തിൽ ആണയിട്ട് പത്രത്തിൽ വന്ന വാർത്തകൾ വ്യാജമാണെന്നും അത് തെളിയിക്കുവാൻ വെല്ലുവിളിക്കുന്നുവെന്നുമാണ് താൻ പറഞ്ഞു. അതിനാൽ തന്നെ ആ വെല്ലുവിളി സ്വീകരിക്കേണ്ടത് ബിലീവേഴ്സ് ജേണലിന്റെ വിശ്വാസീയതയുടെ വിഷയം കൂടിയാണ്. വായനക്കാരെ തെറ്റിദ്ധരിപ്പിക്കുവാനോ വ്യക്തിവിരോധം തീർക്കുവാനോ അല്ല ഞങ്ങൾ ഈ പരമ്പര പ്രസിദ്ധീകരിച്ചത്. നിലപാടുകൾക്കെതിരെയുള്ള വിമർശനമാണ് ഞങ്ങൾ നടത്തിയത്. അധികാരത്തിൽ എത്തുന്നതിനുമുമ്പ് പറഞ്ഞതും ഇപ്പോഴത്തെ പ്രവർത്തന ശൈലിയും തമ്മിലുള്ള വ്യത്യാസമാണ് ഞങ്ങൾ ചൂണ്ടിക്കാട്ടിയത്. അതിനാൽ തന്നെ ഓരോ ആരോപണങ്ങളുടെയും യാഥാർത്ഥ്യം എന്ത് എന്ന് ജനം അറിയുവാൻ ഈ മറുപടി ഉതകും എന്ന് ഞങ്ങൾ വിശ്വസിക്കുന്നു. ഇതു വായിച്ചിട്ട് വായനക്കാർ തീരുമാനിക്കട്ടെ ഏതാണ് യാഥാർത്ഥ്യം.

**വിവാഹമോചിതരുടെ വിവാഹം നടത്തിയത്**

റവ. പി. ജെ. ജെയിംസ് പുനർവിവാഹശുശ്രൂഷ നടത്തി എന്ന് ഞങ്ങൾ എഴുതിയപ്പോൾ അങ്ങനെയൊരു ശുശ്രൂഷയെ താൻ നടത്തിയിട്ടില്ലായെന്നും അത് തെളിയിക്കുവാൻ തന്റേടമുള്ളവർ തെളിയിക്കട്ടെ എന്നും ഓവർസിയർ നടത്തിയ വെല്ലുവിളി വിനയപുരസരം സ്വീകരിച്ചുകൊണ്ട് ഇത് ഞങ്ങൾ പ്രസിദ്ധീകരിക്കുന്നു.

ദൈവസഭയുടെ മാവേലിക്കര ഡിസ്ട്രിക്ടിലെ ഒരു പ്രാദേശിക സഭയിലാണ് റവ. പി. ജെ. ജെയിംസ് പുനർ വിവാഹ ശുശ്രൂഷ നടത്തിയത്. അത് ദൈവസഭയുടെ പോളിസിക്കും ദൈവവചനത്തിനും വിരുദ്ധമായിരുന്നുവെന്നാണ് ഞങ്ങൾ എഴുതിയത്. ആ സഭയുടെ ശുശ്രൂഷകനും കൗൺസിൽ അംഗം കൂടിയായ ഡിസ്ട്രിക്ട് പാസ്റ്ററും ആ വിവാഹവേദിയിൽ ഉണ്ടായിരുന്നുവെന്നത് ബഹുമാനപ്പെട്ട ഓവർസിയർക്ക് നിഷേധിക്കുവാൻ കഴിയുമോ. ദൈവസഭയുടെ പോളിസിയുമായി ബന്ധപ്പെട്ട വിഷയമാണ് വിവാഹവും പുനർവിവാഹവും എന്നത്. അതിന് വ്യക്തമായ വിശദീകരണം ദൈവസഭയുടെ പോളിസി ബുക്കി (ഇംഗ്ലീഷ്)ൽ രേഖപ്പെടുത്തിയിട്ടുമുണ്ട്. ഇനിയും ഇക്കാര്യത്തിലുള്ള റവ. പി. ജെ. ജെയിംസിന്റെ വിശദീകരണം അറിയുവാൻ താൽപര്യമുണ്ട്.

**അഴിമതിക്കാരെ സംരക്ഷിക്കൽ, വഴിവിട്ടതും ദൈവസഭയുടെ പോളിസിക്ക് വിരുദ്ധമായതുമായ നിയമനങ്ങൾ, സ്വജനപക്ഷപാതം ഇവയാണ് ഞങ്ങൾ ഉന്നയിച്ചിരുന്നത്. അതിനാൽ തന്നെ ഓരോന്നിനും വ്യക്തമായ വിശദീകരണം ഒരു ആരോപണത്തിന് ഒരു ലക്കം എന്ന നിലയിൽ തുടർമാനമായി മറുപടി പ്രസിദ്ധീകരിക്കുന്നതായിരിക്കും.**

# സ്വാതന്ത്ര്യ സുവിശേഷ റാലി നടത്തി



**പുന്നവേലി:** ഐ. പി. സി. പുന്നവേലി സെന്റർ ഇവാഞ്ചലിസം ബോർഡിന്റെ ആഭിമുഖ്യത്തിൽ ഓഗസ്റ്റ് 15ന് സെന്ററിന്റെ പരിധിയിൽ കോട്ടയം, പത്തനംതിട്ട ജില്ലകളിലായി പരസ്യയോഗവും ലഘുലേഖാ വിതരണവും നടത്തി. പുല്ലുകുത്തി ഹെബ്രോൻ സഭാഹാളിൽ സെന്റർ ശുശ്രൂഷകൻ പാസ്റ്റർ എം. പി. ജോർജ്ജുകുട്ടി ഉദ്ഘാടനം ചെയ്ത റാലിയിൽ സെന്ററിലെ 22 സഭകളിൽ നിന്നുള്ള വിശ്വാസികളും ശുശ്രൂഷകന്മാരുൾപ്പെടെ 150 പേർ പങ്കെടുത്തു.

# ഭാരവാഹികളെ തെരഞ്ഞെടുത്തു



ചർച്ച് ഓഫ് ഗോഡ് സൗത്ത് കേരളാ സ്റ്റേറ്റിന്റെ പ്രയർ സെൽ ഡിപ്പാർട്ടുമെന്റ് ഡയറക്ടർ പാസ്റ്റർ വൈ. ജോസ്, സെക്രട്ടറി പാസ്റ്റർ ലിജു നൈനാൻ എന്നിവർ ബോർഡ് അംഗങ്ങളോടൊപ്പം.

# ശുശ്രൂഷക സമ്മേളനം

**കുറവിലങ്ങാട്:** ഐ. പി. സി. വൈക്കം സെന്ററിന്റെ ശുശ്രൂഷക സമ്മേളനം കുറവിലങ്ങാട് സഭയിൽ വച്ച് നടന്നു. പാസ്റ്റർ എം. എം. എബനേസർ, സൈമൺ ജോസഫ്, എം. എം. പീറ്റർ തുടങ്ങിയവർ നേതൃത്വം നൽകി. പാസ്റ്റർ രാജു ആനിക്കാട്, ബ്രദർ ജോർജ്ജ് ഫിലിപ്പ് തെക്കേക്കര തുടങ്ങിയവർ ക്ലാസ്സെടുത്തു.

# പ്രാർത്ഥനാ സമ്മേളനം

**നിരണം:** യു. പി. എഫിന്റെ ആഭിമുഖ്യത്തിൽ ലോകസമാധാനത്തിനായുള്ള പ്രാർത്ഥന സമ്മേളനം സെപ്റ്റം. 2ന് 6 പി. എം. മുതൽ നിരണം ഐ. പി. സി. ഗ്രെയ്സ് സെന്ററിൽ വച്ച് നടന്നു. പാസ്റ്റർ വർഗീസ് മാത്യു നേതൃത്വം നൽകി.

Website
www.beljourn.com
www.bjournal. Org

# ഇറ്റാലിയൻ ഭാഷാ പഠനം




ജേക്കബ് വർഗ്ഗീസ്
തൊടുപുഴ, Mob : 9495380729



23

## LESSON 23
## Le domande? -
## _ലെ ദൊമാന്തെ - ചോദ്യങ്ങൾ

1. Come Si Chiama lei? - What is your name?
കൊമേസി ക്യാമ ലേയി? - താങ്കളുടെ പേരെന്താണ്?
Ans : Mi Chiamo Giacobe Varghese
മി ക്യാമോ ജാക്കോബെ വറുഗീസെ – My name is Jacob Vaghese
2. Come Stai lei ? - How do you do?
കൊമേസ്തായിലേയി? - താങ്കൾക്ക് സുഖമാണോ?
Ans : Sto bene grazie
സ്തോ ബേനേ ഗ്രാറ്റ്സിഎ – I am fine Thank you
3. Dove vai ?
ദോവെ വായ് – Where are you going
Ans : Io vado a Roma
ഇയോ വാദോ അ റോമാ – I am going to Roma
4. Che lingua Parla lei ? - Which language do you speak?
കെ ലിങ്കുവാ പാർലാലേയി - ഏതു ഭാഷയാണ് താങ്കൾ സംസാരിക്കുന്നത്
Ans : Io parlo Italiano - I speak Italian
ഇഒ പാർലോ ഇറ്റാലിയാനോ - ഞാൻ ഇറ്റാലിയൻ സംസാരിക്കുന്നു
5. Che ora e` ? - What is the time? കെ ഓറാ എ ? - സമയം എത്രയായി?
Ans: Sono le otto - 8'O Clock സോണോലെ ഓത്തോ – എട്ടു മണിയായി
6. E' spossato ? എസ്പൊസ്സാത്തൊ – Are you married?
Ans : Si - Yes, No - No
7. A che ora parte il treno ? - When does the train start?
അ കെ ഓറാ പാർത്തെ ഇൽ ത്രേനോ – ട്രയിൻ എപ്പോഴാണ് പുറപ്പെടുന്നത്
Ans : Sono Undici - 11'O Clock സോണോ ഉന്തിച്ചി - 11 മണിക്ക്
8. Hai visto Roma ? - Have you ever visited Roma?
ഹൈ വിസ്തോ റോമാ - റോമാ സന്ദർശിച്ചിട്ടുണ്ടോ?
Ans : Si - സി – Yes
9. Quonto costa Questo ? - What is the price?
ക്വാന്തോ ക്വസ്താ ക്വസ്തോ - ഇതിലെ വിലയെന്ത്?
Ans : tre Euro - 3 യൂറോ
10. Come Roma? - How Rome? കൊമേ റോമാ – റോമ എങ്ങനെയുണ്ട്
Ans : Roma Una bella citta, bellissimo - Rome is the most beautiful city റോമാ ഉനാ ബെല്ലാചിത്താ ബെല്ലീസ്സിമോ – റോമാ നഗരം സുന്ദരനഗരം

# പത്രപ്രവർത്തകനെ മർദ്ദിച്ചതിൽ പ്രതിഷേധിക്കുന്നു പാസ്റ്റർ ഫിലിപ്പ് പി. തോമസ്

**കുമ്പനാട്:** ഐ. പി. സി. കേരളാ സ്റ്റേറ്റ് പ്രസ്ബിറ്ററി അംഗീകരിച്ച ശുശ്രൂഷകനും ജനറൽ കൗൺസിൽ അംഗവുമായ പാസ്റ്റർ സുദർശനൻ പിള്ളയെ ഹെബ്രോൻപുരത്ത് വച്ച് മർദ്ദിച്ചതിൽ ഞാൻ പ്രതിഷേധിക്കുന്നു. ജനാധിപത്യ രാജ്യമായ ഇൻഡ്യയിൽ വിമർശിക്കുവാനുള്ള അവകാശം മാധ്യമങ്ങൾക്കും മറ്റ് പൗരന്മാർക്കും ഉണ്ട്. ആശയപരമായ വിയോജിപ്പുകളെ എതിർക്കേണ്ടത് മർദ്ദന മുറകളിലൂടെ അല്ല. അനീതിയ്ക്കെതിരെ ശബ്ദമുയർത്തുന്നവരെ കള്ളകേസുകളിൽ കുടുക്കുകയും മർദ്ദിക്കുകയും ചെയ്യുന്ന രീതി പെന്തക്കോസ്തിനു നിരക്കുന്നതല്ല. ഇത്തരം പ്രവർത്തനം മേലിൽ ഉണ്ടാകാതിരിപ്പാൻ ബന്ധപ്പെട്ടവർ ശക്തമായ നടപടി സ്വീകരിക്കണമെന്ന് ഐ. പി. സി. കേരളാ കൗൺസിൽ സെക്രട്ടറി പാസ്റ്റർ ഫിലിപ്പ് പി. തോമസ് പ്രസ്താവനയിലൂടെ ആവശ്യപ്പെട്ടു.

## കല്ലുകടി

### നേതാവ് ഉണർന്നു സെക്രട്ടറി ഔട്ട്

മിഷണറി വന്നതിന്റെ ഒരു നൂറ്റാണ്ട് സ്മരണ ആഘോഷിക്കുന്ന സഭയിലെ നേതാവ് ഉണർന്നിരിക്കുന്നു. അതിന്റെ ഫലമായി ഒരു ഡിപ്പാർട്ടുമെന്റിന്റെ സെക്രട്ടറി പുറത്താകുകയും ചെയ്തു. അതിന്റെയെല്ലാം പാപഭാരം പത്രക്കാരുടെമേൽ കെട്ടിവെച്ചു എന്നു മാത്രം. സംഗതി ഇതാണ് പ്രാർത്ഥിക്കുവാൻ ഒരു ബോർഡ് പ്രസ്ഥാനത്തിനുണ്ട്. അതിന്റെ ഡയറക്ടറും സെക്രട്ടറിയും ബോർഡ് അംഗങ്ങളുമൊക്കെ നിയമിതരായെന്നും ചൊവ്വാഴ്ച തോറും പ്രാർത്ഥന നടക്കുന്നുവെന്നും വിശ്വാസികളും ശുശ്രൂഷകരും അറിയുകയും ചെയ്തു. പ്രാർത്ഥനാ ബോർഡിന്റെ വക ഒരു ന്യൂസ് ലെറ്ററും സഭകളിലെല്ലാം വായിക്കുകയും ചെയ്തു. എന്നാൽ ഇപ്പോഴിതാ പുതിയ സെക്രട്ടറി അവതരിച്ചതായാണ് ഭരണകർത്താവ് പറയുന്നത്. പഴയ സെക്രട്ടറിയെ മാറ്റുവാൻ കാരണമായി നേതാവ് പറയുന്നത്, സെക്രട്ടറിയെ മാറ്റിയില്ലെങ്കിൽ തന്റെ കസേര ഇളകുമെന്നും പത്രക്കാർ എഴുതുമെന്നുമൊക്കെയാണത്രേ. എന്തോ വലിയ സങ്കീർണ്ണമായ പ്രശ്നം എന്ന നിലയിലാണ് ഏതായാലും നേതാവ് കാര്യങ്ങൾ കൈകാര്യം ചെയ്തത്. സംഗതി എന്തായാലും തന്റെ ഊർജ്ജസ്വലത അംഗീകരിക്കാതെ വയ്യ. ആരെങ്കിലും എഴുതുമെന്ന് പറഞ്ഞാൽ ഉടനെ നടപടിയെടുക്കത്തക്കനിലയിൽ ധാർമ്മികത പുലർത്തുന്ന സഭയുടെ ഈ കാവൽ പടയാളിയുടെ സദുദ്ദേശത്തിന്റെ മുമ്പിൽ ശിരസു നമിക്കാതെ വയ്യ. എങ്കിലും ചിലതൊക്കെ അറിയാതെ ചോദിച്ചു പോകേണ്ടിവരുന്നതിനാൽ തന്നെ മുൻകൂർ ജാമ്യം എടുക്കുന്നു. ഗുരുതരമായ ആരോപണങ്ങൾ നിലനിൽക്കുന്ന സണ്ടേസ്കൂൾ ഡിപ്പാർട്ടുമെന്റ് തലവനും ആരോപണവിധേയരായ മറ്റ് സ്ഥാനികൾക്കും ഇതൊന്നും ബാധകമല്ലേ? അതോ വലിയ മീനിനെ കാണുമ്പോൾ കണ്ണടയ്ക്കുന്ന കൊറ്റി സിൻഡ്രോം നേതാവിനെ ബാധിച്ചതാണോ. എളിയിടത്തേ വാതം കോച്ചൂ എന്നു കേട്ടിട്ടുണ്ട്. ഡോളറും നോട്ടുകെട്ടും അമേരിക്കൻ ബന്ധവും ഉള്ളവർക്ക് നിയമം ബാധകമല്ലല്ലോ. സംഗതിയെന്തായാലും നേതാവ് ഉണർന്നു നടപടി തുടങ്ങിയല്ലോ! ഇനി ഏതൊക്കെ നിസ്സാഹയരുടെ കസേര തെറിക്കുമോ? നിയമനം കൊടുക്കുക, ആരും അറിയാതെ പിൻവലിക്കുക ഇതൊക്കെ ഹോബിയായി കൊണ്ടു നടക്കുമ്പോൾ ഇനിയും ചിലരെയെങ്കിലും പാലത്തിൽ കയറ്റിയിട്ട് പാലം വലിക്കാതെ ഇരിക്കില്ല.

**അടിക്കുറിപ്പ്:** രണ്ടുവിധ അളവ് യഹോവ വെറുക്കുന്നുവെന്ന വചനം വായിക്കുന്നത് നന്നായിരിക്കും.

## മാധ്യമ വിചാരം....

01 ←

ങ്ങിയവർക്കുള്ള ഓഹരി പുറത്ത് പെട്രോളും ഡീസലും പുകച്ച് വാഹനം ചീറിപ്പായുന്ന പെരുവഴിയിൽ തന്നെ. ഇവിടെ വായനക്കാരന്റെ സഹിഷ്ണത ആവശ്യം. ബുദ്ധിയുള്ളവൻ ഇത്തരക്കാരുടെ 'നമ്പർ' തിരിച്ചറിയട്ടെ. അത് ഒരു പത്രക്കാരന്റെ നമ്പർ. ഹല്ലേല്ലുയ്യാ!

## വേദ പഠനം....

03 ←

പരീശന്മാരിൽ അഗ്രഗണ്യൻ, പഠിച്ചവൻ മാത്രമല്ല പഠിപ്പിക്കുവാനും അതിസമർത്ഥൻ. തിരുവെഴുത്തുകളെ കീറിമുറിച്ച് പരിശോധിക്കുന്നതിൽ അതിവിരുതൻ. ഈ ഗമാലിയേലിന്റെ കാൽക്കൽ ഇരുന്നു പഠിച്ചവൻ എന്ന് അഭിമാനത്തോടെയാണ് താൻ പറയുന്നത്. അന്നത്തെ പഠനം ഇന്നത്തെപ്പോൽ ഓക്സ്ഫോഡ്, കേംബ്രിഡ്ജ് യൂണിവേഴ്സിറ്റി ബിരുദധാരികളെ കടത്തിവെട്ടുന്ന ഗമാലിയേലിന്റെ പാദപീഠത്തിൽ ഇരുന്നു പഠിക്കുന്നവർക്കു ഉണ്ടായിരുന്നു. ഗമാലിയേലിന്റെ പഠനത്തെ ഗമാലിയേലിസം എന്നു പറയുന്നു.

# റൈറ്റേഴ്സ് ഫെലോഷിപ്പ് സെമിനാർ



**കല്യാൺ:** ചർച്ച് ഓഫ് ഗോഡ് റൈറ്റേഴ്സ് ഫെലോഷിപ്പ് ഇൻഡ്യാ മുംബൈ ചാപ്റ്ററിന്റെ ആഭിമുഖ്യത്തിൽ ഏകദിന സെമിനാർ ഓഗസ്റ്റ് 10നു കല്യാൺ ചർച്ച് ഓഫ് ഗോഡ് ഹാളിൽ നടന്നു. ചാപ്റ്റർ പ്രസിഡന്റ് പാസ്റ്റർ കെ. ഓ. സ്റ്റീഫന്റെ അദ്ധ്യക്ഷതയിൽ നടന്ന സെമിനാർ ചർച്ച് ഓഫ് ഗോഡ് സെൻട്രൽ വെസ്റ്റ് റീജിയൻ ഓവർസിയർ റവ. ജോസഫ് മാത്യു ഉദ്ഘാടനം ചെയ്തു. ഫെലോഷിപ്പ് ജനറൽ സെക്രട്ടറി പാസ്റ്റർ ജെ. ജോസഫും ഗോസ്പൽ എക്കോസ് എഡിറ്റർ പാസ്റ്റർ ജെയിസ് പാണ്ടനാടും ക്ലാസ്സുകൾ നയിച്ചു. ചാപ്റ്റർ സെക്രട്ടറി പാസ്റ്റർ ജോൺ സി. മുട്ടുവേലി സ്വാഗതവും ട്രഷറർ പാസ്റ്റർ റെജി പുന്നൂസ് കൃതഞ്ജ്ജതയും പറഞ്ഞു. വൈസ് പ്രസിഡന്റ് പാസ്റ്റർ ബിജു തങ്കച്ചൻ നേതൃത്വം നൽകി. 80 ഓളം പേർ പങ്കെടുത്തു.

# ഐ. പി. സി. നോർത്തമേരിക്കൻ സൗത്ത് ഈസ്റ്റ് റീജിയൻ കൺവൻഷൻ


## ദൃശ്യങ്ങൾ....



സദസ്സ്



ഇംഗ്ലീഷ് വർഷിപ്പ്



മലയാളം വർഷിപ്പ്



പാസ്റ്റർ മോറീസ് സാംസൺ



ജനറൽ കൗൺസിൽ മെമ്പർ ബാബു
കൊടുന്തറയോടൊപ്പം സംഘാടകർ



പാസ്റ്റർ വത്സൻ എബ്രഹാം & പാസ്റ്റർ ജയിംസ് ജോർജ്ജ്



പാസ്റ്റർ വിപി ജോസ്



ഗസ്റ്റ് സ്പീക്കേഴ്സിനോടൊപ്പം ഭാരവാഹികൾ



തിരുവത്താഴ ശുശ്രൂഷ

# ഡോ. കോര സംസാരിക്കുന്നു



1. കുക്ക് സായ്പിനുശേഷം ദൈവസഭയ്ക്ക് ഇത്രയും പ്രയോജനം ഉണ്ടാക്കിയ വേറൊരു ഓവർസിയർ ഇല്ലെന്ന് മുളക്കുഴയിലെ മെത്രാൻ പറഞ്ഞത് കോര കേട്ടോ? – മോൻസി മണ്ണാർക്കാട്

*കേട്ടു മോൻസീ. അതുകൊണ്ടായിരിക്കാമല്ലോ കുക്ക് സായ്പിന്റെ ശതാബ്ദി സമ്മേളനം വിജയിക്കാതിരിക്കുവാൻ കളി നടക്കുന്നത്.*

2. പ്രസ്ഥാനത്തിനായി മൂന്നരയേക്കർ സ്ഥലം താൻ പിരിവ് എടുത്ത് മേടിച്ചെന്ന് മെത്രാൻ സമ്മേളനങ്ങളിൽ പറഞ്ഞതായി വാർത്തയുണ്ടല്ലോ – ചെറിയാൻ, മുളക്കുഴ

*ഈ കാലയളവിൽ സ്വന്തമായി വല്ലതും മേടിച്ചോ ഇല്ലയോ? ഇതു കൂടെ വെളിപ്പെടുത്തിയിരുന്നെങ്കിൽ മഹത്വം വർദ്ധിച്ചേനേ.*

3. കുമ്പനാട് ഹെബ്രോനിലെ പോരാട്ടത്തിനു കാരണമെന്താ കോരേ? – സുബി, കുമ്പനാട്

*40 ദിന ഉപവാസപ്രാർത്ഥനയിൽ പലതിനെയും അഴിച്ചു വിട്ടിരുന്നു. പിടിച്ച് കെട്ടാഞ്ഞതിനാലാണ് പോരാട്ടം തുടർക്കഥയാകുന്നത്.*

4. അമേരിക്കയിൽ എല്ലാം ശാന്തമാണെന്ന് കേൾക്കുന്നല്ലോ? കോര എന്തു പറയുന്നു. – തമ്പാൻ , ഡാളസ്

*കോരയുടെ ആഗ്രഹവും അതുതന്നെയാണ് തമ്പാനേ... അത് അങ്ങനെ തന്നെ നിലനിൽക്കുകയും ചെയ്യട്ടെ. ഒളിഞ്ഞും തിരിഞ്ഞും ആരും പാരവെച്ച് സമാധാനം ഇല്ലാതാക്കാതിരുന്നാൽ മതി.*

# പാസ്റ്റർ സണ്ണി ഫിലിപ്പിനെ പാസ്റ്റർ ഓഫ് ദി ഇയർ നൽകി ആദരിച്ചു



**ന്യൂയോർക്ക്:** സെപ്റ്റംബർ 1ന് ഞായറാഴ്ച വൈകിട്ട് ന്യൂയോർക്കിൽ അസ്സോറിയ വേൾഡ് മാനറിൽ വെച്ചു നടന്ന പാസ്റ്റർ അപ്രിസിയേഷൻ ഡിന്നറിൽ പാസ്റ്റർ സണ്ണി ഫിലിപ്പിനെ പാസ്റ്റർ ഓഫ് ദി ഇയർ പദവി നൽകി ആദരിച്ചു. ന്യൂയോർക്ക് സ്റ്റേറ്റ് ഗവർണർ ആണ്ട്രൂ കോമോ നൽകിയ വിളംബരം പാസ്റ്റർ ഇമ്മാനുവേൽ ആസ്സെയിൽ നിന്നും പാസ്റ്റർ സണ്ണി ഫിലിപ്പ് ഏറ്റു വാങ്ങി.

ഇതു കൂടാതെ വാലിസ്ട്രീം മേയർ എഡ്വിൻ ഫെയർ, ഗേറ്റ്‌വേ ചർച്ച് ആ കമ്മ്യൂണിറ്റിയിൽ നൽകുന്ന സേവനങ്ങളെ മാനിച്ചും പ്രത്യേകം അവാർഡ് നൽകി പാസ്റ്ററെ ആദരിച്ചു.

ഓർഡിനേഷൻ ലഭിച്ചിട്ട് 25 വർഷം തികയുന്ന നാളുകളിൽ കഴിഞ്ഞ 25 വർഷങ്ങളായി ഇന്ത്യയിലും വിദേശ ഇന്ത്യാക്കാരുടെയിടയിലും ഒരു പാസ്റ്റർ എന്ന നിലയിലും ചെയ്തിട്ടുള്ള സേവനങ്ങളെ മാനിച്ചാണ് അവാർഡുകൾ നൽകിയത്. ന്യൂയോർക്ക് സിറ്റി കൗൺസിൽ, ന്യൂയോർക്ക് സ്റ്റേറ്റ് അസംബ്ലി, ന്യൂയോർക്ക് സിറ്റി മേയർ, ടൗൺ ഓഫ് ഹെമ്പ്സ്രേഡ്, കോൺഗ്രസ് വുമൻ കരോളിൽ മക്കാർത്തി എന്നിവരെ പ്രതിനീധികരിച്ചു പ്രത്യേകം പുരസ്കാരങ്ങൾ ഈ മീറ്റിംഗിൽ വെച്ചു പാസ്റ്റർ സണ്ണി ഫിലിപ്പിന് നൽകി.

വിവിധ വംശക്കാരനായ 300–ൽ അധികം പാസ്റ്ററുമാരും അതിഥികളും പ്രസ്തുത മീറ്റിംഗിൽ പങ്കെടുത്തു. അംബാസ്സിഡേഴ്സ് ഫോർ ക്രൈസ്റ്റ് ഇന്റർനാഷണൽ ഔട്ട് റീച്ച് മിനിസ്ട്രി ആണ് ഈ മീറ്റിംഗ് ക്രമീകരിച്ചത്.

## അമേരിക്കൻ വിശേഷം



രാജൻ ആര്യപ്പള്ളിൽ
ചെയർമാൻ

# ഉയരുന്ന യുദ്ധഭീഷണിയും സാമ്പത്തിക രംഗവും

അമേരിക്കൻ സമ്പത് വ്യവസ്ഥ പതിയെ പച്ചപിടിക്കുകയാണ്. സാമ്പത്തിക രംഗത്തെ അസ്ഥിരതയ്ക്ക് മാറ്റം വന്നിരിക്കുന്നു. സാമ്പത്തിക രംഗത്ത് വന്ന മാറ്റം എല്ലാ മേഖലയിലും കാണുവാനുമുണ്ട്. എന്നാൽ ലോകത്തെ മറ്റു പ്രധാന രാജ്യങ്ങളിലെല്ലാം സാമ്പത്തിക പ്രതിസന്ധി ദൃശ്യമാണ്. ഭാരതത്തിലെ വിലക്കയറ്റവും രൂപയുടെ മൂല്യത്തിൽ സംഭവിച്ച ഇടിവും ആശങ്ക ഉളവാക്കുന്നു. വിനിമയ നിരക്കിലെ അന്തരം വിദേശ ഭാരതീയർക്ക് സന്തോഷം പകരുമെന്നതിന് സംശയം വേണ്ട. അതുകൊണ്ടുതന്നെ ഇന്ത്യയിലേക്ക് പണം അയയ്ക്കുന്നവരുടെ എണ്ണം വർദ്ധിക്കുന്നു.

സിറിയയിൽ നടന്ന കൂട്ടക്കുരുതി ലോകമനസാക്ഷിയെ ഞെട്ടിക്കുന്നതായിരുന്നു. രാസായുധ പ്രയോഗത്തിലൂടെ സ്വന്തം ജനതയെ കൊന്നൊടുക്കുന്ന ഭരണകർത്താക്കളെ ആർക്കാണ് ന്യായീകരിക്കുവാൻ കഴിയുന്നത്. സ്വന്തരാജ്യത്ത് നിലനിൽപ്പിനായി പോരാടേണ്ടി വരിക എന്നത് എപ്പോഴും ദുഃഖകരമാണ്. സിറിയ്ക്കെതിരെ ലോകരാജ്യങ്ങളുടെ പ്രതിഷേധം ഉയരുമ്പോഴും സിറിയൻ ഭരണകർത്താക്കളെ അനുകൂലിച്ചും ചില രാജ്യങ്ങൾ രംഗത്ത് വന്നുകഴിഞ്ഞു. വീണ്ടും ഒരു യുദ്ധസാധ്യത എന്നത് ഇന്ത്യയെപ്പോലുള്ള രാജ്യങ്ങളെ വല്ലാതെ ബാധിക്കും. സിറിയൻ സംഭവങ്ങളുടെ പശ്ചാത്തലത്തിൽ ക്രൂഡോയിൽ വില ഉയർന്നത് ഇന്ത്യയിൽ വലിയ പ്രത്യാഘാതമാണ് ഉണ്ടാക്കിയത്. സമാധാനത്തിനായി പ്രാർത്ഥിക്കുവാൻ നാം കടപ്പെട്ടവരാണല്ലോ.

കഴിഞ്ഞാഴ്ചയിൽ അറ്റ്ലാന്റായിൽ നടന്ന ഐ. പി. സി. സൗത്ത് ഈസ്റ്റ് റീജിയൻ കൺവൻഷൻ ഏറ്റവും അനുഗ്രഹകരമായി സമാപിച്ചു. അറ്റ്ലാന്റയിൽ നടന്ന കൺവൻഷനുകളിൽ അനുഗ്രഹകരമായി നടന്ന ഒരു സമ്മേളനമായിരുന്നു ഇതെന്ന് പങ്കെടുത്തവരുടെ സാക്ഷ്യം സന്തോഷം നൽകി.

# സൗത്ത് ഈസ്റ്റ് റീജിയൻ കൺവൻഷന് അനുഗ്രഹ സമാപ്തി

കർത്താവ് നമുക്ക് അവസരങ്ങൾ നൽകുമ്പോൾ കാഴ്ചക്കാരായി നോക്കിനിന്ന് കൈവിടപ്പെട്ടുപോയ അവസരങ്ങളെ ഓർത്ത് വിലപിക്കാതിരിക്കുവാൻ ലഭിക്കുന്ന അവസരങ്ങളെ മുറുകെ പിടിക്കുവാനും ദൈവം ഒരുക്കിയിരിക്കുന്ന അനുഗ്രഹങ്ങൾ അതിലൂടെ പ്രാപിച്ചെടുക്കുവാനും റവ. വത്സൻ ഏബ്രഹാം ദൈവജനത്തെ ഉദ്ബോധിപ്പിച്ചു. ഓഗസ്റ്റ് 30,31, സെപ്റ്റംബർ 1 തീയതികളിലായി അറ്റ്ലാന്റായിൽ നടന്ന ഐ. പി. സി. നോർത്തമേരിക്കൻ സൗത്ത് ഈസ്റ്റ് റീജിയന്റെ വാർഷിക കൺവൻഷനിൽ മുഖ്യസന്ദേശം നൽകുകയായിരുന്നു റവ. വത്സൻ ഏബ്രഹാം. ഓഗസ്റ്റ് 30–ാം തീയതി വെള്ളിയാഴ്ച വൈകിട്ട് 7 മണിക്ക് ആരംഭിച്ച സമ്മേളനം സെപ്റ്റംബർ 1–ാം തീയതി ഞായറാഴ്ച നടന്ന സംയുക്ത ആരാധനയോടുകൂടി സമാപിച്ചു. പ്രഥമ രാത്രിയിൽ നടന്ന മീറ്റിംഗിൽ പാസ്റ്റർ ജി. സാമുവേൽ അദ്ധ്യക്ഷത വഹിച്ചു.

റീജിയൻ ജോയിന്റ് സെക്രട്ടറി ബ്രദർ രാജൻ ആര്യപ്പള്ളി വിവിധ സംസ്ഥാനങ്ങളിൽ നിന്നും കടന്നു വന്നവർക്ക് സ്വാഗതമേകി. റീജിയൻ പ്രസിഡന്റ് പാസ്റ്റർ കെ. സി. ജോൺ തന്റെ ഉദ്ഘാടന പ്രസംഗത്തിൽ സങ്കീർത്തനം 46 ഉദ്ധരിച്ചുകൊണ്ട് "ഒരു നദിയുണ്ട്; അതിന്റെ തോടുകൾ ദൈവനഗരത്തെ സന്തോഷിപ്പിക്കുന്നു". ദൈവത്തിന്റെ നദി ഈ മീറ്റിംഗുകൾ ഇവിടെ ഒഴുകട്ടെ എന്ന് ആശംസിച്ചു. അറ്റ്ലാന്റാ ഐ. പി. സി.യുടെ പ്രെയ്സ് ആന്റ് വർഷിപ്പ് ടീം മലയാളത്തിലും ഇംഗ്ലീഷിലും ഉള്ളസംഗീത ശുശ്രൂഷകൾക്ക് നേതൃത്വം നൽകി. വിശ്വാസത്തിന്റെ അനന്തമായ സാധ്യതകളെക്കുറിച്ചും അതിലൂടെ സാത്താന്യ പദ്ധതികൾ പരാജയപ്പെടുന്നതിനെക്കുറിച്ചും റവ. വത്സൻ ഏബ്രഹാം ദൈവവചനം വിവേചിച്ചു നൽകി. പാസ്റ്റർ പി. എ. കുര്യൻ പ്രസംഗം ലളിതമായ ഭാഷയിൽ പരിഭാഷപ്പെടുത്തി.

ശനിയാഴ്ച രാവിലെ 10 മണിക്ക് നടന്ന റീജിയൻ സോദരീ സമാജം മീറ്റിംഗിൽ പ്രസിഡണ്ട് സിസ്റ്റർ ലിസി ജേക്കബ് അദ്ധ്യത വഹിച്ചു. സെക്രട്ടറി സിസ്റ്റർ മിനി കുരുവിള സ്വാഗതമാശംസിച്ചു. കോട്ടയം സ്വദേശിയും ഹൈന്ദവ പശ്ചാത്തലത്തിൽ നിന്നും കടന്നുവന്ന് ദൈവത്താൽ ശക്തമായി ഉപയോഗിക്കപ്പെടുന്ന സിസ്റ്റർ കുഞ്ഞമ്മ സാമുവേൽ പ്രസംഗിച്ചു. സിസ്റ്റർ മേരിക്കുട്ടി ജോർജ്ജ് സംഗീതമാലപിച്ചു. അറ്റ്ലാന്റായാൽ നിന്നും ഫ്ളോറിഡയാൽ നിന്നുമുള്ള സഹോദരിമാർ സംഗീത ശുശ്രൂഷകർക്ക് നേതൃത്വം നൽകി. സിസ്റ്റർ അന്നമ്മ ജോർജ്ജ് നന്ദി അറിയിച്ചു.

ഉച്ചകഴിഞ്ഞ് റീജിയൻ കൗൺസിലും പ്രിസ്ബറ്ററിയും നടക്കുകയും വിവിധ വിഷയങ്ങൾ ചർച്ച ചെയ്ത് തീരുമാനം എടുക്കുകയും ചെയ്തു. ശനിയാഴ്ച വൈകിട്ട് നടന്ന സ്പെഷ്യൽ മ്യൂസിക് സെഷനിൽ പ്രശസ്ത ക്രൈസ്തവ ഗായകൻ ബിജു കുമ്പനാടും ഗായകനും കീബോഡിസ്റ്റും കമ്പോസറുമായ പാസ്റ്റർ റജി ഇമ്മാനുവേലും ചേർന്നൊരുക്കിയ സംഗീത വിരുന്ന് ഹൃദയാനന്ദകരമായിരുന്നു. തുടർന്ന് നടന്ന പൊതുയോഗത്തിൽ റീജിയൻ വൈസ് പ്രസിഡന്റ് പാസ്റ്റർ എ. സി. ഉമ്മൻ അദ്ധ്യക്ഷത വഹിച്ചു. റീജിയൻ ക്വയറുകൾ മലയാളം ഇംഗ്ലീഷ് പ്രെയ്സ് ആന്റ് വർഷിപ്പിനു നേതൃത്വം നൽകി. പാസ്റ്റർ വി. പി. ജോസിന്റെ ചെറു സന്ദേശം കടന്നു വന്നവരെ ആത്മീകാരാധനയിലേക്ക് നടത്തുവാൻ പര്യാപ്തമായി. റവ. വത്സൻ ഏബ്രഹാമിന്റെ പ്രസംഗം പാസ്റ്റർ ജെയിംസ് ജോർജ്ജ് മലയാളത്തിലേക്ക് പരിഭാഷപ്പെടുത്തി.

ഞായറാഴ്ച നടന്ന സമാപന സമ്മേളനത്തിലും ആരാധനയിലും പാസ്റ്റർ ജേക്കബ് ജോൺ (കൊളംബിയ, സൗത്ത് കരോലിനാ) അദ്ധ്യക്ഷത വഹിച്ചു. റീജിയൻ ക്വയർ സംഗീത ശുശ്രൂഷയ്ക്ക് നേതൃത്വം നൽകി. പാസ്റ്റർ സിബി കുരുവിള സങ്കീർത്തനത്തിൽ നിന്നും പ്രബോധിപ്പിച്ചു. പാസ്റ്റർ ജെയിംസ് ജോർജ്ജ് തിരുവത്താഴ സന്ദേശം നൽകി. പാസ്റ്റർ വർഗീസ് മത്തായി സമാപന സന്ദേശം നൽകി. റീജിയൻ പ്രസിഡന്റ് പാസ്റ്റർ കെ. സി. ജോൺ തിരുവത്താഴ ശുശ്രൂഷകർക്ക് നേതൃത്വം നൽകി. പാസ്റ്റർ വി. പി. ജോസ്, പാസ്റ്റർ ജി. സാമുവേൽ എന്നിവർ ശുശ്രൂഷയിൽ സഹായിച്ചു. റീജിയൻ സെക്രട്ടറി പാസ്റ്റർ മോറീസ് സാംസൺ നന്ദി പ്രകാശനം നടത്തി. റീജിയന്റെ പ്രഥമ പ്രസിഡണ്ടായിരുന്ന പാസ്റ്റർ ജോയ് ഏബ്രഹാമിന്റെ പ്രാർത്ഥനയോടും ആശിർവാദത്തോടുംകൂടെ അറ്റ്ലാന്റായിൽ നടന്ന കൺവൻഷൻ അനുഗ്രഹമായി പര്യവസാനിച്ചു.

അറ്റ്ലാന്റാ ഐ. പി. സി. സഭാജനങ്ങളുടെ കൃത്യനിഷ്ഠയോടുകൂടിയ പ്രാർത്ഥനയും പ്രവർത്തനങ്ങളുമാണ് ഈ കൺവൻഷനെ ഇത്രത്തോളം വിജയമാക്കിയത് യുവജനങ്ങൾ പ്രത്യേകം പ്രശംസയും നന്ദിയും അർഹിക്കുന്നു. കർത്താവിന്റെ വരവ് താമസിച്ചാൽ 2014 ൽ ലേബർഡേ വീക്കെന്റിൽ മയാമിയിൽ ഒന്നിച്ചുകൂടാം എന്നുള്ള പ്രത്യാശയോടെ ഫ്ളോറിഡ, ജോർജ്ജിയ, ടെന്നസി, സൗത്ത് കരോളിന എന്നീ സ്റ്റേറ്റുകളിൽ നിന്നും കടന്നു വന്ന ജനം തങ്ങളുടെ സ്വന്ത സ്ഥലങ്ങളിലേക്കു മടങ്ങിപ്പോയി.


## പാസ്റ്റർ ഫിലിപ്പ് പി. തോമസിന്റെ പ്രസംഗം പവർ വിഷൻ ടി. വി.യിൽ

POWERVISION
Showing the Right Way

ജീവന്റെ അപ്പം



കൺവൻഷൻ പ്രസംഗകനും എഴുത്തുകാരനുമായ പാസ്റ്റർ ഫിലിപ്പ് പി. തോമസിന്റെ പ്രസംഗം എല്ലാ വെള്ളിയാഴ്ചയും വൈകുന്നേരം 4 മണിക്കും ഞായറാഴ്ച രാവിലെ 4 മണിക്കും പവർ വിഷൻ ടി. വിയിൽ.

9496331715, 960552175

വിധിയും വിചാരണയും

# വാഗ്ദത്തങ്ങളുടെ സാധ്യത



രാജു ആനിക്കാട്

**ആയിരം വർഷങ്ങൾക്കുമുമ്പ് ദാവീദ് രേഖപ്പെടുത്തിയത് അതിന്റെ ദൈവിക സമയത്ത് ക്രിസ്തുവിൽ സംഭവിച്ചുവെങ്കിൽ നമ്മോടുള്ള ദൈവത്തിന്റെ ഓരോ പ്രവചനങ്ങളും കാലം എത്ര കടന്നുപോയാലും സംഭവിക്കത്തന്നെ ചെയ്യും. കാലദൈർഘ്യം ദൈവത്തിന്റെ വാഗ്ദത്തങ്ങൾക്ക് ഒരു കോട്ടവും വരുത്തുകയില്ല.**

**ബൈ**ബിൾ പ്രവചനങ്ങളുടെ നിവർത്തി എന്നും നമ്മെ ആവേശഭരിതമാക്കുന്നു. ദൈവീക വാഗ്ദത്തങ്ങളെ അവിശ്വസിക്കുന്നവർക്ക് നിവർത്തിയായ പ്രവചനങ്ങളെക്കുറിച്ചുള്ള പഠനങ്ങൾ പ്രചോദനവുമാണ്. ചില വാഗ്ദത്തങ്ങൾ കേട്ടിട്ട് ഏതാനും നാളുകൾ കാത്തിരുന്നു കഴിഞ്ഞ് ഒന്നും സംഭവിക്കാതെ വരുമ്പോൾ ഇനിയും ഒരിക്കലും അത് നിവർത്തിയാകുകയില്ലെന്ന് കരുതി അത്തരം ദൈവീക വാഗ്ദത്തങ്ങളെ എന്നന്നേക്കുമായി വിസ്മൃതിയിലേക്ക് തള്ളിക്കളയുന്നവർ ഒരുപാടുണ്ട്. പക്ഷെ ബൈബിൾ പ്രവചനങ്ങളുടെ കാലഘട്ടവും അത് സഫലമായ സമയവും പഠിക്കുമ്പോൾ ദൈവം ആണ് പറഞ്ഞതെങ്കിൽ അത് സംഭവിക്കാതിരിക്കുകയില്ല എന്ന് നമുക്ക് മനസിലാക്കാം.

ക്രിസ്ത്യാനിയും എക്കാലത്തും ഉത്സാഹഭരിതനാക്കുന്ന പ്രവചനങ്ങളാണ് ക്രിസ്തുവിനെക്കുറിച്ചുള്ളത്. അത്തരം ഒരു പ്രവചനം രണ്ടാം സങ്കീർത്തനം രേഖപ്പെടുത്തിയിട്ടുണ്ട്. രണ്ടാം സങ്കീർത്തനത്തിലെ പ്രവചനം കുറിച്ചു വയ്ക്കുമ്പോൾ ഇത് ആരെക്കുറിച്ച് പറയുന്നു എന്ന് ഇത് രേഖപ്പെടുത്തിയ ആളിനുപോലും മനസിലായിട്ടുണ്ടെന്ന് തോന്നുന്നില്ല. മറ്റ് പല സങ്കീർത്തനങ്ങളെപ്പോലെ ഇതിന്റെ രചിയതാവ് ആരാണെന്നുപോലും തലക്കെട്ടിൽ കൊടുത്തിട്ടില്ല. എന്നാൽ അപ്പൊ. പ്രവ. 4:25, 26ൽ നിന്നാണ് ഇത് ദാവീദ് പറഞ്ഞതാണെന്ന് നമുക്ക് മനസിലാകുന്നത്. ദാവീദിനെ നമ്മളിൽ പലരും പ്രവാചകനായി അംഗീകരിച്ചിട്ടുണ്ടോ എന്ന് സംശയമാണ്. കാരണം ഇന്നത്തെ പ്രവാചകന്മാരുടെ പരിധിയിലുള്ള വിഷയങ്ങളൊന്നുമല്ല ദാവീദ് ഉൾപ്പെടെയുള്ള പ്രവാചകന്മാരുടെ വിഷയം. അവരെല്ലാവരും ക്രിസ്തുവിന്റെ പൂർവ്വാസ്തിത്വവും ജനനവും മരണവും പുനരുത്ഥാനവും രാജവാഴ്ചയുമൊക്കെ പ്രവചിച്ചവരാണ്. അത്തരം ഒരു പ്രവചനമാണ് 2-ാം സങ്കീർത്തനം. ജാതികൾ കലഹിക്കുന്നതും വംശങ്ങൾ വ്യർത്ഥമായത് നിരൂപിക്കുന്നതും ഭൂമിയിലെ രാജാക്കന്മാർ ഒന്നിക്കുന്നതുമെല്ലാം ഈ സങ്കീർത്തനം പറയുന്നു. ദാവീദിന്റെ ജീവിതവുമായി ഇതിനെ സാമ്യങ്ങൾ ഉണ്ടെങ്കിലും ഒന്നാം നൂറ്റാണ്ടിൽ അപ്പൊസ്തലന്മാർക്കെതിരെ ശക്തമായ കൂട്ടുകെട്ടുകളും പോരാട്ടങ്ങളും ഉണ്ടായപ്പോൾ സഭ ഈ പ്രവചനവാക്യങ്ങൾ ഉദ്ധരിച്ച് പ്രാർത്ഥിക്കുന്നിടത്താണ് ഇതിന് നൂറ്റാണ്ടുകൾ പഴക്കമുള്ള ഒരു പ്രാവചനീക മാനം കൈവരുന്നത്.

യേശുക്രിസ്തുവിൽ ഈ പ്രവചനം നിവർത്തിയായതായി ഒന്നാം നൂറ്റാണ്ടിലെ സഭയുടെ പ്രാർത്ഥനയിലാണ് വെളിപ്പെടുന്നത്. ഈ കാര്യം യേശുക്രിസ്തുവിൽ സംഭവിക്കുന്നതിന് ഏതാണ്ട് ആയിരം വർഷം മുമ്പാണ് ഇത് രേഖപ്പെടുത്തിയത് എന്നത് നമ്മെ അത്ഭുതപ്പെടുത്തുന്നതാണ്. ക്രിസ്തുവിനെ പിടിച്ചുകെട്ടി പീഡിപ്പിക്കുവാൻ രാജാക്കന്മാരും മതമേലാധ്യക്ഷന്മാരും ഒന്നിച്ചിടത്ത് ദാവീദ് പറഞ്ഞ പ്രവചനം അക്ഷരംപ്രതി സംഭവിക്കുകയായിരുന്നു. പഴയനിയമ തിരുവെഴുത്തുകളെക്കുറിച്ച് ബോധ്യമുണ്ടായിരുന്ന ആദിമ സഭ അത് തിരിച്ചറിഞ്ഞു. സഭയ്ക്കും അതിന്റെ ആദ്യകാല നേതാക്കന്മാർക്കും എതിരെ ജാതീയ ശക്തികൾ ഒന്നിച്ച് അണിനിരന്നപ്പോഴും ഈ വചനം ഉച്ചരിച്ച് അവർ പ്രാർത്ഥിക്കുകയാണുണ്ടായത്. യേശുക്രിസ്തുവിനു വിരോധമായി ഭൂമിയിലെ രാജാക്കന്മാർ എഴുന്നേറ്റതുപോലെ അപ്പൊസ്തലന്മാർക്ക് വിരോധമായും ശക്തികൾ അണി നിരന്നപ്പോൾ അതേ വചനം അവർക്ക് വിടുതലിനു കാരണമായി തീരുകയാണ്. വചനം ഉച്ചരിച്ച് പ്രാർത്ഥിച്ചപ്പോൾ അവർ കൂടിയിരുന്ന സ്ഥലം കുലുങ്ങി. ഇത് ദൈവീക പ്രവചനങ്ങളുടെയും അരുളപ്പാടുകളുടെയും ശക്തിയാണ് വെളിപ്പെടുത്തുന്നത്.

ആയിരം വർഷങ്ങൾക്കുമുമ്പ് ദാവീദ് രേഖപ്പെടുത്തിയത് അതിന്റെ ദൈവിക സമയത്ത് ക്രിസ്തുവിൽ സംഭവിച്ചുവെങ്കിൽ നമ്മോടുള്ള ദൈവത്തിന്റെ ഓരോ പ്രവചനങ്ങളും കാലം എത്ര കടന്നുപോയാലും സംഭവിക്കത്തന്നെ ചെയ്യും. കാലദൈർഘ്യം ദൈവത്തിന്റെ വാഗ്ദത്തങ്ങൾക്ക് ഒരു കോട്ടവും വരുത്തുകയില്ല. പറഞ്ഞത് ദൈവമാണെങ്കിൽ തക്കസമയത്ത് അതു സംഭവിക്കുമെന്ന് വിശ്വസിക്കുന്നവരാണ് യഥാർത്ഥ വിശ്വാസികൾ. അതിനുവേണ്ടി കാത്തിരിക്കുകയാണ് ആവശ്യം.

---

ജേണൽ ഫോക്കസ്

# ഭക്ഷ്യബിൽ: പങ്കുവയ്ക്കലിന്റെ സമകാലിക വീക്ഷണങ്ങൾ



റവ. കെ.എം. ജോൺസൺ
പൂവൻതുരുത്ത്,
9497161022

**2009** ലെ തെരഞ്ഞെടുപ്പിൽ കോൺഗ്രസ് പ്രകടന പത്രികയിൽ വാഗ്ദാനം ചെയ്ത ഭക്ഷ്യ സുരക്ഷാ ബില്ലിനുള്ള അനുമതി ഇന്ത്യൻ പാർലമെന്റ് പാസ്സാക്കി. ഒരു സംസ്ഥാനത്തിന്റെയും ഭക്ഷ്യധാന്യ വിഹിതത്തിൽ കുറവു വരുത്താതെയാണ് പദ്ധതി നടപ്പാക്കുന്നതെന്ന് വകുപ്പുമന്ത്രി കെ. വി. തോമസ് പാർലമെന്റിൽ വ്യക്തമാക്കി. 2/9/2013 ചൊവ്വാഴ്ച അർദ്ധരാത്രി വരെ നീണ്ട ചർച്ചകൾക്ക് ഒടുവിലാണ് ബില്ലിന് അംഗീകാരം നൽകിയത്.

2011 ജൂലൈയിലാണ് ഭക്ഷ്യസുരക്ഷാ ബില്ലിനുള്ള നടപടികൾ ആരംഭിച്ചത്. കരടുബിൽ 2011 ജൂലൈയിൽ മന്ത്രിതല സമിതിയും ഡിസംബറിൽ കേന്ദ്രമന്ത്രിസഭയും അംഗീകരിച്ചിരുന്നു. കഴിഞ്ഞമാസം 26 ആണ് ബിൽ ലോകസഭയിൽ അവതരിപ്പിച്ചതും സഭ അംഗീകരിച്ചതും. ഭക്ഷ്യസുരക്ഷാ ബില്ലിനു പാർലമെന്റ് അംഗീകാരം നൽകിയതോടെ സമഗ്രമായ ഒരു ക്ഷേമപദ്ധതി നടപ്പാക്കാനുള്ള വഴി തെളിയുകയാണ്. സ്വാതന്ത്ര്യാനന്തര ഇന്ത്യയിലെ ഏറ്റവും സുപ്രധാന നിയമങ്ങളിലൊന്നാണ് ഇനി യാഥാർത്ഥ്യമാകാൻ പോകുന്നത്.

അടുത്തകാലത്തു രാജ്യത്ത് ഏറ്റവും അധികം ചർച്ചചെയ്യപ്പെട്ടതും കേന്ദ്രസർക്കാരിന്റെ ഈ ക്ഷേമ വാഗ്ദാനം തന്നെയായിരുന്നു. ഗ്രാമീണരിൽ 75% പേർക്കും നഗരവാസികളിൽ 50% പേർക്കും കുറഞ്ഞ വിലയ്ക്കു ധാന്യം ഉറപ്പാക്കുക എന്നതാണ് നിയമത്തിന്റെ കാതൽ. രാജ്യത്തിലെ നല്ലോരു വിഭാഗം അനുഭവിക്കുന്ന ആഹാരദാരിദ്ര്യം കുറച്ചുകൊണ്ടുവരാനായി ഗർഭിണികൾ, മുലയൂട്ടുന്ന അമ്മമാർ എന്നിവർക്കു പോഷകാഹാരവും സാമ്പത്തിക സഹായവും നിയമത്തിന്റെ ലക്ഷ്യങ്ങളിൽപ്പെടുന്നു. 14 വയസ്സ് വരെയുള്ള കുട്ടികൾക്കു പ്രത്യേക റേഷൻ ഉറപ്പു വരുത്തി ദാരിദ്ര്യവിഭാഗങ്ങളിലെ കുട്ടികളുടെ ആരോഗ്യം സംരക്ഷിക്കുന്നതിനും ഭക്ഷ്യസുരക്ഷാ നിയമം ശ്രമിക്കുന്നുണ്ട്.

ലോക രാജ്യങ്ങളിലെ ഏറ്റവും സൃഹത്തായ പൊതുവിതരണ സമ്പ്രദായമുള്ള രാജ്യമെന്ന നിലയ്ക്കു കൂടുതൽ ഉത്തരവാദിത്വം രാജ്യം ഏറ്റെടുക്കുകയാണ്. നിലവിലുള്ള കേന്ദ്രസർക്കാരിന്റെ കാലാവധി തീരുന്നതിനു മുമ്പ് തന്നെ നിയമം പ്രായോഗികമാക്കാനാണ് സർക്കാരിനു താൽപര്യം. എങ്കിലും ഒരു വർഷത്തെ സാവകാശം ഈ നിയമത്തിൽ അനുവദിക്കുന്നുണ്ട്. (ഇത് ഒരു ഇലക്ഷൻ തന്ത്രമായി കണക്കാക്കിയാൽ മതി. ബില്ല് ഓർഡിനൻസായി കൊണ്ടുവരുന്നതിനെതിരെ പ്രതിപക്ഷനേതാവ് അരുൺ ജെയ്റ്റലി പ്രമേയം അവതരിപ്പിച്ചിരുന്നു. 92നെതിരെ 118 വോട്ടുകളുടെ പിൻബലത്തിൽ പ്രമേയം തള്ളുകയും ചെയ്തു). കോൺഗ്രസ് സർക്കാർ നിലവിലുള്ള സംസ്ഥാനങ്ങളിലാണ് ആദ്യം പദ്ധതി നടപ്പാക്കുക. ഡൽഹിയിലും ഹരിയാനയിലും പദ്ധതി തുടക്കമിട്ടു കഴിഞ്ഞു. അതേ സമയം ബില്ലിൽ അനുശാസിക്കുന്നതിനേക്കാൾ തമിഴ്നാട് ഛത്തീസ്ഗഢ് സംസ്ഥാനങ്ങൾ സ്വന്തം നിലയിൽ മെച്ചമായി പൊതുവിതരണ സമ്പ്രദായം നടപ്പിലാക്കുന്നുണ്ടെന്നുള്ളത് ബില്ലിന് ഒരു ഓർമ്മപ്പെടുത്തലായി നില നിൽക്കുന്നു.

മുൻഗണനാ ക്രമത്തിൽ ഉൾപ്പെടുത്തേണ്ടവരെ കണ്ടെത്തൽ, വ്യാജ റേഷൻ കാർഡുകളുടെ ദുരീകരിക്കൽ, പൊതുവിതരണ സമ്പ്രദായത്തിൽ നിന്നും കരിഞ്ചന്തക്കാരെ പൂർണ്ണമായും മാറ്റി നിർത്തൽ തുടങ്ങിയവയിൽ നിന്നും കേന്ദ്രവും സംസ്ഥാന സർക്കാരുകളും ഇനിയും അനേകകാതം സഞ്ചരിക്കാനുണ്ട്.

ഇൻഡ്യൻ പൗരന്റെ ശാക്തീകരണത്തിനാണ് ഭക്ഷ്യസുരക്ഷാ നിയമം അടിസ്ഥാനശിലയിടുന്നത് എന്നത് കൗതുകവഹമാണ്. അതിന്റെ നിർവ്വഹണം കുറ്റമറ്റതാക്കിതീർക്കുന്നത് അഭികാമ്യവും.

ഇൻഡ്യാ മഹാരാജ്യത്തേക്കാൾ അതിബൃഹത്തായ ദൈവരാജ്യം എന്ന സഭയുടെ സമകാലിക വ്യവസ്ഥിതികളിലേക്ക് ഈ അവസരത്തിൽ നമ്മളൊന്ന് ഉറ്റുനോക്കുന്നത് ഉചിതമാണ്. സകല രാജ്യങ്ങൾക്കും നിയമങ്ങൾക്കും മാതൃകയായി വർത്തിക്കേണ്ടതും ദൈവരാജ്യത്തിലെ ക്ഷേമ വ്യവസ്ഥിതികൾ ലോകത്തിനു കാട്ടികൊടുക്കേണ്ടതുമായ ദൈവസഭയിലെ ദരിദ്ര വിശ്വാസികളുടെ ജീവിതസാഹചര്യങ്ങളും അവരുടെ സന്ധാരണ മാർഗ്ഗങ്ങളും, തൊഴിൽ സാധ്യതകളും പെൺമക്കളുടെ ഭാവിയും മറ്റും ദൈവത്താൽ അദ്ധ്യക്ഷസ്ഥാനം ഏറ്റെടുത്തിരിക്കുന്ന വിലയേറിയ കർത്തൃദാസന്മാർ കണ്ടില്ലെന്നു നടിക്കുന്നുണ്ടോ എന്നും വിഷയീഭവിക്കേണ്ടതാണ്. ദരിദ്രരായവരും ദരിദ്രരാക്കപ്പെട്ടവരും ദൈവരാജ്യം എന്ന ആത്മീയ വ്യവസ്ഥിതിയിൽ ഉണ്ട്. കൈയ്യടിക്കുന്നതും അന്യഭാഷപറയുന്നതും, ദാവീദിനെപ്പോലെ നടനമാടുന്നതും മാത്രമല്ല ദൈവരാജ്യവ്യവസ്ഥിതി എന്നും നാം അറിയേണ്ടതുണ്ട് (ജനറൽ കൺവൻഷനുകൾ അടുക്കുമ്പോൾ സ്വകാര്യ വാഹനങ്ങളുടെ പാർക്കിംഗ് സൗകര്യങ്ങളും ഹൈടെക് അക്കോമ്മഡേഷനും ചർച്ചചെയ്യുന്നവരും പാവങ്ങളായ വിശ്വാസികൾക്ക് ഭക്ഷണത്തിനായി വ്യയം ചെയ്യുന്ന ചെറിയ തുകകൾപോലും വലിയ ഫ്ളെക്സ് ബോർഡിൽ പ്രദർശിപ്പിക്കുന്നവരും ഒരു നേരത്തിന്റെ ആഹാരത്തിനായി തീച്ചൂട് ഏറ്റ് ദീർഘനേരം ക്യൂവിൽ നിൽക്കുന്ന വിളറിയും കരുവാളിച്ചതുമായ മുഖങ്ങളുടെ പങ്കെടുക്കൽ പ്രശ്നങ്ങൾ അജണ്ടയിൽ ഉൾപ്പെടുത്താറുണ്ടോ എന്നു പംക്തി സന്ദേശിക്കുന്നു).

ദൈവരാജ്യവ്യവസ്ഥിതിയുടെ സൂചനകൾ നമുക്കു വേദപുസ്തകത്തിൽ നിന്നും കണ്ടെത്താവുന്നതാണ്. "ദരിദ്രരെ ഓർത്തുകൊള്ളേണം" എന്നതായിരുന്നു സഭയിലെ തൂണുകളായി എണ്ണപ്പെട്ടിരുന്ന പത്രോസിന്റെയും യോഹന്നാന്റെയും യാക്കോബിന്റെയും നിർദ്ദേശം (ഗലാ.2:10) ആദിമ സഭയിലെ വിശ്വാസികളുടെ ജീവിത ചരിത്രം അപ്പൊ.പ്ര.2:44-47 വരെയുള്ള ഭാഗത്തു വായിക്കുവാൻ സാധിക്കും. വിശ്വസിച്ചവർ ചെയ്ത സന്ത്വനനടപടികളാണ് പ്രസ്തുത ഭാഗത്തു ലൂക്കോസ് രേഖപ്പെടുത്തിയിരിക്കുന്നത്. യെരുശലേമിൽ ക്ലൗദ്യോവിന്റെ കാലത്തുണ്ടായ മഹാക്ഷാമത്ത് അന്ത്യോക്യയിലെ ദൈവമക്കളുടെ സന്ത്വനടപടികൾ ലോകതദൃശ്യങ്ങളുടെ ജീവകാരുണ്യ സംരംഭങ്ങൾക്കു മാതൃകയായിരുന്നു എന്ന് എഴുതാതെ വയ്യ (അപ്പോ. പ്ര.11:27-30) ദൈവസഭയുടെ ഇന്നത്തെ വ്യവസ്ഥിതികൾ തിരുത്തേണ്ടതും തിരുത്തപ്പെടേണ്ടതും ആണെന്നും നിഷ്കർഷിക്കാതെ വയ്യ. ദൈവരാജ്യത്തിലെ വ്യവസ്ഥിതികളാണ് ഭൗതീക ലോകം മാതൃകയാക്കേണ്ടത്. എന്നാൽ ഭൗതീകലോകത്തിലെ വ്യവസ്ഥിതികൾ മാതൃകയാക്കേണ്ട ദുരവസ്ഥ ദൈവസഭയ്ക്കു വന്നുഭവിച്ചിരിക്കുന്നു!!!

1985 ൽ കോട്ടയത്തു കഞ്ഞിക്കുഴിയിൽ നടന്ന മെഗാ കൺവൻഷനിൽ തമിഴ്നാടുകാരനായ ഒരു അഗസ്റ്റിൻ ഗോമസ് പ്രസംഗിച്ചു "കോട്ടയത്തെ വിശ്വാസികളായ ധനാഢ്യന്മാരുടെ ബാങ്ക് അക്കൗണ്ടുകളിലെ ഭാരിച്ച ധനം ദരിദ്രവിശ്വാസികൾക്കായി തുറക്കപ്പെടേണ്ടതുണ്ട്". പിന്നീട് അഗസ്റ്റിൻ ഗോമസ് കോട്ടയം കണ്ടിട്ടില്ല എന്നുള്ളത് കൺവൻഷൻ ചരിത്രത്തിലെ അറിയപ്പെടാത്ത മർമ്മം.

## ലഹരി വിരുദ്ധ വാഹനറാലി



**തിരുവനന്തപുരം:** ഐ. പി. സി. തിരുവനന്തപുരം സൗത്ത് സെന്റർ പി. വൈ. പി. എ. ആഗസ്റ്റ് 15-ാം തീയതി രാവിലെ 10 മണിമുതൽ പുതുകുളങ്ങര ഐ. പി. സി. സഭയിൽ നിന്നും പൊന്മുടി വരെ ലഹരി വിരുദ്ധ സന്ദേശ വാഹന റാലി നടത്തി. സെന്റർ മിനിസ്റ്റർ പാ. വൈ. റോബർട്ട് ഉദ്ഘാടനം ചെയ്തു. പാ. വൈ. റോബർട്ട്, പാ. ബാബു കുട്ടൻ, പാ. ഡി. ജ്ഞാനദാസ്, സുവി. ജോർജ്ജ്, പാ. യോഹന്നാൻ എന്നിവർ ദൈവവചനം പ്രസംഗിച്ചു. 48 പേർ പങ്കെടുത്ത റാലിക്ക് സെന്റർ പി. വൈ. പി. എ. പ്രസിഡന്റ് പാ. ജേക്കബ് തോമസ്, സെക്രട്ടറി ബ്ര. ജയ്സൺ സോളമൻ ട്രഷറർ ബ്ര. ജോൺസൺ സോളമൻ എന്നിവർ നേതൃത്വം നൽകി.

## ഇന്ത്യൻ നേഴ്സിന് ഒമാനിൽ അംഗീകാരം



**കൊല്ലം-ശൂരനാട് :** സുൽത്താനേറ്റ് ഓഫ് ഒമാൻ ഗവൺമെന്റിൽനിന്നും 2012-2013 ലെ ഏറ്റവും നല്ല സ്റ്റാഫ് നേഴ്സ് എന്ന ബഹുമതി ത്രേസ്യാമ്മ ജോസഫി (ജാൻസി)ന് ലഭിച്ചു. സാധാരണയായി സ്വദേശികൾക്ക് മാത്രം ലഭിക്കാറുള്ള ഈ ബഹുമതി വിദേശികൾക്ക് കിട്ടുക പ്രയാസമാണ്. മസ്കറ്റ്, ഒമാൻ പെന്തക്കോസ്ത് അസംബ്ലി സഭാംഗവും, കൊല്ലം ജില്ലയിൽ ശൂരനാട് മംഗലത്ത് ഗിൽഗാൽ വീട്ടിൽ ഷിബു തോമസിന്റെ ഭാര്യയുമാണ്. കഴിഞ്ഞ ആഴ്ചയിൽ ഒമാൻ അധികാരികളിൽനിന്ന് ബഹുമതി പത്രം ഏറ്റുവാങ്ങുകയുണ്ടായി. ആലപ്പുഴ മെഡിക്കൽ കോളേജിലെ 1991-1994 ബാച്ച് ജനറൽ നേഴ്സ് വിദ്യാർത്ഥിയായിരുന്നു ത്രേസ്യാമ്മ. കോട്ടയം, ആലപ്പുഴ മെഡിക്കൽ കോളേജുകളിലും ജോലി നോക്കിയിട്ടുണ്ട്. ജോഹന്ന, ഡാനിയേൽ എന്നിവർ മക്കളാണ്.

## സുവിശേഷ പ്രവർത്തനം

**പട്ടാമ്പി:** ഐ. പി. സി. പട്ടാമ്പി ഏരിയായുടെ ഇവാഞ്ചലിസം ബോർഡിന്റെ സുവിശേഷ പ്രവർത്തനം 2013 ഓഗസ്റ്റഅ 12,13,14 തീയതികളിൽ ഏരിയായിലുള്ള മുളകുന്നത്തുക്കാവ് ലോക്കൽ സഭയുടെ ചുമതലയിൽ നടന്നു. പ്രവർത്തനങ്ങൾക്ക് പാസ്റ്റർ ചാക്കോ ദേവസ്യാ നേതൃത്വം നൽകി. ഇവിടെ പാസ്റ്റർ വർക്കി മത്തായി കുടുംബമായി പ്രവർത്തിക്കുന്നു.

## സ്വാതന്ത്ര്യ ദിന റാലി

**പത്തനംതിട്ട:** സി. ഈ. എം. പത്തനംതിട്ട ഡിസ്ട്രിക്ട് സ്വാതന്ത്ര്യദിന റാലി ഓഗസ്റ്റ് 15ന് നടന്നു. ഡിസ്ട്രിക്ട് മിനിസ്റ്റർ പാ. വി. ജെ. തോമസ് ഉദ്ഘാടനം ചെയ്തു. ചിറ്റാർ സെക്ഷൻ കേന്ദ്രീകരിച്ചു നടന്ന റാലി മണിയാറിൽ ആരംഭിച്ച് ചിറ്റാറിൽ സമാപിച്ചു. പാസ്റ്റർ കെ. എം. കുര്യാക്കോസ്, ജീസൺ ഡാനിയേൽ തുടങ്ങിയവർ നേതൃത്വം നൽകി.

## വാർഷിക കൺവൻഷൻ

**നിരണം:** യു. പി. എഫ്. പത്താമത് വാർഷിക കൺവൻഷൻ ഡിസം.12 മുതൽ 15 വരെ നിരണത്തു വച്ച് നടക്കും.

## ധാന്യ കിറ്റ് വിതരണം

**കുമ്പനാട്.-** മഴക്കെടുതിയിൽ ദുരിതമനുഭവിക്കുന്ന ആലപ്പുഴ ജില്ലയിലെ 300ൽ അധികം കുടുംബങ്ങൾക്ക് പെന്തെക്കോസ്ത് യുവജനസംഘടന സംസ്ഥാനസമിതിയുടെ നേതൃത്വത്തിൽ ധാന്യ കിറ്റുകൾ വിതരണം ചെയ്തു. പത്തു കിലോ അരി, 2 കിലോ പയർ, 2 കിലോ പഞ്ചസാര, ഒരു ലിറ്റർ വെളിച്ചെണ്ണ എന്നിവ അടങ്ങിയ കിറ്റാണ് വിതരണം ചെയ്തത്. പി.വൈ.പി.എ സംസ്ഥാന പ്രസിഡന്റ് വിൽസൺ വേങ്ങൂർ സംസ്ഥാനതല ഉദ്ഘാടനം നിർവ്വഹിച്ചു. പി.വൈ.പി.എ UAE റീജിയൻ സെക്രട്ടറി പാസ്റ്റർ ഡിലു ജോൺ മുഖ്യ സന്ദേശം നൽകി. പ്രൊഫ. മാത്യു നെല്ലിക്കമൺ പ്രസംഗിച്ചു. ജില്ലയിലെ നാലു സ്ഥലങ്ങൾ കേന്ദ്രീകരിച്ച് നടന്ന ധാന്യ കിറ്റിന്റെ വിതരണോദ്ഘാടനം പാസ്റ്റർ ഏബ്രഹാം ജോർജ്ജ്, റോയി പൂവക്കാല, വി.ജെ. തോമസ്സ്കുട്ടി, സാബു ചാപ്രത്ത് എന്നിവർ നിർവ്വഹിച്ചു. പി.വൈ.പി.എ സംസ്ഥാന സമിതിയംഗങ്ങളായ ഷിനോജ്, കെ.ബി. ബിനു, ജോബി ജോസഫ്, അജു അലക്സ്, സുനിൽ മാത്യു, ജസ്റ്റിൻ, പാസ്റ്റർ ഷാജി തുടങ്ങിയവർ നേതൃത്വം നൽകി.

## വിദ്യാഭ്യാസ സഹായ വിതരണം

**തിരുവനന്തപുരം:** ഐ. പി. സി. തിരുവനന്തപുരം സൗത്ത് സെന്റർ പി. വൈ. പി. എ. സെന്ററിലെ 18 സഭകളിലെ 34 വിദ്യാർത്ഥികൾക്ക് വിദ്യാഭ്യാസ സഹായം റസ്സൽപുരം സഭയിൽ നടന്ന മാസയോഗത്തിൽ നൽകുകയുണ്ടായി. സെന്റർ മിനിസ്റ്റർ പാ. വൈ. റോബർട്ട് സഹായം വിതരണം ചെയ്തു. സെന്റർ പി. വൈ. പി. എ. പ്രസിഡന്റ് പാ. ജേക്കബ് തോമസ്, സെക്രട്ടറി ബ്ര. ജയ്സൺ സോളമൻ, ജോ. സെക്രട്ടറി ബ്ര. എബിൻ ഇ. എസ്., ബ്ര. വിൽഫ്രഡ് മോഹൻ എന്നിവർ നേതൃത്വം നൽകി.

## മാദ്ധ്യമ സംവാദം നടത്തി

**മുംബൈ:** മുംബൈ ക്രിസ്ത്യൻ റൈറ്റേഴ്സ് ഫോറത്തിന്റെയും കാർമ്മേൽ വോയ്സ് മാസികയുടെയും ആഭിമുഖ്യത്തിൽ മാധ്യമ സംവാദം നടത്തി. നെരുൾ ചർച്ച് ഗോഡ് ഹാളിൽവച്ച് നടന്ന സംവാദം ചർച്ച് ഓഫ് ഗോഡ് സെൻട്രൽ വെസ്റ്റ് റീജിയൺ ഇവാഞ്ചലിസം ഡയറക്ടർ റവ. വി.ഒ. വർഗ്ഗീസ് ഉദ്ഘാടനം ചെയ്തു.'ദുരുപദേശ ഖണ്ഡനവും ക്രൈസ്തവ മാധ്യമങ്ങളും' എന്ന വിഷയത്തെ ആധാരമാക്കി പാ. ജെയ്സ് പാണ്ടനാട് പ്രബന്ധം അവതരിപ്പിച്ചു. പാ. മോൻസി വിളയിൽ മോഡറേറ്ററായിരുന്നു. പാസ്റ്റർമാരായ പോൾ വർഗ്ഗീസ്, ജോൺ സി. മുട്ടുവേലി, ജയൻ കെ. തോമസ്, റെജി തോമസ് എന്നിവർ ചർച്ചകൾ നയിച്ചു.

## സ്വാതന്ത്ര്യദിന സന്ദേശ റാലി

**വൈക്കം:** ഐ. പി. സി. വൈക്കം സെന്ററിന്റെ ഇവാഞ്ചലിസം ബോർഡിന്റെ ആഭിമുഖ്യത്തിൽ ആഗസ്റ്റ് 15ന് സ്വാതന്ത്ര്യദിന സന്ദേശ റാലി നടന്നു. പാസ്റ്റർ രാജൂ ആനിക്കാട് ഫ്ളാഗ് ഓഫ് ചെയ്ത റാലി വൈക്കം സെന്ററിന്റെ വിവിധ സ്ഥലങ്ങൾ സന്ദർശിച്ച് സാമൂഹ്യവിപത്തുകൾക്കെതിരെ ബോധവൽക്കരണ പ്രഭാഷണങ്ങൾ നടത്തി. സമാപന സമ്മേളനം കുറവിലങ്ങാട് ടൗണിൽ നടന്നു. പാസ്റ്റർമാരായ എം. എം. എബനേസർ, സി. സി. ജോണിക്കുട്ടി, ബിനു ബി. ഡാനിയേൽ, പി. കെ. സാബു, ബാബു സി .ആർ, റെജി ചെറിയാൻ, കെ. ജെ. ബേബി തുടങ്ങിയവർ പ്രസംഗിച്ചു.

## കൺവൻഷൻ

**ചെന്നൈ:** ചെട്ട്പെട്ട് ന്യൂ ഇന്ത്യാ ചർച്ച് ഓഫ് ഗോഡ് മഹനീയം ഗോസ്പൽ സെന്റർ കൺവൻഷൻ സെപ്റ്റംബർ 14നു ചെട്ട്പെട്ട് എം. സി. സി. സ്കൂൾ ഓഡിറ്റോറിയത്തിൽ നടക്കും. ഇവാ. ജോർജ്ജ് ഫിലിപ്പ് പ്രസംഗിക്കും. ബ്ലസ് വോയ്സ് ഗാനങ്ങൾ ആലപിക്കും. പകൽ യോഗത്തിൽ പാസ്റ്റർമാരായ സാംസൺ പോൾ, ബിജു തമ്പി, സിസ്റ്റർ തങ്കമ്മ ഏബ്രഹാം, എസ്ഥേർ, ഹേമാ ജോൺ എന്നിവർ പ്രസംഗിക്കും. പാസ്റ്റർ ആർ. സജികുമാർ നേതൃത്വം നൽകും.

## നിത്യതയിൽ



### ഇവാ. ഈ. വി. സ്കറിയാ

**വാളകം:** വാളകം ഇന്ത്യാ പെന്തക്കോസ്ത് ദൈവസഭാ ആദ്യകാല വിശ്വാസിയും നെല്ലാട് ഇന്ത്യാ പെന്തക്കോസ്ത് ദൈവ സഭാ സ്ഥാപകനിൽ പ്രധാനിയും ആയ ഇടപ്പായിൽ ഇവാ. ഈ. വി. സ്കറിയാ (77) വാളകം സഭാ ഹാളിൽ വച്ച് ആഗസ്റ്റ് 15-ാം തീയതി നടത്തപ്പെട്ട മാസയോഗത്തിൽ ശുശ്രൂഷിച്ചുകൊണ്ട് നിൽക്കവേ ഹൃദയാഘാതത്താൽ കർത്തൃസന്നിധിയിൽ ചേർക്കപ്പെട്ടു. ശവസംസ്കാര ശുശ്രൂഷ നെല്ലാട് ഇന്ത്യാ പെന്തക്കോസ്ത് ദൈവസഭാ ശുശ്രൂഷകൻ പാസ്റ്റർ കെ. എം. മാത്യുവിന്റെ നേതൃത്വത്തിൽ 17-ാം തീയതി ശനിയാഴ്ച ഉച്ചയ്ക്ക് 1 മണിക്ക് അനേകം ദൈവദാസന്മാരുടെയും വിശ്വാസികളുടെ സാന്നിധ്യത്തിൽ പാസ്റ്റർ കെ. എം. ജോസഫ് ശവസംസ്കാര ശുശ്രൂഷ നിർവ്വഹിച്ചു. ഭാര്യ തിരുവല്ല മേൽപാടം കോട്ടയിൽ കുടുംബാംഗയായ ഡെയിസി സ്കറിയ. ഏകമകൻ സാം ദാസ് സ്കറിയാ ബഥനി മെഡിക്കൽ സെന്റർ ആനക്കട്ടി ഹോസ്പിറ്റൽ അഡ്മിനിസ്റ്റർ ആയി പ്രവർത്തിക്കുന്നു.

### പാസ്റ്റർ എം.സി. ബെഞ്ചമിൻ



**മുണ്ടക്കയം:** ഐ.പി.സി പനയ്ക്കച്ചിറ സഭാ പാസ്റ്ററും മുണ്ടക്കയം സെന്റർ സീനിയർ ശുശ്രൂഷകനുമായ പാസ്റ്റർ എ.സി ബെഞ്ചമിൻ (ജോയ് 61) ഓഗസ്റ്റ് 14ന് കർത്തൃസന്നിധിയിൽ ചേർക്കപ്പെട്ടു. സംസ്കാരം പതിനഞ്ചിന് മൂണ്ടക്കയം സെന്ററിന്റ ചുമതലയിൽ വണ്ടൻപതാൽ സഭാ സെമിത്തേരിയിൽ പാസ്റ്റർ കെ.എം ജോൺ നടത്തി.ഭവനത്തിൽ നടന്ന ശുശ്രൂഷകൾക്ക് പാസ്റ്റർ വി.എം ജേക്കബ് നേതൃത്വം നൽകി പാസ്റ്റർമാരായ കെ.സി. ജോർജ്ജ്, സാം തോമസ്, സണ്ണി ഏബ്രഹാം എന്നിവർ പ്രധാന സന്ദേശം നൽകി.പാസ്റ്റർമാരായ കെ.സി. പൗലോസ്, ജോസഫ്കുട്ടി, വർഗ്ഗീസ് കുര്യൻ,പി.കെ.ജോൺസൺ,കെ.ആർ.രാജു,റ്റി.ജെ.ചാക്കോ തുടങ്ങിയവർ പ്രസംഗിച്ചു.ഐപിസിയുടെ വാളടി,ചീന്തലാർ,വണ്ടൻപതാൽ തുടങ്ങിയ സ്ഥലങ്ങളിൽ ശുശ്രൂഷകനായിരുന്നു.മുണ്ടക്കയം സെന്റർ മുൻ സെക്രട്ടറിയായിരുന്നു.മലയോര മേഖലകളിൽ സുവിശേഷം അറിയിക്കുന്നതിനും,അനേകം പുതിയ സഭകൾ സ്ഥാപിക്കുന്നതിനും നേതൃത്വം നൽകി. ഭാര്യ:മല്ലപ്പള്ളി കാഞ്ഞിരത്തിങ്കൽ ഗ്രേസമ്മ ബെഞ്ചമിൻ, മക്കൾ: ജിപ്സൺ( ജാർഖണ്ഡ്),ജിപിൻസൺ,ജിമിനി, മരുമക്കൾ: അനിത, എബി.

## ബൈബിൾ ക്വിസ് മത്സരം

**തിരുവനന്തപുരം:** തിരുവനന്തപുരം മേഖല പി. വൈ. പി. എ. 2013 സെപ്റ്റംബർ മാസം 21-ാം തീയതി ശനിയാഴ്ച രാവിലെ 9 മണിമുതൽ പേരൂർക്കട ഐ. പി. സി. ഫെയ്ത്ത് സെന്ററിൽ ബൈബിൾ ക്വിസ് മത്സരം (ഗ്രൂപ്പ്, സിംഗിൾ) നടത്തുന്നു. ഒരു ഗ്രൂപ്പിൽ 3 പേർക്ക് പങ്കെടുക്കാം. ഗ്രൂപ്പ് മത്സരത്തിന് ഒന്നാം സമ്മാനം 6000 രൂപയും രണ്ടാം സമ്മാനം 3000 രൂപയും മൂന്നാം സമ്മാനം 1500 രൂപയും സിംഗിൾ മത്സരത്തിന് ഒന്നാം സമ്മാനം 2000 രൂപയും രണ്ടാം സമ്മാനം 1000 രൂപയും മൂന്നാം സമ്മാനം 500 രൂപയും ആണ്. ഉച്ചഭക്ഷണം ക്രമീകരിക്കുന്നതാണ് രജിസ്ട്രേഷൻ ഫീസ് ഒരു ഗ്രൂപ്പിന് 200 രൂപ. സിംഗിൾ 50 രൂപ. അപേക്ഷകൾ സ്വീകരിക്കുന്ന അവസാന തീയതി 05/09/2013. അപേക്ഷാ ഫോറത്തിനും കൂടുതൽ വിവരങ്ങൾക്കും ബ്രദ. ജെയ്സൺ സോളമൻ, 9400365828, 8281805528. Email- Jaison solomon@gmail.com

Free Online Bible School and More!
എല്ലാ വിശ്വാസികൾക്കും
Only dispensational Bible School in India
in Malayalam and English



☞ വീട്ടിലിരുന്ന് ബൈബിൾ പഠിക്കുവാനൊരു സുവർണാവസരം
☞ ഗ്രെയ്സ് സ്കൂൾ ഓഫ് ദി ബൈബിൾ അവതരിപ്പിക്കുന്നു
ദൈവവചന പാഠങ്ങളുടെ അതിശയിപ്പിക്കുന്ന കളക്ഷൻ
☞ MP3, MP4 & PDF ഫോർമാറ്റിൽ
പഠിക്കുവാൻ താത്പര്യമുള്ളവർ
Please visit & register your name
http://www.graceindiaministry.org
Visitors: Free download text, play video / mp3
Members: Download mp3 & video files
Students: On line test - get a degree and more.




For more information: Phone number 9995481237

ലേഖനം

# നവയുഗ പെന്തക്കോസ്തും ചെകുത്താൻ ത്രികോണവും



ഷൈജു ഡാനിയേൽ അടൂർ

അറ്റ്ലാന്റിക് സമുദ്രത്തിന്റെ വടക്ക് ബർമുഡക്കും ഫ്ളോറിടക്കും പ്യൂട്ടോറിക്കക്കുമിടയിലുള്ള സമുദ്രഭാഗമായ ബർമുഡ ട്രയാങ്കിൾ എന്ന പേരിൽ അറിയപ്പെടുന്ന ചെകുത്താൻ ത്രികോണത്തെ ചുറ്റിപറ്റിയുള്ള മത-ശാസ്ത്ര മണ്ഡലങ്ങളിലെ ആശയപരമായ തർക്കങ്ങൾ തമ്മിലുള്ള വടം വലികൾ ആരംഭിച്ചിട്ട് കാലങ്ങൾ ഏറെയായി. ആകൃതിയിലെ ത്രികോണ സ്വഭാവം കണക്കിലെടുത്തും ബർമുഡയ്ക്ക് അടുത്തായി സ്ഥിതി ചെയ്യുന്നതിനാലും ആകാം ഇത്തരത്തിലുള്ള ഒരു പേരിടലിനു ശാസ്ത്രലോകത്തെ പ്രേരിപ്പിച്ചത്. 1945 ഡിസം.3നു അമേരിക്കയുടെ ബോംബർ വിമാനം ഫ്ളൈറ്റ് -19, പതിമൂന്നോളംജീവനക്കാരുമായി ഈ പ്രദേശത്തു അപ്രത്യക്ഷമായത് മുതൽക്കാണ് ഇവിടം ലോക ശ്രദ്ധ നേടുന്നത്. തുടർന്ന് ഒരുപാട് വിമാനങ്ങളും ചെറു ബോട്ടുകളും കപ്പലുകളും ഇവിടെ നിന്നും കാണാതായതോടെ പിശാചിന്റെ വിഹാര കേന്ദ്രമായി ഈ ചെകുത്താൻ ത്രികോണം അറിയപ്പെട്ടു.. ഈ ത്രികോണസ്ഥലത്തെ അമ്പരിപ്പിക്കുന്ന മറ്റൊരു കാഴ്ച ഇവിടെ ഇടയ്ക്കിടെ കണ്ടെടുത്ത ആളില്ലാ കപ്പലുകൾ ആയ പ്രേത കപ്പലുകളാണ്. ഇത്തരം കപ്പലുകൾ സമുദ്ര സഞ്ചാരികളുടെ പേടി സ്വപ്നം ആണ്. മറ്റുള്ള കപ്പലുകൾക്കും ഒക്കെ ഇത് പലപ്പോഴും ദുരന്ത കാരണമാകാറുണ്ട്. ഈ സ്ഥലത്തെ ചൊല്ലി ആക്ഷേപങ്ങളും അഭിപ്രായങ്ങളും ഒരുപാട് ഉയർന്നു. അന്യഗ്രഹ ജീവികൾ ആണ് ഇവിടുത്തെ അപകടങ്ങൾക്കു പിന്നിൽ എന്ന് ഒരു കൂട്ടർ വാദിച്ചു. 1947 ജൂൺ 25നു വിമാനം പറപ്പിക്കവേ തളികക്ക് തുല്യമായ വസ്തുക്കളെ ആകാശത്തിൽ കണ്ടു എന്ന് പൈലറ്റ് അവകാശപ്പെടുകയുണ്ടായി. അതിനു പറക്കും തളിക എന്നു ലോകം വിശേഷിപ്പിച്ചു. ഗ്രീക്ക് പുരാണങ്ങളുമായി ഒക്കെ ബന്ധപ്പെടുത്തി ഒരുപാട് നിർമ്മിത കഥകൾ പ്രചരിച്ചു.

എന്നാൽ ഇതിൽ നിന്നും വ്യത്യസ്തമാണ് ശാസ്ത്രമതം. ഈ സ്ഥലത്ത് കാന്തിക ശക്തി കൂടുതൽ ആണെന്നും ഇതാണ് വസ്തുക്കളെ അതിന്റെ ഉള്ളിലേക്ക് ആകർഷിക്കുന്നത് എന്നും ഇടയ്ക്കിടയ്ക്ക് ഉണ്ടാകുന്ന ചുഴലിക്കാറ്റും ഈ കാന്തിക ശക്തിയും കൂടി കപ്പലുകളെയും വിമാനങ്ങളെയും അപകടത്തിൽപ്പെടുത്തുന്നു എന്നും ഈ ഭാഗത്ത് കടലിന്റെ അടിയിൽ ശക്തമായ ഒഴുക്ക് ഉണ്ടെന്നും ഗൾഫ് സ്ട്രീം എന്ന് വിളിക്കുന്ന ഈ ഒഴുക്കാണ് ഇതിനു പിന്നിൽ എന്നും വിവിധമായ അഭിപ്രായങ്ങൾ നിലനിൽക്കുന്നു. എന്തായാലും മിത്തുകളും അത്ഭുതങ്ങളും ശാസ്ത്രവാദങ്ങളും ഒക്കെയായി ഈ ചെകുത്താൻ ത്രികോണം ഇന്നും വേറിട്ട് നിൽക്കുക തന്നെയാണ്. മത ശാസ്ത്ര മണ്ഡലങ്ങളിലെ വ്യത്യസ്ത അഭിപ്രായങ്ങളെ ഒരുമിച്ചു ചിന്തിച്ചാൽ നശീകരണ സ്വഭാവം ഏറെയുള്ള സ്ഥലമാണ് ഇതെന്ന് മനസിലാകും. ഇതിന്റെ അരികിലൂടെ പോകുന്ന എല്ലാറ്റിനെയും തന്നിലേക്ക് അടുപ്പിച്ച് നശിപ്പിച്ചു കളയുക എന്നതാണ് ഈ ചെകുത്താൻ ത്രികോണത്തിന്റെ പൊതു സ്വഭാവം.

ചെകുത്താൻ ത്രികോണവും പെന്തക്കോസ്തും തമ്മിൽ എന്ത് ബന്ധം? ചെകുത്താൻ ത്രികോണത്തിന്റെ അദൃശ്യ വിളയാട്ടം എന്ത് മാറ്റങ്ങൾ ആണ് ആത്മീയ സമൂഹത്തിൽ ഉണ്ടാകുന്നത് എന്നത് തിരിച്ചറിയപ്പെടേണ്ടതാണ്. പെന്തക്കോസ്തും ചെകുത്താനും രണ്ടു സമാന്തര രേഖകളാണ്. ഒരിക്കലും കൂട്ടിമുട്ടരുത് എന്ന് ആഗ്രഹിച്ചു ദൈവത്തിൽ നിന്നും നിയോഗവും ശരിയായ ദർശനവും പ്രാപിച്ചു ആത്മാവിനാൽ നമ്മുടെ പിതാക്കന്മാർ കത്തിച്ച പെന്തക്കോസ്തിന്റെ ദീപത്തെ ഊതി കെടുത്തി ദൈവവചനത്തിന്റെ ദർശനങ്ങളിൽ നിന്നും ജനത്തെ അകറ്റി കളഞ്ഞ് നശീകരണ സ്വഭാവത്തോടെ ആത്മീക മണ്ഡലത്തെ പിടിമുറുക്കുവാൻ അരയും തലയും മുറുക്കി എഴുന്നേറ്റിരിക്കുകയാണ് ഈ ചെകുത്താൻ ത്രികോണത്തിന്റെ വശീകരണ വക്താക്കൾ. വിവിധവും അന്യവുമായ ഉപദേശങ്ങളാൽ ഈ വശീകരണ തന്ത്രം നമ്മെ വലിച്ചുകൊണ്ടു പോകാൻ സാധ്യത വളരെയാണ് എന്ന് ദൂരവേ കണ്ടുകൊണ്ടാകണം “വിവിധവും അന്യവുമായ ഉപദേശങ്ങളാൽ ആരും നിങ്ങളെ വലിച്ചുകൊണ്ടുപോകരുത്” എന്ന് എബ്രായ ലേഖനം 13:9 ൽ രേഖപ്പെടുത്തിയത്. കൃപയാൽ വിളിച്ച ക്രിസ്തുവിനെ വിട്ടു വേറൊരു സുവിശേഷത്തിലേക്ക് മറിഞ്ഞുപോകുന്ന ഈ നവയുഗ പ്രവണതയെ അർഹിക്കുന്ന ഗൗരവത്തോടെ നാം കാണേണ്ടതുണ്ട്. വചന വിരുദ്ധമായ സന്ദേശങ്ങൾ പ്രചരിപ്പിച്ചു തനതായ സുവിശേഷത്തെ അറിയുവാൻ ആഗ്രഹിക്കുന്നവരെ പോലും അന്യഥാ ഉപദേശ കുറ്റികളിൽ തളച്ചിടുന്ന നവയുഗ ആത്മീയത യാഥാർത്ഥ്യത്തിന്റെ തിരസ്കരണവും വിശ്വാസത്തിനു ഒരു കടുത്ത വെല്ലുവിളിയുമാണ്. ഈ വശീകരണ വലയത്തിൽ പ്രവേശിച്ചാൽ തിരിച്ചിറങ്ങുക പ്രയാസമാണ്. അത്ഭുതങ്ങളുടെയും വിടുതലുകളുടെയും രോഗശാന്തിയുടെയും ഒക്കെ പേരിൽ സൃഷ്ടിക്കപ്പെടുന്ന ഈ കാന്തികവലയങ്ങൾ പാവങ്ങളായ ഒരുപാടാളുകളെ ഇവിടം കാംക്ഷിച്ചു ദൈവവചനത്തിന്റെ സത്യങ്ങളിൽ നിന്നും തെറ്റിച്ചുകളയുകയാണ്. ദൈവത്തിനും ദൈവസഭക്കും ഒരു നിർമ്മാണ ക്രമമുണ്ട്. ദൈവവചനത്തിന്റെ അടിസ്ഥാന ഉപദേശങ്ങളിൽ നിവരേ നിൽക്കുന്ന സുസ്ഥിരമായ ഒരു നിർമ്മാണം!!! പക്ഷെ ഇന്നത്തെ നൂതന ഉപദേശങ്ങളും പുത്തൻ ശുശ്രൂഷകളും ആത്മീക കുംഭകോണങ്ങളും ഒക്കെയായി ദൈവീക നിർമ്മാണത്തെ അഴിച്ചു കളയുന്ന നവയുഗ പെന്തക്കോസ്തു ഉപദേശങ്ങൾ വിചാരണക്ക് വിധേയമാക്കേണ്ടതുണ്ട്. ഉയർച്ചയുടെയും അനുഗ്രഹത്തിന്റെയും മുറിവാക്യങ്ങളെ തിരുവചനത്തിൽ നിന്നും എടുത്തുദ്ധരിച്ചുകൊണ്ട് കഷ്ടതയും രോഗവുമൊക്കെ ശാപത്തിന്റെ സൂചനകൾ ആണെന്നുള്ള വ്യാഖ്യാനങ്ങൾ നൽകി മെഗാ ക്രൂസേഡുകളിൽ ആളിനെ കൂട്ടാനുള്ള ഈ വശീകരണ സ്വഭാവം ചെകുത്താൻ ത്രികോണത്തിന്റെ നവയുഗ ഭാവമാണെന്നു അറിഞ്ഞാൽ നന്ന്. ആത്മ നാശം വരുത്തിക്കൊണ്ട് ആദായമുണ്ടാകാനുള്ള തന്ത്രങ്ങൾ. ഇത്തരക്കാരുടെ ചുവരെഴുത്തുകളെ വായിക്കണമെങ്കിൽ ദൈവവചനമെന്ന കണ്ണാടി കൂടിയേ തീരു. ഉപരിതല ഉപദേശങ്ങളിൽ പ്രകടമായ വ്യത്യാസം മനസിലാക്കുവാൻ കഴിയാതെ ഈ പുത്തൻ തട്ടിപ്പിന്റെ ഇരകൾ ആകുന്നവരുടെ എണ്ണം ദിനംപ്രതി വർദ്ധിക്കുന്നു. ഇവിടെയാണ് “നിങ്ങൾ ഭേദാഭേദങ്ങളെ വിവേചിപ്പാറാകേണം എന്നും ക്രിസ്തുവിന്റെ നാളിലേക്കു നിർമ്മലന്മാരും ഇടർച്ചയില്ലാത്തവരും ദൈവത്തിന്റെ മഹത്വത്തിനും പുകഴ്ചയ്ക്കുമായി യേശുക്രിസ്തുവിനാൽ നീതി ഫലം നിറഞ്ഞവരുമായി തീരേണം എന്നുള്ള പൗലോസിക പ്രാർത്ഥനയുടെ പ്രസക്തി. ഭക്തി മുഴുത്തു നിലം വിറ്റു കിട്ടിയ പണത്തിൽ നിന്നും കളവു നടത്തി കിട്ടിയതെല്ലാം അർപ്പിക്കുന്നു എന്ന് പറഞ്ഞു കപടനാടകം കളിച്ച അനന്യാസ് സഫീരമാരുടെ അനധികൃത ഇടപാടുകളെ തിരിച്ചറിയുവാൻ മർക്കോസിന്റെ മാളിക മുറിയിൽ ഇരുന്നു പരിശുദ്ധാത്മ ശക്തി പ്രാപിച്ചു ആത്മാവിനാൽ നടത്തപ്പെടുന്ന പത്രോസിനെ സാധിക്കുകയുള്ളൂ. ആന്തരിക തലത്തിലെ ഉപദേശ വൈരുദ്ധ്യങ്ങൾ തിരിച്ചറിയണമെങ്കിൽ ശരിയായ ദൈവവചന സത്യങ്ങളെ നാം മനസിലാക്കണം.

നവയുഗ ആത്മീയതയുടെ കാഴ്ചപ്പാടുകളും നിലപാടുകളും വസ്തുതകൾക്ക് നിരക്കാത്തതാണ്. പേരും പെരുമയും പണവും സമ്പാദിക്കുവാൻ വേണ്ടി ആധികാരികമായി പെന്തക്കോസ്തിന്റെ ഉപദേശങ്ങളെയും അതിന്റെ സമാനതകളില്ലാത്ത ആത്മീയ പൈതൃകവും സാംസ്കാരിക തനിമയേയും ഇക്ഴത്തികളയുവാനുള്ള തൽപ്പര കക്ഷികളുടെ കുത്സിത ശ്രമങ്ങൾക്ക് നേരെ കണ്ണടച്ചിരിക്കുന്ന മാർജാരശാത്ര സമീപനം ദൈവസഭകൾക്കു ഭൂഷണമല്ല. ദൈവസഭകൾ കുറുപ്പില്ലാകളരികൾ ആയി മാറരുത്. പെന്തക്കോസ്തിന്റെ ആരംഭകാലത്തിൽ പിതാക്കന്മാർ വിലകൊടുത്തു സംരക്ഷിച്ചിരുന്ന ആത്മീയ മൂല്യങ്ങളെ കീഴ്മേൽ മറിച്ച് ദൈവസഭകൾക്കുള്ളിൽ ആശയകുഴപ്പങ്ങൾ സൃഷ്ടിച്ചു തെറ്റും ശരിയും തിരിച്ചറിയുവാൻ കഴിയാതെ ദൈവമക്കളെ ആശങ്കയിലാക്കുന്ന പുത്തൻ ഉപദേശത്തിന്റെ പ്രവണതകളെ മുളയിലെ നുള്ളിക്കളയേണ്ടത് അനിവാര്യമാണ്. വിദേശ രാജ്യങ്ങളിലും മറ്റും ഉപജീവനാർത്ഥം കുടിയേറിയിട്ടുള്ള “ന്യൂ ജനറേഷൻ” പതിപ്പുകൾ ഈ ചെകുത്താൻ ത്രികോണത്തിന്റെ വശീകരണ വൃത്തത്തിൽ അകപ്പെട്ടിരിക്കുകയാണ്. എന്താണ് ശരിയായ ആരാധന എന്നത് പോലും തിരിച്ചറിയുവാൻ കഴിയാത്ത നിലകളിൽ ഏതോ ഒരു അദൃശ്യ ശക്തിയുടെ പിടിയിൽ അമർന്നിരിക്കുന്നതുപോലെ വലഞ്ഞലയുകയാണ് ഈ നവയുഗ ആത്മാക്കൾ. അതിനൂതനത്വത്തിന്റെയും പുത്തൻ സാങ്കേതികതയുടെയും ഒക്കെ അകമ്പടിയോടെ തോന്നുന്ന പോലെ ദൈവവചനത്തെ വ്യാഖ്യാനിച്ചും അന്തമില്ലാത്ത വംശാവലികളും നിർമ്മിത കഥകളും തരംതാണ ഫലിതങ്ങളും നിലവാരമില്ലാത്ത ശാരീരിക ചേഷ്ടകളും ഒക്കെയായി അക്ഷാഗ്രകീലം നഷ്ടപ്പെട്ട വണ്ടിചക്രം പോലെ - ഇവർ നിങ്ങളുടെ സ്നേഹസദ്യകളിൽ മറഞ്ഞുകിടക്കുന്ന പാറകൾ; നിങ്ങളോടുകൂടെ വിരുന്നു കഴിഞ്ഞു ഭയംകൂടാതെ തങ്ങളെത്തന്നേ തീറ്റുന്നവർ. കാറ്റുകൊണ്ടു ഓടുന്ന വെള്ളമില്ലാത്ത മേഘങ്ങൾ; ഇലകൊഴിഞ്ഞും ഫലമില്ലാതെയും രണ്ടുരു ചത്തും വേരറ്റും പോയ വൃക്ഷങ്ങൾ; ഇത്യാദി വിശേഷണങ്ങൾക്ക് തീർത്തും യോജിക്കത്തക്ക നിലകളിൽ ലക്ഷ്യമില്ലാതെ അലയുകയാണ്. ആരാധന എന്നത് ഈ കാലഘട്ടങ്ങളിൽ ഏറെ ദുർവ്യാഖ്യാനം ചെയ്യപ്പെട്ടുകൊണ്ടിരിക്കുകയാണ്. സംഗീത ഉപകരണങ്ങളുടെ കനത്ത ശബ്ദത്തിൽ സിരകളിലൂടെ തള്ളിവിടുന്ന താളമേളങ്ങളുടെ മാസ്മരികമായ അനുഭൂതിയിൽ അമ്പലത്തറയിലെ ഭജനകാരനെ പോലെ സാവധാനം തുടങ്ങി ഒടുവിൽ വേഗത കൂട്ടി താളമേളങ്ങൾ സമനയിപ്പിച്ചുകൊണ്ട് ആടിയും പാടിയും തിമിർക്കുന്നതാണ് ആരാധന എന്ന വികല സങ്കല്പം നവയുഗ ആത്മീയരിൽ കടന്നുകൂടിയിട്ടുണ്ട്. ആരാധനയെ കുറിച്ചുള്ള തെറ്റായ ചിന്ത നൽകി ഒരു വലിയ അപകടത്തിലേക്ക് തള്ളിവിടുകയാണ് പിശാച്. അത് ഇന്നും നിർബാധം തുടരുന്നു. മുട്ടിന്മേൽ ഇരുന്നു കൊട്ടിപാടി ആത്മാവിൽ ആരാധിച്ചപ്പോൾ പരിശുദ്ധാത്മാവിന്റെ തീ ആദ്യനാളുകളിൽ ഇറങ്ങി എങ്കിൽ വേദിയിലാകെ പുകമറ സൃഷ്ടിച്ചുകൊണ്ട് മറ്റൊരഗ്നി കത്തിക്കുകയാണ് ഈ നവാഗതർ. ഇന്നത്തെ ഈ അപജയങ്ങൾക്ക് പിന്നിൽ കണ്ടെത്തിയ സുവിശേഷത്തെ കുറിച്ചും അറിഞ്ഞ ക്രിസ്തുവിനെ കുറിച്ചുമുള്ള സംശയമാണ്.

ആരംഭ കാലഘട്ടങ്ങളിൽ ഉണ്ടായ പെന്തക്കോസ്തിന്റെ ദ്രുതഗതിയിലുള്ള മുന്നേറ്റത്തിനു കാരണം നമ്മുടെ പിതാക്കന്മാർ കണ്ടെത്തിയ ക്രിസ്തുമാർഗത്തെ കുറിച്ചുള്ള അവരുടെ ഉറപ്പായിരുന്നു എങ്കിൽ ഇന്നത്തെ തകർച്ചയ്ക്ക് കാരണം പിന്നീട് ഉണ്ടായി വന്ന സമൃദ്ധി ദൈവശാസ്ത്രത്തിന്റെയും മറ്റുംമുള്ള പ്രചാരണങ്ങളാൽ ഉരുവായി വന്ന നിസ്സംഗതയാണ് എന്നതിൽ രണ്ടു പക്ഷമില്ല. തന്നിൽ വിശ്വസിച്ച യഹൂദന്മാരോട് യേശു: “എന്റെ വചനത്തിൽ നിലനിൽക്കുന്നു എങ്കിൽ നിങ്ങൾ വാസ്തവമായി എന്റെ ശിഷ്യന്മാരായി (യോഹ. 8:31). ആത്മീകതയെയും ദൈവീകതയെയും വ്യക്തിതാൽപര്യങ്ങൾക്കനുസരിച്ചു യുക്തിപരമല്ലാത്ത വ്യാഖ്യാനങ്ങൾ നൽകുന്ന അപകടകരമായ ഒരു കാലഘട്ടത്തിന്റെ ദൃക്സാക്ഷികൾ ആണ് നാം. കാണുന്നതെല്ലാം ദൈവവചനത്തിന്റെ അനുബന്ധങ്ങൾ ആണെന്ന് തെറ്റിദ്ധരിച്ചു ആത്മീക ലോകത്തിലെ മുടിചൂടാമന്നന്മാരായി വിരാചിക്കുകയാണീ കൂട്ടർ. “യേശുക്രിസ്തു ആവശ്യപെടുന്നു -വചനത്തിൽ നിലനിൽക്കുക, ശിഷ്യന്മാരാകുക”. വചനത്തിന്റെ നിലനിൽക്കുക എന്ന സാഹചര്യങ്ങളുടെ മാറ്റങ്ങൾക്കനുസരിച്ച് നിലനിൽപ്പിനുവേണ്ടി ഉപദേശത്തിൽ അയവ് വരുത്താതെ, ചവിട്ടി നിൽക്കാൻ ഇടം ഇല്ലെങ്കിലും കണ്ടെത്തിയ സത്യത്തിനു വേണ്ടി നിലനിൽക്കുക. ശിഷ്യത്വത്തിന്റെ പ്രഥമ ലക്ഷണം അവൻ വചനത്തിൽ നിലനിൽക്കുന്നു എന്നുള്ളതാണ്. എന്റെ വചനത്തിൽ നിലനിൽക്കാത്തവൻ എല്ലാം കള്ളൻ ആകുന്നു എന്നത് അവിടുന്ന് പറയുമ്പോൾ ശിഷ്യനിൽ നിന്നും കള്ളനിലേക്കുള്ള മാറ്റം ഭയാനകമാണ്. ശിഷ്യവൃത്തിയും തസ്ക്കരവൃത്തിയും ഉപരിതലത്തിലും ആന്തരികതലത്തിലും വലിയ വൈരുദ്ധ്യങ്ങൾ ഉണ്ട്. ഇവ തിരിച്ചറിയാതെ കാണുന്നതെല്ലാം ആത്മീയതയുടെ പിന്തുടർച്ച അല്ലെന്നു മനസിലാക്കണമെങ്കിൽ അവിടുത്തെ വചനം ശരിയായി അറിയണം. യേശുക്രിസ്തുവിലൂടെ ലഭ്യമാകുന്ന നിത്യതയോളം നമ്മെ സ്വാധീനിക്കുന്ന മറ്റൊന്നും നമ്മിൽ ഉണ്ടാകരുത്. നിത്യതയെ കുറിച്ചുള്ള ദർശനം നൽകാതെ ദൈവജനത്തെ ഈ ഭൂമിയിലെ നന്മകളിൽ തളച്ചിടുന്ന നവയുഗ പ്രവചനങ്ങളും ചിന്തിക്കേണ്ടവയാണ്. ഉയരത്തിലുള്ളത് ചിന്തിപ്പീൻ എന്ന് ദൈവവചനം പറയുമ്പോൾ മഞ്ഞുപെയ്യുന്ന നാടിനെക്കുറിച്ചും കയറിയിട്ടില്ലാത്ത വാഹനത്തെക്കുറിച്ചും ഉള്ള ആശ നൽകി ഭൂമിയെ കൈവശമാക്കാനുള്ള ആഹ്വാനം നല്കുന്ന പുത്തൻ സന്ദേശങ്ങൾ വിചിന്തന വിധേയമാകേണ്ടതാണ്. ഉപയാത്താൽ ചതിക്കപ്പെട്ട ഹൗവ്വ നമുക്കൊരു മുന്നറിയിപ്പാണ്. ഉപ്പുതൂണായി നിൽക്കുന്ന ലോത്തിന്റെ ഭാര്യയും നമ്മോടു സംവാദിക്കുകയാണ്. ഉപയാത്തിന്റെയും ചതിയുടെയും ചക്കരവാക്കും മുഖസ്തുതിയും പറഞ്ഞു സാധുക്കളുടെ ഹൃദയങ്ങ ളെ വഞ്ചിക്കുന്ന സാത്താന്യ തന്ത്രങ്ങളിൽ കുടുങ്ങാതെ ദുരുപദേശത്തിന്റെ കാറ്റുകളിൽ ആടിയുലഞ്ഞു നാമാവശേഷമാകാതെ സ്ഥായിയായ ഒരു ആത്മീയ ജീവിതം കാത്തു സൂക്ഷിക്കേണ്ടത് ഇന്നിന്റെ ആവശ്യമാണ്. “ചെകുത്താൻ ത്രികോണത്തിന്റെ വശീകരണ ശക്തികളിൽ നിന്നും നമുക്ക് മനപൂർവ്വമായി അകന്നു മാറാം. ഒടുവിൽ സഹോദരന്മാരേ, സത്യമായതു ഒക്കെയും ഘനമായതു ഒക്കെയും നീതിയായതു ഒക്കെയും നിർമ്മലമായതു ഒക്കെയും രമ്യമായതു ഒക്കെയും സൽകീർത്തിയായതു ഒക്കെയും സദ്ഗുണമോ പുകഴ്ചയോ അതു ഒക്കെയും ചിന്തിച്ചുകൊൾവീൻ”.

## ഐ. പി. സി. സണ്ടേസ്കൂൾ സോണൽ ക്യാമ്പ്

**കണ്ണൂർ:** ഐ. പി. സി. സണ്ടേസ്കൂൾ കണ്ണൂർ സോണലിന്റെ നേതൃത്വത്തിൽ സെപ്റ്റംബർ 16,17 തീയതികളിൽ ചെർക്കള ഐ. പി. സി. കർമ്മേൽ സഭയിൽ ക്യാമ്പ് നടക്കും. ഇരിട്ടി, കണ്ണൂർ നോർത്ത്, കണ്ണൂർ സൗത്ത്, കാസർഗോഡ്, ഹോസ്ദുർഗ് എന്നീ സെന്ററുകളിലെ സണ്ടേസ്കൂൾ അധ്യാപകരും വിദ്യാർത്ഥികളും പങ്കെടുക്കുന്ന ക്യാമ്പിൽ സജി മത്തായി കാതേട്ട്, ജോസ് ജോൺ കായംകും, ലിഷ ടീച്ചർ മലപ്പുറം എന്നിവർ ക്ലാസ്സെടുക്കും. പാസ്റ്റർ മോൻസി ടി. ജെ. അധ്യക്ഷത വഹിക്കുന്ന ക്യാമ്പ് പാസ്റ്റർ സന്തോഷ് മാത്യു ഉദ്ഘാടനം ചെയ്യും.

## മാസയോഗം

ഐ. പി. സി. വൈക്കം സെന്ററിന്റെ മാസയോഗം സെപ്റ്റംബർ 14ന് തലയാഴം സഭയിൽ വച്ച് നടക്കും. പാസ്റ്റർ എം. പി. ജെയിംസ് ഇവിടെ ശുശ്രൂഷിക്കുന്നു.

2013
SEPTEMBER 10
VOL 06, ISSUE 17

BELIEVERS JOURNAL

BELIEVERS JOURNAL
P. O. BOX NO. 31, MANJADI P.O
THIRUVALLA, KERALA - 689 105
MOB: 9447368795
beljourn@gmail.Com
www.bjournal.org/beljourn.in

RNI. NO. KERMAL/2008/26530 | POSTAL REG. NO. KL/7LA/225/2012-14

നമുക്കു ചുറ്റും

# പതിമൂന്ന് വയസുകാരിയെ വിൽക്കാൻ ശ്രമിച്ച അമ്മ അറസ്റ്റിൽ

പ്രകാശ് പി. കോശി

**മുംബൈ:** മുംബൈ ശക്തിമിൽ കോമ്പൗണ്ടിൽ ഒരു ഫോട്ടോ ജേർണലിസ്റ്റ് കൂട്ടമാനഭംഗത്തിനിരയായ വാർത്ത മാധ്യമങ്ങളിൽ സ്ഥാനം പിടിച്ച ദിവസങ്ങളിൽ മറ്റൊരു വാർത്ത ഒരു പ്രമുഖ പത്രത്തിന്റെ ആദ്യ പേജിൽ വന്നു. ശക്തിമിൽ സംഭവം മാതിരി ആയി തീരാമായിരുന്ന ആ കേസ് ചില വിശ്വാസികളുടെ ഇടപെടൽ മൂലം ശുഭപര്യവസായി ആയി മാറി. സംഭവം ഇങ്ങനെ: ഒരു സാമൂഹ്യപ്രവർത്തകൻ ഓട്ടോയിൽ സഞ്ചരിക്കുമ്പോൾ, ഓട്ടോ ഡ്രൈവർ പതിമൂന്ന് വയസുള്ള ഒരു പെൺകുട്ടിയെ വേശ്യാവൃത്തിക്കായി നൽകാമെന്നും ആവശ്യക്കാരുണ്ടെങ്കിൽ അറിയിക്കണം എന്നു പറഞ്ഞു. ഞെട്ടിപ്പോയ സാമൂഹ്യപ്രവർത്തകൻ ഈ മനുഷ്യക്കടത്ത് റാക്കറ്റിനെ വലയിൽപ്പെടുത്താൻ തീരുമാനിച്ചു. അതനുസരിച്ച് മഹാരാഷ്ട്ര സർക്കാർ ന്യൂനപക്ഷ കമ്മീഷൻ മുൻ വൈസ് ചെയർമാൻ ഡോ. ഏബ്രഹാം മത്തായി നേതൃത്വം നൽകുന്ന ഹാർമണി ഫൗണ്ടേഷനുമായി ബന്ധപ്പെട്ടു. പെൺകുട്ടി മറ്റ് സാമൂഹ്യ വിരുദ്ധരുടെ കൈയിൽ അകപ്പെട്ടു പോകാതിരിക്കാൻ സാമൂഹ്യപ്രവർത്തകൻ ഓട്ടോ ഡ്രൈവറുമായി സംഭാഷണത്തിൽ ഏർപ്പെട്ടുകൊണ്ടിരുന്നു. സ്വന്തം അമ്മയാണ് തന്റെ പതിമൂന്ന് വയസുള്ള മകളുടെ കന്യാകത്വം വിൽക്കാൻ ഇറങ്ങിതിരിച്ചത്. ഒരു രാത്രിക്ക് മൂന്ന് ലക്ഷം രൂപയാണ് ആ അമ്മ തന്റെ മകളുടെ നിഷ്കളങ്കതയ്ക്ക് വിലയിട്ടത്. താനെ ജില്ലയിലെ മുംബ്രയിലാണ് ഈ കുടുംബം താമസിച്ചിരുന്നത്. ഓട്ടോ ഡ്രൈവർ പിന്നെ റേറ്റ് മൂന്ന് ലക്ഷത്തിൽ നിന്ന് ഒരു ലക്ഷമാക്കി കുറച്ചു. ഡോ. ഏബ്രഹാം മത്തായി മുതിർന്ന പോലീസ് ഓഫീസർ ദേവൻ ഭാരതിയെ (ഇൻസ്പെക്ടർ ജനറൽ ഓഫ് പോലീസ്, മഹാരാഷ്ട്ര) സംഭവം അറിയിച്ചു. അതനുസരിച്ച് താനെ ക്രൈംബ്രാഞ്ച് ഈ കേസ് അന്വേഷിക്കാൻ തുടങ്ങി. പോലീസിന്റെ നിർദ്ദേശപ്രകാരം സാമൂഹ്യപ്രവർത്തകൻ ഏജന്റായ ഓട്ടോ ഡ്രൈവർക്ക് 10,000 രൂപ അഡ്വാൻസ് കൈമാറി. അതിനുശേഷം ഏജന്റ് ഇദ്ദേഹത്തെ ഫാത്തിമ പാലസ് എന്ന കെട്ടിടത്തിൽ താമസിക്കുന്ന പെൺകുട്ടിയുടെ അമ്മയായ ഫരിദാ ഷെയ്ക്കിനെ പരിചയപ്പെടുത്തി. ബാക്കി 90,000 രൂപ തന്നിട്ട് മകളെ കൊണ്ടുപോകുവാൻ ഫരിദാ അവരോടു പറഞ്ഞു. അപ്പോഴേക്കും, പോലീസ് കെട്ടിടം വളയുകയും അമ്മയേയും ഓട്ടോ ഡ്രൈവറായ ഏജന്റിനെയും അറസ്റ്റ് ചെയ്യുകയും ചെയ്തു. പോലീസുകാർ പെൺകുട്ടിയെ കൗൺസിലിംഗിനായി പ്രത്യേക സങ്കേതത്തിലേക്ക് മാറ്റി. ഹാർമണി ഫൗണ്ടേഷന്റെ സമയോചിതമായ ഇടപെടൽ മൂലം ആണ് ഒരു കൊച്ചു പെൺകുട്ടിയുടെ ജീവിതം രക്ഷപ്പെട്ടത്. നരാധന്മാരിൽ നിന്ന് സമൂഹത്തിൽ സമാധാനവും ശാന്തിയും വളർത്താൻ ഉദ്ദേശിച്ചുകൊണ്ട് ഡോ. ഏബ്രഹാം മത്തായി 2005–ൽ ആണ് ഹാർമണി ഫൗണ്ടേഷന് രൂപം നൽകിയത്. 2000 നവംബർ മുതൽ 2011 ഓഗസ്റ്റ് മാസം വരെ മഹാരാഷ്ട്ര സർക്കാർ ന്യൂനപക്ഷ കമ്മീഷൻ അംഗമായും വൈസ്

04

## ആർ. എഫ്. കുക്ക് സെമിനാർ



**തിരുവല്ല:** ചർച്ച് ഓഫ് ഗോഡ് റൈറ്റേഴ്സ് ഫെലോഷിപ്പ് ഇൻഡ്യയുടെ ആഭിമുഖ്യത്തിൽ ഓഗസ്റ്റ് 31 ശനിയാഴ്ച തിരുവല്ല, മെഡിക്കൽ മിഷൻ ആശുപത്രിക്ക് സമീപമുള്ള ഗോസ്പൽ സെന്ററിൽ വെച്ച് ആർ. എഫ്. കുക്ക് സെമിനാർ നടന്നു. പാസ്റ്റർ സണ്ണി വർക്കിയുടെ അദ്ധ്യക്ഷതയിൽ ചർച്ച് ഓഫ് ഗോഡ് കേരള സ്റ്റേറ്റ് അസിസ്റ്റന്റ് ഓവർസിയർ പാസ്റ്റർ പി. ജി. മാത്യൂസ് സെമിനാർ ഉദ്ഘാടനം ചെയ്തു. " ആർ. എഫ്. കുക്ക് ജീവിതവും ശുശ്രൂഷയും" എന്ന വിഷയത്തെക്കുറിച്ച് സുവിശേഷകൻ ജെ. സി. ദേവ് പ്രബന്ധം അവതരിപ്പിച്ചു. പാസ്റ്റർ ഷിബു കെ. മാത്യു മോഡറേറ്ററായിരുന്നു. ജെയ്സ് പാണ്ടനാട് ചർച്ചകൾ നയിച്ചു. പാസ്റ്റർമാരായ കെ. സി. സണ്ണിക്കുട്ടി, ഇ. ജോൺ കച്ച്, പി. കെ. ജോസ്, സിസ്റ്റേഴ്സ് ലിസ്സിയാമ്മ മാത്യൂസ്, റെജീനാ ഫിലിപ്പ് തുടങ്ങിയവർ ചർച്ചയിൽ പങ്കെടുത്തു. പാസ്റ്റർ തോമസ് ഫിലിപ്പ് ആശംസകൾ അറിയിച്ചു. സഭാ നേതാക്കന്മാർ, മാദ്ധ്യമ പ്രവർത്തകർ, ശുശ്രുഷകന്മാർ, റൈറ്റേഴ്സ് ഫെലോഷിപ്പ് അംഗങ്ങൾ മുതലായവർ സംബന്ധിച്ചു. പാസ്റ്റർ ജെ. ജോസഫ് (ജനറൽ സെക്രട്ടറി), പാസ്റ്റർ ഷൈജു തോമസ് , റെണാൾഡ് കെ. സണ്ണി തുടങ്ങിയവർ നേതൃത്വം  നൽകി.

## 01 സൗത്തിന്ത്യാ അസംബ്ലീസ് ഓഫ് ഗോഡ്....

ൽ രജിസ്റ്റർ ചെയ്ത സഭയുടെ രജിസ്ട്രേഷൻ രണ്ട്പതിറ്റാണ്ടായി പുതുക്കിയിട്ടില്ലായിരുന്നു. ഈരണ്ട് വർഷം കൂടുമ്പോൾ നടക്കുന്ന കോൺഫ്രൻസിൽ അതരിപ്പിക്കുന്ന കണക്കുകളും തെരഞ്ഞെടുപ്പ് വിവരങ്ങളും മിനിറ്റ്സും മുംബൈ ചാരിറ്റി ഓഫീസിൽ കൃത്യമായി നൽകുന്നതിൽ വരുത്തിയ വീഴ്ചയാണ് രജിസ്ട്രേഷൻ പുതുക്കി ലഭിക്കാതിരുന്നതിന് കാരണമായത്.

സഭയുടെ നിലനിൽപ് തന്നെ നിയമക്കുരുക്കിൽ അകപ്പെട്ടെന്ന് ബോധ്യമായ സൂപ്രണ്ട് വി.റ്റി.ഏബ്രഹാം രജിസ്ട്രേഷൻ പുന:സ്ഥാപിച്ച് കിട്ടാനുള്ള തീവ്രശ്രമമാണ് നടത്തിയത്. മുംബൈ ചാരിറ്റി ഓഫീസിൽ നേരിട്ടെത്തി ഫയലുകൾ പരിശോധിച്ചപ്പോൾ എസ്.ഐ.ഏ.ജിയുടെ ഫയലുകൾ അപ്രത്യക്ഷമായതായി ബോധ്യപ്പെട്ടു. തന്മൂലം ചാരിറ്റി ഓഫീസർക്കു രജിസ്ട്രേഷൻ പുന:സ്ഥാപിക്കാൻ നിയമതടസ്സം നേരിട്ടു. എന്നാൽ എല്ലാവർഷവും കേന്ദ്രസർക്കാരിൽ കണക്കുകൾ കൃത്യമായി നൽകിക്കൊണ്ടിരുന്നതുകൊണ്ട് സഭയുടെ പ്രവർത്തനങ്ങൾ മുടക്കം കൂടാതെ നടന്നു പോന്നു.

നിയമജ്ഞരുടെ നിർദ്ദേശത്തെ തുടർന്ന് രജിസ്ട്രേഷൻ പുന:സ്ഥാപിച്ചു നൽകാൻ ചാരിറ്റി ഓഫീസിന് നിർദ്ദേശം നൽകണമെന്നാവശ്യപ്പെട്ടുകൊണ്ട് മുംബൈ ഹൈക്കോടതിയിൽ വി.റ്റി.ഏബ്രഹാം റിട്ട് ഫയൽ ചെയ്യുകയായിരുന്നു.

സഭയുടെ ചരിത്രവും 1951–ലെ രജിസ്ട്രേഷൻ സംബന്ധമായ കാര്യങ്ങളും വർഷാവർഷം സർക്കാരിൽ കൃത്യമായി കണക്കുകൾ സമർപ്പിക്കുന്നതും ബോധ്യപ്പെട്ട ഹൈക്കോടതി രജിസ്ട്രേഷൻ പുതുക്കിനൽകാൻ വേണ്ട നടപടികൾ സ്വീകരിക്കാൻ മുംബൈ ചാരിറ്റി കമ്മീഷന് നിർദ്ദേശം നൽകി. സുപ്രധാനമായ ഈ വിധിയിലൂടെയാണ് 1951–ലെ തന്നെ 2701/1951 എന്ന നമ്പരിലുള്ള എസ്.ഐ.എ.ജി യുടെ രജിസ്ട്രേഷൻ പുനസ്ഥാപിച്ചു കിട്ടിയത്. ഗസറ്റ് നോട്ടിഫിക്കേഷനും പൂർത്തിയായി കഴിഞ്ഞു. ഒന്നരവർഷത്തെ നിയമയുദ്ധത്തിനുശേഷമാണ് എസ്.ഐ.എ.ജി രജിസ്ട്രേഷൻ പുന:സ്ഥാപിച്ചുകൊണ്ടുള്ള സഭയുടെ നിയമസാധുത പൂർത്തീകരിക്കപ്പെട്ടത്.

8 ഡിസ്ട്രിക്ടുകളിലുള്ളവർ മാറിമാറി സ്ഥാനങ്ങൾ വഹിച്ചപ്പോൾ ഫയലുകളും അവരവരുടെ വീടുകളിലാണ് സൂക്ഷിച്ചിരുന്നത്. ഇതൊക്കെ എസ്.ഐ.എ.ജിയുടെ ഭരണസംവിധാനങ്ങളെ ബാധിച്ചിരുന്നു.

ഇനി അങ്ങനെ സംഭവിക്കാതിരിക്കാൻ ബാംഗ്ലൂരിൽ സെന്റ് തോമസ് ടൗണിൽ സ്ഥിരം ഓഫീസ് തുറന്ന് പ്രവർത്തനമാരംഭിച്ച് കഴിഞ്ഞു. അധികാരികൾ മാറിയാലും ഫയലുകൾ ഭദ്രമായിരിക്കും.

30 വർഷത്തെ ഇടവേളയ്ക്ക് ശേഷമാണ് കേരളം എസ്.ഐ.എ.ജി കോൺഫ്രൻസിന് വേദിയാവുന്നത്.

## ഡബ്ല്യു. എം. ഇ. സംസ്ഥാന യുവജന ക്യാമ്പ് – 2013

**കരിയംപ്ലാവ്:** വേൾഡ് മിഷ്യൻ ഇവാൻജലിസം ദൈവസഭകളുടെ ഈ വർഷത്തെ സംസ്ഥാന യുവജനക്യാമ്പ് സെപ്റ്റംബർ 17 മുതൽ 19 വരെ തീയതികളിൽ എരുമേലിക്കടുത്ത് കൊരട്ടിയിലുള്ള ഗവണ്മെന്റ് ട്യൂറിസം തീർത്ഥാടന കേന്ദ്രത്തിൽ വെച്ചു (ഡി. റ്റി. പി. സി) നടക്കും. **ആരും നിങ്ങളെ വിരുതു തെറ്റിക്കരുത്** എന്നതാണ് ചിന്താവിഷയം. യൂത്ത് ഡയറക്ടർ റെജി വർഗീസ് നസ്രേത്തിന്റെ അദ്ധ്യക്ഷതയിൽ ഡബ്ല്യു. എം. ഇ. സഭകളുടെ സംസ്ഥാന ജനറൽ സെക്രട്ടറി പാസ്റ്റർ കെ. എം. പൗലോസ് ഉത്ഘാടനം ചെയ്യും. സൂസൻ രാജുക്കുട്ടി മുഖ്യ സന്ദേശം നൽകും. ചിന്താവിഷയത്തെ ആസ്പദമാക്കി ഡബ്ല്യു. എം. ഇ. സണ്ടേസ്കൂൾ ഡയറക്ടർ ഡോ. എം. കെ. സുരേഷ്, പാസ്റ്റർമാരായ ഇ. എം. തോമസ്, സജി ഫിലിപ്പ്, രാജേഷ് ഏലപ്പാറ, ഡോ. ജെസ്സി ജെയ്സൺ എന്നിവർ ക്ലാസ്സുകൾ നയിക്കും. അമേസിംഗ് ഗ്രേസ് വോയിസ് ഫോർ നേഷൻസ് സംഗീതശുശ്രൂഷകൾക്കു നേതൃത്വം നൽകും.

പ്രീമാരിറ്റൽ കൗൺസലിംഗ്, കിഡ്സ് സെഷൻ, മിഷ്യൻ ചലഞ്ച്, ഗ്രൂപ്പ് ചർച്ചകൾ, സാഹിത്യ സമ്മേളനം, കുട്ടികൾക്കായുള്ള ബൈബിൾ പ്രദർശനം, സംഗീത മത്സരം, പ്രസംഗ മത്സരം, വാക്യമത്സരം, വിവിധ ബൈബിൾ കലാ മത്സരങ്ങൾ എന്നിവകൾ നടക്കും. സഭാ ഡിസ്ട്രിക്ട്തലങ്ങളിൽ മത്സരിച്ചു വിജയികളായവർ സംസ്ഥാനതല മത്സരങ്ങളിൽ പങ്കടുക്കും. റെജി വർഗീസ്, ജാൻസൻ ജോസഫ്, പാ: സി. പി. ഐസക് എന്നിവർ നേതൃത്വം നൽകും. കേരളത്തിന്റെ വിവിധ ജില്ലകളിൽ നിന്നും യുവജനങ്ങൾ റെജിസ്റ്റർ ചെയ്ത് ക്യാമ്പിൽ സംബന്ധിക്കും. പരിശുദ്ധാത്മ നിറവിനായുള്ള പ്രത്യേക ഫയർ കോൺഫറൻസും ക്യാമ്പിനോടൊപ്പം ക്രമീകരിച്ചിട്ടുണ്ട്. പ്രശാന്ത സുന്ദരമാമായ കിഴക്കൻ മലയോരപ്രദേശത്തെ ക്യാമ്പ് സെന്ററിൽവെച്ചു നടത്തപ്പെടുന്ന സമ്മേളനം പ്രത്യേക ആത്മീക അനുഭവമായിരിക്കുമെന്ന് ഡയറക്ടർ പാസ്റ്റർ റെജി വർഗീസ് നസ്രേത്ത് അറിയിച്ചു.

## ഐ. പി. സി. സ്റ്റേറ്റ് കൺവൻഷൻ: ഗായകസംഘത്തെ തെരഞ്ഞെടുക്കുന്നു

**നിലമ്പൂർ:** ഡിസംബർ 4 മുതൽ 8 വരെ നിലമ്പൂരിൽ നടക്കുന്ന ഐ. പി. സി. സ്റ്റേറ്റ് കൺവൻഷൻ പാടുന്നതിനായി ഗായകസംഘത്തെ തെരഞ്ഞെടുക്കുന്നു. കോഴിക്കോട്, പാലക്കാട്, മലപ്പുറം ജില്ലകളിലെ താൽപര്യമുള്ള ഐ. പി. സി. സഭാംഗങ്ങൾ സ്റ്റേറ്റ് കൺവൻഷൻ മ്യൂസിക് കൺവീനേഴ്സ്മാരായ സജി മത്തായി കാതേട്ട് (9447372726), പാസ്റ്റർ ബാബു ജോസഫ് (9495675504) എന്നിവരെ ബന്ധപ്പെടേണ്ടതാണ്.

## ഭാരവാഹികൾ

**മാവേലിക്കര:** ഐ. പി. സി. ഈസ്റ്റ് സെന്റർ ഭാരവാഹികൾ പാസ്റ്റേഴ്സ് തോമസ് ഫിലിപ്പ് വെൺമണി (പ്രസിഡന്റ്), തോമസ് ഏബ്രഹാം (വൈ. പ്രസിഡന്റ്), എം. കെ. സ്കറിയ (സെക്രട്ടറി), ബ്രദർ പി. യേശുദാസൻ (ജോ. സെക്രട്ടറി), സാം ജോൺ (ട്രഷറർ), പാ. ബിജു മാത്യു (പബ്ലിസിറ്റി).

Printed & Published by Peter Mathew Owned By  M.V. Philip Mekkattu House, Payippad P.O, Alappuzha- 690 556, Samkutty Mathew Koipurath House, Makkapuzha.P.O., Ranni,PTA - 689 676,  Peter Mathew, Valliyathu House, Kallumkal P.O., Thiruvalla, PTA- 689 111. Published  From P.B. No. 8, R.S.P.O.Thiruvalla, Pin: 689 111 Pathanamthitta (Dist) & Printed at Cochin Printech Pvt Ltd., Udyogamandal P.O., Ernakulam Dist. Kerala, Editor  - Samkutty Mathew.